കേരള സർക്കാർ

മേയ് 2024

# ജീവജാലകം

കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് പ്രസിദ്ധീകരണം





കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ
സെന്റർ ഓഫ് എക്സലൻസ് കെട്ടിട ഉദ്ഘാടനം




മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം

മെയ് 2024

# ജീവജാലകം

കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് പ്രസിദ്ധീകരണം

*ചീഫ് എഡിറ്റർ*
**ഡോ. എ. കൗശിഗൻ ഐ എ എസ്**
ഡയറക്ടർ ഓഫ് അനിമൽ ഹസ്ബൻഡറി

*അസ്സോസിയേറ്റ് ചീഫ് എഡിറ്റർ*
**ഡോ. വിനുജി ഡി. കെ.**
അഡീഷണൽ ഡയറക്ടർ (പ്ലാനിങ്)

*എഡിറ്റർ*
**ഡോ. റെനി ജോസഫ്**
പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫിസർ
എൽ എം ടി സി

*അസ്സോസിയേറ്റ് എഡിറ്റർ*
**ഡോ. അരുണോദയ പി. വി.**
ഡെപ്യൂട്ടി ഡയറക്ടർ, എൽ എം റ്റി സി

*സബ് എഡിറ്റർ*
**ഡോ. ആശ റ്റി. റ്റി.**
അസിസ്റ്റന്റ് ഡയറക്ടർ, എൽ എം റ്റി സി

*അംഗങ്ങൾ*
**ഡോ. സരിത വിജയൻ**
ഡെപ്യൂട്ടി ഡയറക്ടർ (എക്സ്റ്റൻഷൻ)

**ഡോ. ഷജിൽ എ. എച്ച്.**
ഡെപ്യൂട്ടി ഡയറക്ടർ (വെറ്ററിനറി)

**ഡോ. അജിത്ബാബു ബി.**
ജോയിന്റ് ഡയറക്ടർ (പൗൾട്രി )

**ഡോ. ശ്യാംലാൽ. എസ്. എസ്.**
അസിസ്റ്റന്റ് ഡയറക്ടർ
(ഫോഡർ ഡവലപ്മെന്റ്)

**ഡോ. അജിത് എം. ജി.**
അസിസ്റ്റന്റ് ഡയറക്ടർ
(ക്യാറ്റിൽ ഡവലപ്മെന്റ്)

**ഡോ. ഗിരിധർ. എസ്.**
അസിസ്റ്റന്റ് ഡയറക്ടർ (സി എസ് ഒ)

**ഡോ. ഗോപകുമാർ. റ്റി.**
വെറ്ററിനറി സർജൻ (പി ആർ ഒ)

**ഡോ. നായർ ശ്രീജ മുരളീധരൻ**
വെറ്ററിനറി സർജൻ (എൽ എം റ്റി സി)

*കവർ ചിത്രം*
**'ജിഞ്ചർ' ശ്രീമതി, സുജോ സാജൻ**
*ഡി.റ്റി.പി.*
**ശ്രീമതി സുനില, എസ്,**

*ഡിസൈൻ & ലേ ഔട്ട്*
**കമ്മ്യൂണിക്കേ,** തിരുവനന്തപുരം

*രചനകളുടെ ഉത്തരവാദിത്തം പൂർണ്ണമായും ലേഖകരുടേതുമാത്രമാണ്.*

**മൃഗങ്ങൾ മനുഷ്യരുടെ ഏറ്റവും നല്ല സുഹൃത്തുകളാകുന്നു. അവ നമ്മെ ചോദ്യം ചെയ്യാറില്ല, വിമർശിക്കാറില്ല, കുറ്റം കണ്ടെത്താറില്ല.**

**'ജോർജ് എലിയട്ട്'**

വീട്ടുകാവലിനും ഉപജീവനത്തിനുമപ്പുറം വിനോദത്തിനും ഉല്ലാസത്തിനുമായി വളർത്തുന്ന അരുമ മൃഗങ്ങളും ഓമന പക്ഷികളും വീട്ടുകാരുടെ, പ്രത്യേകിച്ച് കുട്ടികളുടെയും ഏകാന്തത അനുഭവിക്കുന്ന മുതിർന്നവരുടെയും സന്തത സഹചാരിയായി മാറുന്ന കാഴ്ച ലോകമെമ്പാടും നമുക്ക് കാണാം. വീട്ടിലൊരു അരുമ എത്തുമ്പോൾ വർഷങ്ങൾ നീളുന്ന സവിശേഷബന്ധത്തിനു തുടക്കം കുറിക്കപ്പെടുന്നു. ഓമനമൃഗങ്ങൾ പ്രകടിപ്പിക്കുന്ന അസാധാരണമായ കൂറ് അവയെ ഗാഢമായി സ്നേഹിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. വളർത്തുമൃഗങ്ങളുടെ സ്നേഹപ്രകടനങ്ങൾ പല മാനസികപ്രശ്നങ്ങളെയും അതിജീവിക്കാൻ സഹായിക്കുന്നുണ്ടെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

മൃഗസംരക്ഷണ മേഖലയിലെ ഗുണഭോക്താക്കൾക്ക് എക്കാലവും കാവലും കരുതലുമായി നിലകൊള്ളുന്ന മൃഗസംരക്ഷണ വകുപ്പിന്റെ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കാലത്തിനു മുമ്പേ കുതിക്കുന്ന പദ്ധതികളുമായി മുന്നേറുന്ന ക്രാന്തദർശിയായ ഒരു ഭരണാധികാരിയുടെ ദീർഘവീക്ഷണമുള്ള നയങ്ങൾ പ്രതിപാദിക്കുന്ന വകുപ്പ് മന്ത്രിയുമായുള്ള അഭിമുഖം ഈ ജീവജാലകത്തിനു മിഴിവേകുന്നു.

കർഷകരുടെ വീട്ടുപടിക്കൽ സേവനങ്ങൾ ലഭ്യമാക്കുന്ന സഹായിയായി കമ്മ്യൂണിറ്റി അധിഷ്ഠിത പ്രവർത്തകരായ 'എഹെൽപ്പ്' മാരെ സജ്ജമാക്കുന്ന നൂതന പദ്ധതിയെക്കുറിച്ചുള്ള ലേഖനം മേഖല നേരിടുന്ന വിവിധങ്ങളായ വെല്ലുവിളികളെക്കുറിച്ചും സ്ത്രീ മുന്നേറ്റത്തിലൂടെ സർക്കാർ വിഭാവനം ചെയ്യുന്ന കർഷക സൗഹാർദ സേവനങ്ങളെക്കുറിച്ചും വെളിച്ചം വീശുന്ന ഒന്നാണ്.

അരുമവളർത്തലിന്റെ ന്യൂജെൻകാഴ്ചകൾക്ക് പുറമെ നാടനും വിദേശിയുമായ വിവിധയിനം അരുമകളെക്കുറിച്ചുള്ള വിവരങ്ങൾ, വ്യായാമമടക്കം ഓമന മൃഗങ്ങൾക്കു വേണ്ട പരിചരണങ്ങൾ, അവയുടെ വേനൽക്കാല പരിചരണം, ബ്രീഡിങ്, വന്ധ്യതയും കാരണങ്ങളും, ഓമനകളുടെ മനഃശാസ്ത്രം, സ്വഭാവ വൈചിത്ര്യങ്ങൾ, പേവിഷബാധയടക്കമുള്ള രോഗങ്ങൾ, വാക്സിനേഷനുകളുടെ പ്രസക്തി, പെറ്റ്ഷോപ്പ് ഉടമകൾ അറിഞ്ഞിരിക്കേണ്ട വസ്തുതകൾ എന്നിവ കൂടാതെ വവ്വാലുകളും മനുഷ്യരുമായുള്ള ഇടപെടലുകളിൽ സ്വീകരിക്കാവുന്ന മുൻകരുതലുകൾ തുടങ്ങി അരുമകളെക്കുറിച്ചുള്ള കാലിക പ്രാധാന്യമുള്ള ലേഖനങ്ങൾ കോർത്തിണക്കിയതാണ് ഈ 'ജീവജാലകം'.

മലയാളിയുടെ മാറിക്കൊണ്ടിരിക്കുന്ന 'പെറ്റ്' സങ്കൽപ്പങ്ങളെക്കുറിച്ചും അവയുടെ പരിപാലന രീതികളെക്കുറിച്ചുമുള്ള ജീവജാലകത്തിന്റെ ഈ ലക്കം സ്നേഹപൂർവ്വം വായനക്കാർക്കായി സമർപ്പിക്കുന്നു.

എഡിറ്റർ

# ഉള്ളടക്കം


05 കാവലും കരുതലുമായി മൃഗസംരക്ഷണ രംഗം
ഡോ. ഡി. ഷൈൻകുമാർ

08 എ – ഹെൽപ്പ് മൃഗസംരക്ഷണ
മേഖലയ്ക്കൊരു സഹായി
ഡോ. റെനി ജോസഫ്

13 അരുമകളുടെ ലോകം കൗതുകത്തിന്റേയും
ഡോ. അജിത്ബാബു ബി

18 ഒരു മാട്ടൂൽ പ്രേമലു
ഡോ. ഡി. ഷൈൻകുമാർ

19 കർഷക ബാല്യങ്ങൾ
ശ്രീ. അരുൺ കുമാർ വി

22 എല്ലാ പനിയും പനിയല്ല
പന്നിപ്പനിയേ പനിയൊള്ളൂ
ഡോ. എൻ. അജയൻ കൂടൽ

26 നായകൾക്കും വേണം വ്യായാമം
ഡോ. എം. ഗംഗാധരൻ

31 വവ്വാലുകൾ നമ്മുടെ ശത്രുക്കളോ ?
ഡോ. കെ വിജയകുമാർ
ഡോ. കൃപ റോസ് ജോസ്

32 പെറ്റ് ഷോപ്പ് നടത്തുന്നവർ അറിയാൻ
ഡോ. മരിയ ലിസ മാത്യു

35 അരുമക്കിളികൾക്കും വേണം സമ്മർ കെയർ
ഡോ. എം മുഹമ്മദ് ആസിഫ്

38 കൂടെ കൂട്ടും കൂട്ടുകാരുടെ ക്ഷേമം
ഉടമയുടെ കടമ
ഡോ. ആശ റ്റി റ്റി

42 നായ്ക്കളിലെ മദിചക്രം
ഡോ. ദിവ്യ ആർ. നായർ

48 വളർത്തുനായ്ക്കളിലെ വന്ധ്യത
ഡോ. രാജേശ്വരി റ്റി

51 മൃഗങ്ങളുടെ ആരോഗ്യം; മനുഷ്യരുടെയും
ഡോ. ആനി നവോമി ഫിലിപ്പ്

53 കനൈൻ ഡിസ്റ്റംബർ, പാർവോ
വൈറസ് രോഗബാധ, നായ്ക്കളിൽ –
അറിയേണ്ടതെല്ലാം.
ഡോ. ബീന ഡി

57 ഓമനപക്ഷികളിലെ തൂവൽ സ്വയം നശീ
കരണ സ്വഭാവം
ഡോ. രാജ് ആർ

59 ഓമനകളുടെ മനശ്ശാസ്ത്ര മൂല്യം
ശ്രീ. ദീപാലയം ധനപാലൻ

61 കേരളത്തിന്റെ സ്വന്തം ലൂയി പാസ്ച്ചർ
ഡോ. റോയി മാത്യൂ

63 പക്ഷി മൃഗാദികളിലെ
വാക്സിനേഷനുകളുടെ കാലിക പ്രസക്തി
ശ്രീ. സജീവ് ദിവാകരൻ

67 വേനൽക്കാല പരിചരണം
ഡോ. ഗോപകുമാർ റ്റി

69 സുനന്ദിനി പശുക്കൾ ഉണ്ടായതെങ്ങനെ?
ഡോ. സി.കെ. ഷാജൂ



# കാവലും കരുതലുമായി മൃഗസംരക്ഷണ രംഗം

**ശ്രീമതി. ജെ. ചിഞ്ചുറാണി**
**ബഹു. മൃഗസംരക്ഷണ ക്ഷീരവികസന മൃഗശാല വകുപ്പ് മന്ത്രി**
**കേരള സർക്കാർ**

സ്റ്റേറ്റ് കാർ 14 കൊല്ലത്തിന്റെ പൊതുനിരത്തിലേക്ക് തലങ്ങും വിലങ്ങും ചീറിപ്പായുന്നുണ്ട്. പൊതുചടങ്ങുകൾ, ഉദ്ഘാടനങ്ങൾ, പ്രഭാഷണങ്ങൾ നഗരത്തിലെവിടെയും കൊല്ലത്തിന്റെ പ്രിയങ്കരിയായ മന്ത്രിയെക്കാത്ത് വിവിധ സംഘാടകർ കാത്തു നിൽപ്പുണ്ട്. കാറിലേക്ക് ഫോൺ വിളികളുടെ പ്രവാഹം. എല്ലാത്തിനും കൃത്യമായ ഉത്തരങ്ങൾ, നിർദ്ദേശങ്ങൾ, ഉപദേശങ്ങൾ. ഇടനേരത്ത് പത്രവായന. ഇതിനിടെ സ്വന്തം നിയമസഭാ മണ്ഡലമായ ചടയമംഗലത്തും എത്തണം.

> **പാവങ്ങളോടാണ് പ്രിയം**
> **കർഷകരോടാണ് കൂറ്**
> **അദ്ധ്വാനിക്കുന്നവരോടാണ്**
> **ആഭിമുഖ്യം**

ഗാന്ധിഫൗണ്ടേഷൻ ഫെഡറിലിസത്തെക്കുറിച്ച് സംഘടിപ്പിക്കുന്ന ഒരു ചർച്ച കൊല്ലം പോലീസ് ക്ലബ്ബിലുണ്ട്. മന്ത്രിയാണ് ഉദ്ഘാടക. നേരത്തെ ഫോണിൽ പറഞ്ഞതനുസരിച്ച് പോലീസ് ക്ലബ്ബിൽ കാത്തു നിന്നു. ഉച്ചഭക്ഷണത്തിന് മുമ്പുള്ള ഇടവേളയിൽ ക്ലബ്ബിലെ ഒന്നാം നമ്പർ മുറിയിലെത്തി. ജീവജാലകത്തിന് നൽകാമെന്നേറ്റ അഭിമുഖത്തിനായി ഇരുന്നു. സംഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ.

*1. ഭരണം മൂന്ന് വർഷം പിന്നിടുന്നു. വകുപ്പിന്റെ സാരഥ്യം ഏറ്റെടുത്തത് മുതൽ ഇന്നുവരെയുള്ള അനുഭവം സ്വയം വിലയിരുത്താമോ?*

ഭരണം ഒരു സർഗ്ഗപ്രക്രിയയാണ്. പഞ്ചായത്തംഗം ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ എന്നീ നിലകളിലൊക്കെ പ്രവർത്തിച്ചിട്ടാണ് മന്ത്രി സ്ഥാനം ഏൽക്കുന്നത്. കാര്യങ്ങൾ എളുപ്പത്തിൽ തീർപ്പാക്കുന്നതിനും ദീർഘവീക്ഷണത്തോടെയുള്ള തീരുമാനം എടുക്കുന്നതിലുമാണ് കാര്യം. നമ്മൾ ഒരു ഒപ്പിടുമ്പോൾ അത് സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലെ ജനങ്ങളെ എങ്ങനെ ബാധിക്കും എന്ന അകക്കണ്ണ് വേണം. മൃഗസംരക്ഷണ മേഖലയിലാകട്ടെ തീരെ പാവപ്പെട്ട കർഷകരും തൊഴിലാളികളും സ്ത്രീകളുമൊക്കെയാണ് ഗുണഭോക്താക്കൾ. അവരെ സഹായിക്കുവാനും അവരുടെ കണ്ണീരൊപ്പാനുമുള്ള എന്റെ എളിയ ശ്രമങ്ങൾക്ക് അംഗീകാരം കിട്ടി എന്നുള്ളതാണ് നാളിതുവരെയുള്ള അനുഭവം. അത് പാഠമാക്കി മുന്നോട്ടു പോകുക തന്നെ ചെയ്യും.

*2. മന്ത്രിമാർ പലരും മാറിവരും. കാര്യങ്ങൾ ഇങ്ങനെയൊക്കെ പോകും എന്ന് പൊതുവെ ഒരു നാട്ടു സംസാരമുണ്ട്. അതിൽ നിന്നൊക്കെ വ്യത്യസ്തമായി എന്തെങ്കിലുമൊക്കെ ചെയ്തു എന്ന് തോന്നലുണ്ടോ?*

കാലത്തിനു മുമ്പേ കുതിക്കുന്ന പദ്ധതികൾക്കേ ഇനി സ്ഥാനമുള്ളു. നമ്മൾ സൈബർ യുഗത്തിലേക്കാണ് കടക്കുന്നത്. ഇനിയുള്ള കാലവും അങ്ങനെ തന്നെ. ആർക്കും അൽപനേരം കാത്തു നിൽക്കാനുള്ള ക്ഷമയില്ല. എല്ലാം കൺവെട്ടത്ത് ദ്രുതഗതിയിൽ നടക്കണം. മൃഗസംരക്ഷണ മേഖലയിലെ ഇ-സമൃദ്ധ പദ്ധതി കൊണ്ടുവന്നത് ആ ഉദ്ദേശത്തോടു കൂടിയാണ്. കർഷകർക്കും പൊതുജനങ്ങൾക്കും അതിവേഗത്തിൽ ആയാസരഹിതമായി കാര്യങ്ങൾ നടത്താൻ ഓരോ മൃഗചികിത്സാ കേന്ദ്രവും സജ്ജമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ഇതിന്റെ ഭാഗമായി കുടപ്പനക്കുന്നിലെ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ട്രയൽ റൺ നടത്തിക്കൊണ്ടിരിക്കുകയാണ്. അത് വിജയിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിലും ഈ സിസ്റ്റം നടപ്പിലാക്കും. ഒരു. ഒ.പി രജിസ്റ്റർ ചെയ്യുന്നതു മുതൽ വെറ്ററിനറി ഡോക്ടർമാരെ സ്വന്തം ഇഷ്ടത്തിനനുസരിച്ച് കൺസൾട്ട് ചെയ്യുന്നതിനും ലബോറട്ടറി സാങ്കേതിക പരിശോധനകൾക്കും റിസൾട്ടിനും ഒന്നും പലയിടങ്ങളിൽ മുട്ടേണ്ടതില്ല. എല്ലാം വിരൽത്തുമ്പിൽ സ്വന്തം മൊബൈലിൽ ലഭ്യമാക്കുന്ന രീതിയിൽ മൃഗചികിത്സാ

സംവിധാനം ശക്തിപ്പെടുത്തുകയാണ്. ഇതാണ് റീബിൽഡ് കേരള ഇൻഷിയേറ്റീവ് പദ്ധതിയിൽ ഞങ്ങൾ നടത്തിയ ഒരു വലിയ മാറ്റം. ഉരുക്കളുടേയും ഉടമകളുടേയും തിരിച്ചറിയലിനും വിവരശേഖരണത്തിനുമായി ആർ.എഫ്.ഐ.ഡി (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ) പത്തനംതിട്ടയിൽ നടപ്പിലാക്കി കഴിഞ്ഞു. സംസ്ഥാനമാകെ ഇത് വ്യാപിപ്പിക്കും. 7.52 കോടി രൂപയാണ് ഇ-സമൃദ്ധയ്ക്കായി മൊത്തം ചെലവിടുന്നത്.

*3. ക്ഷീരകർഷകരുടെ യോഗങ്ങളിൽ വർഷങ്ങളായി കേൾക്കുന്ന ഒരു പ്രഖ്യാപനമുണ്ട്. കേരളത്തെ പാൽ സ്വയം പര്യാപ്തമാക്കും എന്നത്. എന്നെങ്കിലും അത് സാദ്ധ്യമാകുമോ?*

തീർച്ചയായും. കണക്കുകൾ നമുക്ക് നോക്കാം. 82 ലക്ഷം ലിറ്റർ പാൽ ഒരു ദിവസം നമുക്ക് ആവശ്യമുണ്ട്. നമ്മുടെ സർക്കാർ അർദ്ധസർക്കാർ സ്വകാര്യ ഡയറികൾ എല്ലാം കൂടി ഉത്പാദിപ്പിക്കുന്നത് 71 ലക്ഷം ലിറ്റർ പാലാണ്. കുറവു വരുന്ന 11 ലക്ഷം ലിറ്റർ പാലിൽ 6 ലക്ഷത്തോളം പ്രാദേശിക ഉത്പാദനവും വിപണനവുമൊക്കെയായി പോകുമെന്ന് കരുതാം. അങ്ങനെയെങ്കിൽ പ്രതിദിനം 5 ലക്ഷം ലിറ്റർ പാലിന്റെ കുറവേ നമുക്കു കാണു. അത് പരിഹരിക്കാൻ കഴിയും എന്നുള്ളത് കൊണ്ടാണ് സ്വയം പര്യാപ്തത നേടും എന്ന് പറയുന്നത്. നിലവിൽ കറവയിലുള്ള 6 ലക്ഷം പശുക്കളിൽ ഒരു ലിറ്റർ പാലെങ്കിലും കൂടിയാൽ അത് തീർച്ചയായും സാധ്യമാകും.

*4. സംസ്ഥാനത്തിന്റെ പാലുല്പാദനം കൂട്ടാൻ എന്താണ് പുതിയ പദ്ധതികൾ?*

യഥാർത്ഥ കർഷകരിലും പാവപ്പെട്ട ജനവിഭാഗങ്ങളിലുമാണ് ഞങ്ങളുടെ പ്രതീക്ഷ. വനിതകൾ ഏറെയും തൊഴിലെടുക്കുന്ന മേഖലയാണ് ഇത്. തോട്ടം തൊഴിലാളികളെയും മത്സ്യ-കയർ മേഖലയിലെ തൊഴിലാളികളെയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെയും ലക്ഷ്യം വച്ച് മൂന്ന് പദ്ധതികൾ പുതിയതായി തുടങ്ങി. തോട്ടം തൊഴിലാളികൾ പത്ത് പേർ ചേർന്നാൽ അവർക്ക് കാലിത്തൊഴുത്തും പത്ത് പശുവിനെയും നല്കുന്ന ക്ഷീരലയം പദ്ധതി വന്നു. ഒരു യൂണിറ്റിന് 11 ലക്ഷം രൂപയാണ് സബ്സിഡി. മത്സ്യ മേഖലയിലേയും കയർ മേഖലയിലേയും തൊഴിലാളികൾക്ക് രണ്ട് പശുവിനെ നൽകുന്ന ക്ഷീരതീരം പദ്ധതിയുണ്ട്. 1.29 ലക്ഷം രൂപ ഒരു യൂണിറ്റിന് സബ്സിഡി നൽകുന്നത്. അതിദരിദ്രർക്ക് 90% സബ്സിഡി നല്കുന്ന മറ്റൊരു പദ്ധതിയുണ്ട്.

*5. നേരിട്ട് കർഷകരുടെ അഭിനന്ദനം കിട്ടിയിട്ടുള്ള അനുഭവമുണ്ടോ? ഏതെങ്കിലും പദ്ധതി പരാതിയില്ലാതെ ഞങ്ങൾക്ക് കിട്ടി എന്ന് പറഞ്ഞ അനുഭവമുണ്ടോ?*

ഇത്തവണ കുമിളി അണക്കരയിൽ സംസ്ഥാന ക്ഷീരസംഗമത്തിന് ചെന്നപ്പോൾ ചിലരൊക്കെ നേരിട്ട് വന്ന് സംസാരിച്ചിരുന്നു. പരാതിയും പരിഭവുമില്ലാത്ത ലോകമില്ലല്ലോ. പ്രത്യേകിച്ചും മന്ത്രിയെ കാണുമ്പോൾ കർഷകർ അവരുടെ ബുദ്ധിമുട്ട് പറയും. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി ഇന്ററസ്റ്റ് സബ്വെൻഷൻ എന്ന സ്കീമിനെ കുറിച്ച് ഒരുപാട് പേർ നല്ല കാര്യങ്ങൾ സംസാരിച്ചു. ഈ രംഗത്തേക്ക് വരുന്ന അല്ലെങ്കിൽ ഈ രംഗത്ത് മുതൽ മുടക്കുന്ന ഒരു സംരംഭകനോ കർഷകനോ എടുക്കുന്ന ബാങ്ക് ലോണിന്റെ പലിശയിൽ പ്രതിവർഷം 3 ലക്ഷം രൂപ സർക്കാർ അടച്ചു തീർക്കുന്ന സ്കീമാണിത്. മറ്റെങ്ങും കാണാത്തത്. വ്യാപകമായി അഭിനന്ദിക്കപ്പെട്ട ഒരു നല്ല ശ്രമം. ഇത് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

*6. മൊബൈൽ ചികിത്സാ സംവിധാനങ്ങൾ പലതട്ടുകളിലായുണ്ട്. ഇനിയും വരുന്നു. ഇത് ചികിത്സയുടെ സ്വഭാവം തന്നെ മാറ്റുന്നുണ്ട് എന്ന അഭിപ്രായമുണ്ട്. എങ്ങനെ കാണുന്നു?*

മരുന്നും ചികിത്സയും വീട്ടുമുറ്റത്ത് എത്തിക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അതിന് വേണ്ടിയാണ് ഞങ്ങൾ അഞ്ച് പദ്ധതികൾ കൊണ്ടുവന്നത്. അത് പലർക്കും തിരിച്ചറിയില്ല. ഒന്നാമതായി 29 മൊബൈൽ വെറ്ററിനറി യൂണിറ്റ് ബ്ലോക്ക് തലത്തിൽ കൊണ്ടുവന്നു. മൃഗചികിത്സ, കൃത്രിമബീജധാനം, സർജറി ഇവയെല്ലാം ഇതിൽ നടക്കും. രണ്ടാമതായി മേഖലാ തലത്തിൽ മൊബൈൽ ടെലിവെറ്ററിനറി സർവീസ് കൊണ്ടുവന്നു. വീണു കിടക്കുന്ന പശുക്കളെ ഉയർത്തുന്ന മെഷീൻ, അതിസങ്കീർണ്ണ ശസ്ത്രക്രിയകൾ നടത്തുന്ന സംവിധാനം, പോസ്റ്റ്മോർട്ടം യൂണിറ്റ് ഇവയെല്ലാം അതിലുണ്ട്. കൊല്ലത്തും, എറണാകുളത്തും, കണ്ണൂരും ഈ യൂണിറ്റുകളുണ്ട്. മൂന്നാമതായി പാലക്കാട്, പത്തനംതിട്ട, വയനാട് ജില്ലകളിൽ കേന്ദ്രസഹായത്തോടെ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വരികയാണ്. നാലാമതായി പുതിയ 127 ബ്ലോക്കുകളിൽ കൂടി മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വരുന്നു. അഞ്ചാമത് കാണേണ്ടത് ആർ.കെ.ഐ പദ്ധതി പ്രകാരം 12 മൊബൈൽ സർജറി യൂണിറ്റുകൾ സംസ്ഥാനത്ത് വരുന്നു എന്നതാണ്. ഒരു ജില്ലയിൽ ആറ് കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് മുൻ നിശ്ചയിച്ച പ്രകാരം സർജറി നടത്തുവാൻ ആഴ്ചയിലൊരിക്കൽ യൂണിറ്റ് എത്തും. ഇതിനെല്ലാം ലളിതമായ ഉപാധിയുണ്ട്. **1962 എന്ന നമ്പരിലേക്ക് ഫോൺകാൾ നടത്തുകയേ വേണ്ടു.** ഇനി മറ്റൊന്നു കൂടി ആലോചിക്കുന്നുണ്ട്. ഫോൺ വഴിയുള്ള ടെലി മെഡിസിൻ കൺസൾട്ടൻസി സംവിധാനം കൂടി കൊണ്ടുവരും. സ്ക്രീനിൽ കൂടി ആശയങ്ങൾ കൈമാറി അപ്പോൾത്തന്നെ

ഡോക്ടർമാർ ചികിത്സാ ഉപദേശങ്ങൾ നൽകുന്ന പദ്ധതി. ഇതെല്ലാം സർക്കാർ നേരിട്ട് നടത്തുന്നതാണ്. രാജ്യത്തിനാകെ മാതൃകയും.

*7. മൃഗശാലയുടെ മന്ത്രി കൂടിയാണ്. മൃഗശാലകൾ പണ്ട് കണ്ടതുപോലെ തന്നെ കിടക്കുന്നു. പുതുതായി ഒന്നും കാണാനില്ല എന്ന വിഷമം മൃഗസ്നേഹികൾക്കുണ്ട്?*

അങ്ങനെയൊന്നുമില്ല. തിരുവനന്തപുരം മൃഗശാലയുടെ കാര്യം എടുക്കാം. സിംഹങ്ങളില്ല എന്ന പരാതി വന്നു. അപ്പോൾത്തന്നെ തിരുപ്പതി മൃഗശാലയിൽ നിന്നും ലിയോ എന്നും, നിളയെന്നും പേരിട്ട ആൺ-പെൺ സിംഹങ്ങളെ കൊണ്ടുവന്നു. ഹനുമാൻ കുരങ്ങിന്റെ കൂട് ഒഴിഞ്ഞു കിടന്നതാണ്. തിരുപ്പതിയിൽ നിന്നും ഹരിയാനയിൽ നിന്നും ആറെണ്ണത്തിനെ എത്തിക്കുവാൻ ഞാൻ നിർദ്ദേശം നൽകി. വന്നില്ലേ. പിന്നെ പന്നിക്കരടി ഇല്ലായെന്ന് പറഞ്ഞു. ഹൈദരാബാദ് സൂവിൽ നിന്നും രണ്ട് പന്നിക്കരടികളെയും കൊണ്ടുവന്നു. ഇപ്പോൾ കൂടൊന്നും ഒഴിഞ്ഞ് കിടക്കുന്നില്ല.

*8. ഹനുമാൻ കുരങ്ങ് ചാടിപ്പോയപ്പോഴുള്ള ഇടപെടൽ എങ്ങനെയായിരുന്നു?*

ഒരു പെൺകുരങ്ങാണ് ചാടിപ്പോയത്. ഒരുമാസത്തോളം അത് തിരുവനന്തപുരം നഗരത്തിൽ കറങ്ങിനടന്നു. മയക്കുവെടി വെച്ച് പിടിക്കണമെന്നൊക്കെ പല പത്രക്കാരും പറഞ്ഞു. അത് റിസ്ക്കാണ് എന്നാണ് എനിക്ക് കിട്ടിയ ഉപദേശം. കാത്തിരിക്കാനും കുടുക്കിൽ പിടിക്കുവാനും നിർദ്ദേശം നൽകി. അവസാനം വഴുതക്കാടുള്ള സ്കൂൾ മുറിയിലേക്ക് ആകർഷിച്ച് പിടിച്ചു. അങ്ങനെ വിലയേറിയ ആ ജീവൻ വലിയ അപകടങ്ങളില്ലാതെ രക്ഷിക്കുവാൻ കഴിഞ്ഞു.

*9. തിരുവനന്തപുരം മൃഗശാലയിൽ പുതിയ വികസനം എന്തെങ്കിലും?*

ഇന്റർപ്രട്ടേഷൻ സെന്ററുകൾ ആരംഭിക്കുന്നുണ്ട്. മൃഗശാല കാണാനെത്തുന്നവർക്ക് കൗതുക കാഴ്ചകളോടൊപ്പം വിജ്ഞാനം പകരുന്ന ഒന്നായിരിക്കുമത്. കടുവ, പുലി എന്നിവയ്ക്കും ഉരഗജീവികൾക്കും കുരങ്ങന്മാർക്കും പക്ഷികൾക്കും പ്രത്യേകം പ്രത്യേകം ഇന്റർപ്രട്ടേഷൻ സെന്ററുകൾ വരും. പുറത്തു നിന്നും മൃഗങ്ങളെയും പക്ഷികളെയും എത്തിച്ചാൽ ഉണ്ടാകാവുന്ന സാംക്രമിക രോഗങ്ങൾ ഒഴിവാക്കാൻ ഒരു ക്വാറന്റൈൻ സെന്റർ അവിടെ നിലവിൽ വരും.

*10. അംഗൻവാടിയിൽ കിടന്നുറങ്ങുന്ന കുഞ്ഞിനെ മുതൽ പ്രഭാത സവാരിക്കാരെ വരെ തെരുവു നായ്ക്കൾ കടിച്ചു കീറുന്നു. എബിസി സെന്ററുകൾ തുടങ്ങാൻ നിരവധി കടമ്പകൾ. ഇതൊക്കെ എങ്ങനെ പരിഹരിക്കും?*

പരിഹരിച്ചേ തീരൂ. നായ്പ്പെരുപ്പം നിയന്ത്രിക്കാൻ ഏറ്റവും ശാസ്ത്രീയമായ മാർഗ്ഗം ജനന നിയന്ത്രണ ശസ്ത്രക്രിയ ആണെന്ന് കോടതികൾ പോലും നിരീക്ഷിച്ചിട്ടുള്ളതാണ്. ശസ്ത്രക്രിയാ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് കേന്ദ്ര മൃഗക്ഷേമ ബോർഡ് വച്ചിട്ടുള്ള നിയന്ത്രണങ്ങൾ ചിലതൊക്കെ അപ്രായോഗികമാണ്. 2000 ശസ്ത്രക്രിയ നടത്തിയ ഡോക്ടറെ മാത്രമേ നിയമിക്കാവൂ. അടുക്കള കെട്ടി നായ്ക്കൾക്ക് ആഹാരം നൽകണം. ഇതൊക്കെ ബുദ്ധിമുട്ടാണ്. മുന്നോട്ടു വരുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ പിന്തിരിപ്പിക്കാനേ ഇതുകൊണ്ട് കഴിയൂ. കേന്ദ്ര മൃഗക്ഷേമ ബോർഡ് സെക്രട്ടറി ശ്രീ.ഒ.പി.ചൗധരിയോട് ഇക്കാര്യങ്ങൾ ഞാൻ ബോധിപ്പിച്ചു. ഇപ്പോൾ കേരളത്തിന് വേണ്ടി അത്തരം ചട്ടങ്ങൾ ഇളവു ചെയ്യുകയാണ്. ഇപ്പോൾ നമ്മൾ അപേക്ഷിക്കുന്ന എല്ലാ സെന്ററിനും അംഗീ



കാരം കിട്ടിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട്ട് ടൗണിലും ബാലുശ്ശേരിയിലും എറണാകുളത്ത് മുളംതുരുത്തിയിലും കോലഞ്ചേരിയിലും ബ്രഹ്മപുരത്തും കോട്ടയത്ത് കോടിമതയിലും കണ്ണൂർ പടിയൂരിലും പാലക്കാടുമൊക്കെ സെന്റർ തുടങ്ങിക്കഴിഞ്ഞു. കൊല്ലത്ത് കുര്യോട്ടുമലയിൽ അനിമൽ ഷെൽട്ടറും എബിസി സെന്ററും നിർമ്മാണ പുരോഗതിയിലാണ്. ഇതിനെല്ലാം അംഗീകാരം കിട്ടി. സംസ്ഥാനത്ത് 2,98ലക്ഷം തെരുവു നായ്ക്കളുണ്ട്. 8,3 ലക്ഷം നായ്ക്കളെ വീടുകളിൽ വളർത്തുന്നു. തെരുവു നായ്ക്കൾക്ക് എബിസി ചെയ്യുന്ന കാര്യം പുരോഗമിച്ചേ തീരൂ. ഇതിനായി മിഷൻ റാബീസുമായി ഗവൺമെന്റ് എം.ഒ.യു ഒപ്പിട്ടിട്ടുണ്ട്. കാവ തുടങ്ങിയ മൃഗക്ഷേമ ഏജൻസികൾ ഇതുമായി സഹകരിക്കുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മുൻകൈയെടുക്കണം.

മണ്ഡലത്തിൽ നിന്നും ഫോൺകോളുകൾ വന്നുതുടങ്ങി. ഉച്ചയൂണിന് സമയമായി എന്ന അറിയിപ്പും വന്നു. 'ഇനി അവസാനിപ്പിക്കാമല്ലോ. ഊണു കഴിക്കാം'. ചെറുചിരിയോടെ മന്ത്രി എഴുന്നേറ്റു.

അഭിമുഖം

**ഡോ. ഡി.ഷൈൻകുമാർ**




# എ–ഹെൽപ്പ്

## മൃഗസംരക്ഷണ മേഖലയ്ക്കൊരു സഹായി



**ഡോ. റെനി ജോസഫ്**
പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ &
നോഡൽ ഓഫീസർ എ.ഹെൽപ്പ്
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ്
ട്രെയിനിങ് സെന്റർ, കുടപ്പനക്കുന്ന്
ഫോൺ : 8281915000

സംസ്ഥാനത്തു എല്ലാ പഞ്ചായത്തുകളിലും ഒരു വെറ്ററിനറി ആശുപത്രിയും കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നിലവിലുണ്ടെങ്കിലും കൃത്യാനന്തര ബാഹുല്യം മൂലം വെറ്ററിനറി ഡോക്ടർക്കോ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർക്കോ ഒരു പ്രദേശത്തെ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാൻ സാധിക്കുന്നില്ല. ഇത്തരം സാഹചര്യത്തിൽ പക്ഷി മൃഗാദികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങൾക്കും കർഷകരുടെ വീട്ടുപടിക്കൽ സേവനങ്ങൾ നൽകുന്നതിനും കർഷകരെ പ്രാദേശിക വെറ്ററിനറി സ്ഥാപനവുമായി ബന്ധിപ്പിക്കുന്ന ഒരു പാലമായി, അല്ലെങ്കിൽ ഒരു കണ്ണിയായി പ്രവർത്തിക്കുന്നതിനും ഉള്ള പഞ്ചായത്തു തല കമ്മ്യൂണിറ്റി അധിഷ്ഠിത പ്രവർത്തകരാണ് സംസ്ഥാനത്തെ സ്വയം സഹായ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുത്ത വനിതകൾ അടങ്ങുന്ന എ–ഹെൽപ്പ് പ്രവർത്തകർ.

ഹെൽപ്പ് എന്ന വാക്കിന്റെ നാമാർത്ഥം സഹായം എന്നാണെങ്കിലും വിശേഷണാർഥം സഹായി എന്നാണ്. അപ്പോൾ എ–ഹെൽപ്പ് എന്നാൽ ഒരു സഹായി എന്ന് വിശേഷിപ്പിക്കാം. എന്താണ് ഈ എ–ഹെൽപ്പ് എന്ന് നമുക്ക് നോക്കാം.



അക്രഡിറ്റഡ് ഏജന്റ് ഫോർ ഹെൽത്ത് ആൻഡ് എക്സ്റ്റൻഷൻ ഓഫ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ എന്നാണ് ഈ വാക്കിന്റെ വിപുലീകരണം. ആരോഗ്യത്തിനും കന്നുകാലി ഉൽപ്പാദനത്തിന്റെ വിപുലീകരണത്തിനുമുള്ള അംഗീകൃത ഏജന്റ് എന്നതിന്റെ ചുരുക്കപ്പേരു കൂടിയായ 'എ ഹെൽപ്' പ്രോഗ്രാം, മൃഗസംരക്ഷണ മേഖലയിലെ നിരവധി വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ശ്രമിക്കുന്ന ഒരു ചലനാത്മക സംരംഭമാണ്.

മൃഗസംരക്ഷണത്തിൽ ശാസ്ത്രീയമായ പരിശീലനം നൽകി കന്നുകാലികളുടെ ആരോഗ്യ സംരക്ഷണം, രോഗനിയന്ത്രണം, പോഷകാഹാരം, ഗുണമേന്മയുള്ള പാലുത്പാദനം, തീറ്റപ്പുൽ കൃഷി, പ്രഥമശുശ്രൂഷ, കന്നുകാലി വാക്സിനേഷൻ, ഇൻഷുറൻസ് നടപടിക്രമങ്ങൾ, ബാങ്കു വായ്പാ നടപടിക്രമങ്ങൾ, കർഷകർക്കായുള്ള വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ, വിവിധ മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ സേവനങ്ങൾ എന്നീ വിഷയങ്ങളിൽ അറിവുള്ളവരാക്കി മാറ്റുന്നതിലൂടെ സാമൂഹ്യ പ്രവർത്തകരായ ഈ അംഗീകൃത ഏജന്റുമാർ ഉദ്യോഗസ്ഥരുമായും കർഷകരുമായും അടുത്ത ബന്ധം സ്ഥാപിക്കുകയും പരമാവധി സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യും. കാർഷിക മേഖലയിൽ സ്ത്രീകൾക്കുള്ള അപാരമായ സാധ്യതകളും അറിവും തിരിച്ചറിയുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ഗ്രാമീണ ഇന്ത്യയുടെ സാമ്പത്തിക പുരോഗതിയാണ് ഈ വിപ്ലവകരമായ സമീപനം വിഭാവനം ചെയ്യുന്നത്.

കൃഷിയിൽ നിന്നുള്ള വരുമാനം കാലാനുസൃതമാകുമ്പോൾ സ്ഥിര വരുമാനമാണ് മൃഗസംരക്ഷണ മേഖല കർഷകന് നൽകുന്നത്. സംസ്ഥാന ജിഡിപിയുടെ 3% സംഭാവന ചെയ്യുന്ന മൃഗസംരക്ഷണ മേഖലക്കു കേരളത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ നിർണായക സ്ഥാനമുണ്ട്. ദശലക്ഷക്കണക്കിന് വരുന്ന ചെറുകിട, നാമമാത്ര കർഷകരാണ്, കേരളത്തിലെ മൃഗസംരക്ഷണ മേഖലയുടെ നട്ടെല്ല്.

സ്വയം സഹായ സംഘങ്ങളിലൂടെ ഗ്രാമീണ സാമ്പത്തിക വളർച്ച സാധ്യമാക്കുന്നതിനായി കേന്ദ്ര മൃഗസംരക്ഷണ വകുപ്പും ദേശീയ ഗ്രാമീണ ഉപജീവന ദൗത്യവും (NRLM) ചേർന്ന് ആരോഗ്യ സംരക്ഷണത്തിനും കന്നുകാലി ഉൽപാദന വിപുലീകരണത്തിനുമുള്ള അംഗീകൃത ഏജന്റുമാരായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ വാർത്തെടുക്കുന്നതിനുള്ള ധാരണാപത്രത്തിൽ 2021 സെപ്റ്റംബർ 1 ന് ഒപ്പുവയ്ക്കുകയുണ്ടായി. ഈ കരാർ പ്രകാരം എ-ഹെൽപ്പ് എന്ന കമ്മ്യൂണിറ്റി അധിഷ്ഠിത പ്രവർത്തകർ മൃഗസംരക്ഷണ മേഖലയിലെ ലൈവ്സ്റ്റോക്ക് റിസോഴ്സ് പേഴ്സൺ എന്ന നിലയിൽ പ്രാഥമിക സേവന ദാതാക്കളായി പ്രവർത്തിക്കും. ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് എ ഹെൽപ്പ് പദ്ധതി നടപ്പിലാക്കുന്നത്.

തുടർച്ചയായ പരിശീലനങ്ങൾ നല്കുന്നതു മൂലം മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാനപരമായ വിവിധ പ്രവർത്തനങ്ങളും സേവനങ്ങളും ബോധവത്ക്കരണവും കർഷകന്റെ വീട്ടുപടിക്കൽ നൽകുന്നതിന് ഈ ഏജന്റിന് സാധിക്കും. മൃഗങ്ങളുടെ തിരിച്ചറിയൽ സംവിധാനത്തിന്റെ ആവശ്യകത, പക്ഷി മൃഗാദികളുടെ ശാസ്ത്രീയ ഭക്ഷണ മുറകൾ പരിചയപ്പെടുത്തി പ്രദേശത്തു ലഭ്യമായിട്ടുള്ള വസ്തുക്കൾ ഉപയോഗിച്ച് ആരോഗ്യകരമായ തീറ്റ ക്രമീകരിക്കുന്ന റേഷൻ ബാലൻസിംഗ് രീതി കർഷകർക്ക് പരിചയപ്പെടുത്തിക്കൊടുക്കുക, തീറ്റപ്പുൽ കൃഷി പ്രചരിപ്പിക്കുക, കാലാകാലങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന പ്രതിരോധകുത്തിവയ്പുകൾ എന്തിനാണെന്നും അവ നല്കുന്നതുമൂലം മൃഗങ്ങൾക്കു ലഭിക്കുന്ന രോഗ പ്രതിരോധത്തെക്കുറിച്ചും നൽകാതിരുന്നാലുള്ള അപകടത്തെക്കുറിച്ചും കർഷകരെ ലളിതമായി പറഞ്ഞു മനസ്സിലാക്കി കൊടുക്കുക, പക്ഷി മൃഗാദികളിൽ കണ്ടുവരുന്ന രോഗങ്ങൾ പരിചയപ്പെടുത്തി അവയ്ക്കു ശാസ്ത്രീയമായി നൽകേണ്ട വാക്സിനേഷനുകൾ, മരുന്നുകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ കർഷകർക്ക് പകരുക, ഇൻഷുറൻസ്,




വായ്പാ പദ്ധതികളുടെ അപേക്ഷാഫോമുകൾ പൂരിപ്പിക്കാൻ കർഷകരെ സഹായിക്കുക തുടങ്ങി പക്ഷി മൃഗാദികളുടെ ആരോഗ്യ പരിപാലനത്തിന് കർഷകരെ സജ്ജമാക്കുന്നതിനു ഈ പ്രാദേശിക ഏജന്റുമാർ ഉപയോഗപ്രദമായിരിക്കും.

ഒരു പ്രദേശത്തെ ഒരു വാർഡിന്റെയോ ഒരുകൂട്ടം വാർഡുകളുടെയോ ചുമതലയായിരിക്കും എ ഹെൽപ്പിനു ഉണ്ടായിരിക്കുക. കന്നുകാലികളെയും കോഴികളെയും വളർത്തുന്ന കർഷകരുടെ എണ്ണത്തിനനുസരിച്ചു ആവശ്യമെങ്കിൽ ഒരു പ്രദേശത്ത് അല്ലെങ്കിൽ ഒരു വാർഡിൽ ഒന്നിലധികം എ ഹെൽപ്പുമാർക്ക് പ്രവർത്തിക്കാൻ അനുമതി നൽകാവുന്നതാണ്.പ്രാദേശികമായുള്ള എല്ലാ കന്നുകാലികളുടെയും പക്ഷി മൃഗാദികളുടെ കണക്ക് സൂക്ഷിക്കാൻ എ ഹെൽപ്പ് ബാധ്യസ്ഥരാണ്.

പരിശീലനത്തിനുശേഷം ഓരോ എ ഹെൽപ്പിനും നൽകുന്ന പ്രഥമ ശുശ്രൂഷ കിറ്റ് ഉപയോഗിച്ച് വയറിളക്കം, ചെറിയ പരിക്കുകൾ, ചെറിയ മുറിവുകൾ തുടങ്ങിയവയ്ക്കുള്ള പ്രാഥമിക ചികിത്സ, വിവിധ രോഗങ്ങൾക്ക് നൽകുന്ന ശാസ്ത്രീയ നാട്ടു ചികിത്സാ രീതിയായ എത്തനോവെറ്ററിനറി മരുന്നുകൾ എന്നിവ നൽകുന്നതിന് അനുമതി നൽകുന്നുണ്ട്. ഇതിലേക്ക് ആവശ്യമായ പരിശീലനങ്ങൾ മൃഗസംരക്ഷണ വകുപ്പ് ഇവർക്ക് നൽകിയിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ (എംവിയു) സഹായം തേടുന്നതിന് കർഷകരെ ബോധവത്ക്കരിക്കുന്നതിനും സഹായിക്കുന്നതിനും എഹെൽപ്പ്മാർ പ്രതിജ്ഞാബദ്ധരാണ്.

മൃഗസംരക്ഷണ മേഖലയിലെ നവസംരംഭകർക്കും കർഷകർക്കും വായ്പയോ ആനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള ഉറവിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പങ്കു വയ്ക്കുന്നത് കൂടാതെ അപേക്ഷകൾ പൂരിപ്പിക്കുന്നതിനും അവ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിനും അപേക്ഷകളുടെ പുരോഗതി പരിശോധിക്കുന്നതിനും എ ഹെൽപ്പ്മാർ സഹായകമായിരിക്കും.

കേന്ദ്ര മൃഗസംരക്ഷണ വകുപ്പും ഗ്രാമവികസന വകുപ്പിന്റെ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യവും ചേർന്നാണ് എ ഹെൽപ്പ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതും



സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെയും കുടുംബശ്രീയുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതുമാണ് കേന്ദ്ര മൃഗസംരക്ഷണ വകുപ്പിന്റെ പ്രധാന കർത്തവ്യം.

ദേശീയ തലത്തിലുള്ള മാർഗ്ഗ രേഖകളും നിർദേശങ്ങളും സംസ്ഥാന ദൗത്യത്തിന് കൈമാറുക, സോഷ്യൽ മൊബിലൈസേഷൻ, അംഗങ്ങൾക്ക് സാമ്പത്തിക സേവനം നേടിയെടുക്കൽ തുടങ്ങിയവയിൽ ലഭ്യമായ ദേശീയ, സംസ്ഥാന, ജില്ല, ഉപ ജില്ലാ സംവിധാനങ്ങൾ എ-ഹെൽപ്പിനായി ഉപയോഗപ്പെടുത്തുക എന്നിവയാണ് ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ കടമകൾ.

നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡാണ് എ-ഹെൽപ്പ് പ്രവർത്തനങ്ങൾക്കായുള്ള മാനവശേഷി വികസനത്തിനുള്ള നോഡൽ ഏജൻസി. ഇവർ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെയും സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന എ-ഹെൽപ്പ് പദ്ധതി ക്രോഡീകരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യമായ കുടുംബശ്രീയിൽ നിന്നും ഓരോ നോഡൽ ഓഫീസർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്.



മൃഗസംരക്ഷണ വകുപ്പിന്റെ പ്രധാന വിജ്ഞാന വ്യാപനകേന്ദ്രമായ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ കുടപ്പനക്കുന്നിന്റെ മേധാവിയായ പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസറാണ് മൃഗസംരക്ഷണ വകുപ്പിന്റെ നോഡൽ ഓഫീസർ. വകുപ്പിനാവശ്യമായ 2000 എ ഹെൽപ്പ്മാരെ കുടുംബശ്രീയുടെ അംഗീകൃത പശുസഖിമാരിൽ നിന്നും പരിശീലനത്തിലൂടെ സജ്ജമാക്കുക എന്നതാണ് ഈ നോഡൽ ഓഫീസറുടെ പ്രധാന ദൗത്യം.

### പദ്ധതി നിർവഹണം

ജോയിന്റ് നാഷണൽ ലെവൽ സ്റ്റിയറിംഗ് കമ്മറ്റി, ജോയിന്റ് ഇംപ്ലിമെന്റേഷൻ ടാസ്ക് ഫോഴ്സ് എന്നിവ ദേശീയ തലത്തിൽ എ ഹെല്പ് പദ്ധതി നിർവഹണം സാദ്ധ്യമാക്കുമ്പോൾ സംസ്ഥാന തല നിർവഹണത്തിന് സംസ്ഥാന തല കോർഡിനേഷൻ & സിനർജി കമ്മറ്റികളും ജില്ലാ തല കോർഡിനേഷൻ & സിനർജി കമ്മറ്റികളും പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നു. സംസ്ഥാന തല കോർഡിനേഷൻ & സിനർജി കമ്മറ്റിയുടെ കൺവീനർ മൃഗസംരക്ഷണ വകുപ്പു ഡയറക്ടർ ആണ്.

### എ-ഹെൽപ്പ് ഏജന്റുമാരെ തെരഞ്ഞെടുക്കുന്നത്

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ നിലവിലുള്ള സംവിധാനങ്ങൾ വഴി എ-ഹെൽപ്പ് എന്ന അക്രെഡിറ്റഡ് ഏജന്റുമാരെ സജ്ജീകരിക്കുന്ന പരിശീലനത്തിനായി കുടുംബശ്രീ വനിതകളെ തെരഞ്ഞെടുക്കുന്നതിന് ചില നിബന്ധനകൾ ഈ പ്രോഗ്രാം നിഷ്കർഷിക്കുന്നു.

പശുസഖി പരിശീലനം പൂർത്തിയാക്കിയ, ആശയ വിനിമയത്തിനു നല്ല കഴിവുള്ളവരും നേതൃ പാടവമുള്ളവരും എട്ടാം ക്ലാസ് പാസ്സായവരുമായ NRLM സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളായ വനിതകളെ മാത്രമേ ഈ പരിശീലനത്തിന് പരിഗണിക്കൂ. ഇവർക്ക് ഡിജിറ്റൽ ലിറ്ററസി മൊബൈലും അത്യാവശ്യം കമ്പ്യൂട്ടറും കൈകാര്യം ചെയ്യാനുള്ള കഴിവും ഉണ്ടായിരിക്കണം എന്ന് പരിശീലന മാർഗ്ഗരേഖകൾ നിഷ്കർഷിക്കുന്നു. വിവിധ ശാസ്ത്രീയ വിഷയങ്ങൾ ചുരുങ്ങിയ സമയത്തിൽ മനസ്സിലാക്കുന്നതിനും അവ കർഷകരെ പറഞ്ഞു മനസ്സിലാക്കുന്നതിനും ഈ നിയന്ത്രണങ്ങൾ അനിവാര്യമാണ്.

### എ-ഹെൽപ്പിന്റെ പ്രവർത്തനം

പ്രതിദിനം 2-3 മണിക്കൂർ എന്ന ക്രമത്തിൽ ആഴ്ചയിൽ കുറഞ്ഞത് 4 ദിവസമെങ്കിലും പ്രവർത്തനം ഉറപ്പാക്കുന്ന രീതിയിൽ ഫ്ലെക്സിബിൾ ആയി തൊഴിൽ ക്രമീകരണവും ജോലിഭാരവും നൽകാൻ മാർഗ്ഗ രേഖകൾ നിർദേശിക്കുന്നു. പ്രധാന വരുമാന മാർഗ്ഗമായി മറ്റൊരു തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള വനിതകൾക്കും എ-ഹെൽപ്പ് ആയി പ്രവർത്തിക്കാവുന്നതാണ്.

### പ്രതിഫലം

എ-ഹെൽപ്പ് എന്നത് ശമ്പളമോ ഓണറേറിയമോ ലഭിക്കാത്ത അംഗീകൃത ഏജന്റ് ആണ്. പരിശീലനങ്ങൾക്കു യാത്രാബത്തയും സ്റ്റൈപെൻഡും നൽകുന്നതാണ്. അംഗത്തിന്റെ സാധാരണ ഉപജീവന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താത്ത രീതിയിലായിരിക്കണം പ്രവർത്തനങ്ങൾ സജ്ജീകരിക്കേണ്ടത്. നൽകുന്ന സേവനങ്ങൾക്ക് നിശ്ചിത ഫീസ് വാങ്ങാൻ ഇവർക്ക് അർഹതയുണ്ട് . ഇവയിൽ നിശ്ചിത സേവനങ്ങൾക്ക് സർക്കാരും അപേക്ഷ ഫോം പൂരിപ്പിക്കുക തുടങ്ങിയ ചില സേവനങ്ങൾക്ക് കർഷകനും പ്രതിഫലം നൽകേണ്ടതാണ്. കൂടാതെ അംഗീകാരങ്ങൾ, അവാർഡുകൾ, എക്സ്പോഷർ വിസിറ്റുകൾ, കൺവെൻഷൻസ് എന്നിങ്ങനെ മോട്ടിവേഷണൽ പിന്തുണകളും എ ഹെൽപ്പിനു നൽകുന്നതാണ്. ഈ സേവന വേതന വ്യവസ്ഥകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

### പരിശീലനം

സംസ്ഥാന മൃഗസംരക്ഷണ വകുപ്പും കുടുംബശ്രീയും എൻ ഡി ഡി ബിയും ചേർന്ന് ഒരു കൺസോർഷ്യം രീതിയിലാണ് മാനവശേഷി വികസന പരിശീലനത്തിലൂടെ വകുപ്പിന് ആവശ്യ




മായ എണ്ണം എ ഹെൽപ്പ് മാരെ സജ്ജമാക്കുന്നത്. മൃഗസംരക്ഷണ വകുപ്പിലെ നോഡൽ ഓഫീസർ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽ നിന്നും കുടുംബശ്രീയിൽ നിന്നും നിശ്ചിത എണ്ണം ഉദ്യോഗസ്ഥരെ പരിശീലകർക്കുള്ള പരിശീലനത്തിനായി തെരഞ്ഞെടുക്കുകയും അവരെ ഗുജറാത്തിലുള്ള നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡിന്റെ ആസ്ഥാനമായ ആനന്ദിൽ അയച്ചു 6 ദിവസം നീളുന്ന പരിശീലനം നൽകി മാനവശേഷി വികസന പരിശീലനത്തിനുള്ള എംപാനൽഡ് മാസ്റ്റർ ട്രെയിനർമാരാക്കി മാറ്റുന്നു.

തുടർന്ന് സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഈ എംപാനൽഡ് പരിശീലകരെ ഉപയോഗിച്ച് കുടുംബശ്രീ നൽകുന്ന തെരഞ്ഞെടുത്ത പശുസഖിമാർക്ക് 16 ദിവസ റെസിഡൻഷ്യൽ പരിശീലനവും മോണിറ്ററിങ്ങും തുടർന്ന് അക്രെഡിറ്റേഷനും നടത്തുന്നു. പരിശീലനത്തിന്റെ പൂർണ്ണ ചെലവും എൻ ഡി ഡി ബി വഹിക്കുന്നതായിരിക്കും.

16 ദിവസ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന എ ഹെൽപ്പ് പരിശീലനാർത്ഥികൾക്കു എൻ ഡി ഡി ബി യും സംസ്ഥാന മൃഗസംരക്ഷണ വകുപ്പും ചേർന്ന് കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. തുടർന്ന് 17 ആം ദിവസം ഇവർക്ക് ഗ്രാമീണ വികസനവും സ്വയം തൊഴിൽ കണ്ടെത്തലും പരിശീലന കേന്ദ്രം എന്ന നാഷണൽ അക്കാദമി ഓഫ് റൂറൽ ഡെവലപ്മെന്റ് & സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (NAR) വഴി തിയറിയും വൈവയും പ്രാക്റ്റിക്കലും അടക്കമുള്ള കഠിന പരിശോധനകൾക്കും പരീക്ഷയ്ക്കും ശേഷം നിബന്ധനകൾ പ്രകാരം യോഗ്യരാകുന്നവർക്കു എ-ഹെൽപ്പ് അക്രെഡിറ്റേഷൻ ലഭ്യമാകുന്നതാണ്.

സർക്കാരിന്റെ പരിഗണനയിലുള്ള എ-ഹെൽപ്പ് സേവന വേതന വ്യവസ്ഥകൾ ഉത്തരവായാൽ അക്രെഡിറ്റേഷൻ നേടിയ എ ഹെൽപ്പ് മാരെ മൃഗസംരക്ഷണ വകുപ്പിന്റെ പഞ്ചായത്തു തല കമ്മ്യൂണിറ്റി പ്രവർത്തകരായി നിയോഗിക്കാവുന്നതും അവരുടെ സേവനങ്ങൾക്ക് നിശ്ചിത നിരക്കിൽ പ്രതിഫലം നൽകാവുന്നതുമാണ്.


സ്ത്രീ ശാക്തീകരണത്തിലൂടെ ഗ്രാമീണ പുരോഗതിയുടെ പാത തെളിയിക്കുന്ന സുപ്രധാന കാൽവയ്പ്പാണ് 'എ-ഹെൽപ്പ്' പ്രോഗ്രാം. കർഷകരുടെ ഉന്നമനത്തിലൂടെ ഒരു പ്രദേശത്തിന്റെ സാമൂഹികസാമ്പത്തിക പുരോഗതി കൈവരിക്കാൻ നമുക്ക് സാധിക്കും.

വ്യക്തിഗത ശാക്തീകരണത്തിനപ്പുറം ശാസ്ത്രീയ കന്നുകാലി പരിപാലന സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിലൂടെ കർഷകരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്താനും അവർക്കു ശോഭനമായ ഭാവി ഉറപ്പാക്കാനും ഈ മുന്നേറ്റം സഹായകമാകും.

കമ്മ്യൂണിറ്റി പങ്കാളിത്തത്തിലൂടെ കാർഷിക മേഖലയുടെ ഉന്നമനത്തിനായുള്ള കൂട്ടായ ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്ന, സമൂഹത്തിന്റെയും പരസ്പര പിന്തുണയുടെയും പ്രാധാന്യം ഊന്നിപ്പറയുന്ന, സാമൂഹികസാമ്പത്തിക പുരോഗതി വളർത്തിയെടുക്കുന്ന സ്ത്രീശക്തിയുടെ മാതൃകാപരമായ സംയോജനമായ 'എ-ഹെൽപ്പ്' എന്ന ഉദ്യമം ഗ്രാമീണ ജനതയ്ക്കും അവരിലൂടെ രാജ്യത്തിന് തന്നെയും സമൃദ്ധിയും ശോഭനമായ ഭാവിയും വാഗ്ദാനം ചെയ്യുന്നു.



# അരുമകളുടെ ലോകം കൗതുകത്തിന്റേയും



**ഡോ. അജിത്ബാബു ബി**
ജോയിന്റ് ഡയറക്ടർ (പൗൾട്രി)
മൃഗ സംരക്ഷണ വാകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം

പണ്ടു നമുക്കൊക്കെ പരിചിതമായത് കൂട്ടുകുടുംബമായിരുന്നു.. പല തലമുറയിലെ അംഗങ്ങളായ കാരണവന്മാരും ബന്ധുക്കളും കുട്ടികളും .. . എല്ലാവരും കൂടി വീടു നിറയെ ഒരു ലോഡ് ആളുണ്ടാകും...

പിന്നീട് അത് അണു കുടുംബമായി മാറി .. പരമാവധി അച്ഛനും അമ്മയും രണ്ടു കുട്ടികളും..

ഇന്നത്തെ സാഹചര്യം തികച്ചും വ്യത്യസ്തമാണ്. ന്യൂജനറേഷൻ ദമ്പതികൾ വിവാഹം കഴിഞ്ഞാൽ ഒരു പെറ്റ് ഷോപ്പിൽ പോയി അവർക്കിഷ്ടമുള്ള ഏതെങ്കിലും ഒരു അരുമ മൃഗത്തെ വാങ്ങി മകനോ മകളോ ആയി കൂടെ കൂട്ടും.. (അതിപ്പോ നായ്, പൂച്ച, തത്ത, പാമ്പ്, ഓന്ത്, പല്ലി, അരണ ..തുടങ്ങി എന്തുമാകാം..)

അവയുടെ വാസസ്ഥാനം വീടിനുള്ളിലെ കിടപ്പറയിൽ തന്നെയാകും മിക്കപ്പോഴും. അരുമകൾക്കുള്ള വേഷവിധാനങ്ങളും കളിപ്പാട്ടങ്ങളും ഡയാപ്പർ സംവിധാനങ്ങളും ഒക്കെ ഓൺലൈനിൽ ലഭ്യമാണെന്നത് ഓൾഡ് ജനറേഷന് അനുകൂല ഘടകമാണ്.

(അല്ലെങ്കിൽ 'ചെറുമക്കളുടെ' ആവശ്യങ്ങൾക്കായി ഒത്തിരി ബുദ്ധിമുട്ടേണ്ടി വന്നേനേ..)

വീടു കാവലിന് നായ്ക്കളെ വളർത്തിയിരുന്ന സാഹചര്യത്തിൽ നിന്നും വീട്ടിലെ അംഗങ്ങളായി നായ്ക്കളും പൂച്ചകളും അരുമ പക്ഷികളും ഒക്കെ മാറിയിരിക്കുന്നു. വിനോദത്തിനും മാനസിക ഉല്ലാസത്തിനും അരുമകളെ വളർത്തുന്നതിനോടൊപ്പം അവയെ വരുമാന സ്രോതസ്സായി കാണുന്നവരും ഏറി വരുന്നു. പെറ്റ് ഷോപ്പുകളും ബ്രീഡിങ് സെന്ററുകളും ദിനംപ്രതി വർദ്ധിച്ചു വരുന്നതും അതുകൊണ്ടു തന്നെയാകാം.

എന്നാൽ അരുമകളെ തള്ളിപ്പറയാൻ വരട്ടെ..

വിനോദത്തോടൊപ്പം ഒത്തിരി കൗതുകവും നിറഞ്ഞതാണ് മൃഗലോകം.

വളർത്തുമൃഗങ്ങളും അരുമകളും വളർത്തു പക്ഷികളും നമുക്കു മുമ്പിൽ തുറന്നിടുന്ന കൗതുക ലോകത്തിലേക്ക്...

കായിക ശേഷിയിൽ മനുഷ്യരെക്കാൾ ഒട്ടേറെ മുമ്പിലാണ് മൃഗങ്ങളുടെയും പക്ഷികളുടെയും സ്ഥാനം.

അടുത്ത ഒളിമ്പിക്സ് മത്സരത്തിൽ അവരെ കൂടി പങ്കെടുപ്പിച്ചാൽ ഇപ്രകാരമായിരിക്കും മത്സരഫലം .

## അത്‌ലറ്റിക്സ്

**1. 100 മീറ്റർ ഓട്ടമൽസരം:**

മണിക്കൂറിൽ 389 കിലോമീറ്റർ വേഗത്തിൽ ഓടി ഫാൽക്കൺ പക്ഷി ഒന്നാം സ്ഥാനം നേടുമ്പോൾ 120 കിലോമീറ്റർ വേഗതയുള്ള ചീറ്റ രണ്ടാം സ്ഥാനവും 90 കിലോമീറ്റർ വേഗത്തിൽ ഓടുന്ന ഒട്ടകപ്പക്ഷി മൂന്നാം സ്ഥാനവും നേടും. നായ്ക്കളെ പ്രതിനിധീകരിച്ചു മത്സരത്തിൽ പങ്കെടുക്കുന്ന ഗ്രേ ഹൗണ്ട് ഇനത്തിലെ ശുനക ശ്രേഷ്ഠൻ 70 കിലോമീറ്റർ വേഗത്തിൽ ഓടി ഫിനിഷ് ചെയ്യുമ്പോൾ മനുഷ്യകുലത്തിലെ ഏറ്റവും വേഗതയുള്ള ഉസൈൻ ബോൾട്ട് 40 കിലോമീറ്റർ വേഗത്തിൽ വളരെ പിന്നിലായി ഫിനിഷ് ചെയ്യും.. (ബോൾട്ടിനോട് ക്ഷമാപണത്തോടെ.. )

**2. ഹൈജമ്പ്**

ഒന്നാം സ്ഥാനം നേടുക കടൽ ജീവിയായ ഡോൾഫിൻ ആയിരിക്കും. 7 മീറ്റർ ആണ് ഡോൾഫിൻ സാധാരണഗതിയിൽ ചാടുന്നത് . കുതിരകൾ രണ്ടര മീറ്ററിൽ ഏറെ ഉയരത്തിൽ ചാടും. എന്നാൽ നാളിതുവരെ ഒരു മനുഷ്യനും 2.45 മീറ്ററിന് മുകളിൽ ഉയരത്തിൽ ചാടിയിട്ടില്ല . അതായത് ഒന്നാം സ്ഥാനക്കാരനെക്കാൾ ബഹുദൂരം പിന്നിൽ.

**3. ലോംഗ്ജമ്പ്** കങ്കാരുക്കൾ സാധാരണയായി പതിമൂന്നര മീറ്ററിൽ ഏറെ ദൂരം ചാടുന്നത് കൊണ്ട് അവ ഒന്നാം സ്ഥാനം നേടും. ഉരഗ വർഗ്ഗത്തിൽ പെടുന്ന പാരഡൈസ് ഫ്ലയിങ് സ്നേക്ക് എന്ന പാമ്പ് 10 മീറ്റർ ആണ് സാധാരണ ഗതിയിൽ ചാടുക. ചരിത്രം ചികഞ്ഞാൽ മനുഷ്യന്റെ റിക്കോർഡ് പിന്നിലാണ്. 9 മീറ്റർ എന്നത് ഇന്നും സ്വപ്ന ദൂരമാണ് എന്നതുകൊണ്ട് ആദ്യസ്ഥാനങ്ങൾ പ്രതീക്ഷിക്കേണ്ട.

**4. ഓർമ്മ മത്സരം** ഓർമ്മയുടെ കാര്യത്തിൽ മനുഷ്യൻ ഒട്ടും പിന്നിൽ അല്ല. എന്നാൽ മൃഗങ്ങളിൽ ഒടുക്കത്തെ ഓർമയുള്ള ഡോൾഫിൻ ഒന്നാം സ്ഥാനത്താണ്. അരി ശേഖരിക്കുന്ന റേഷൻ കടകളും ചക്ക കായ്ക്കുന്ന പ്ലാവുകളും തേടി നാടു തീണ്ടുന്ന അരികൊമ്പൻ, ചക്കക്കൊമ്പൻ ഉൾപ്പെടുന്ന ആനകളെ അവഗണിക്കാനാവില്ല.. അതിനു പുറമേ തിമിംഗലം, ചിമ്പാൻസി, കുതിര, നായ്ക്കൾ, വർഷങ്ങൾ കഴിഞ്ഞാലും ക്ഷാമകാലത്തേക്ക് വേണ്ടി താൻ കുഴിച്ചിടുന്ന ധാന്യ വർഗ്ഗങ്ങൾ തേടിയെത്തുന്ന അണ്ണാറക്കണ്ണന്മാർ, 80 വർഷത്തിലേറെ ജീവിക്കുകയും തന്റെ യജമാനന്മാരെ ഓർത്തുവയ്ക്കുകയും ചെയ്യുന്ന തത്തകൾ, ലോകത്തെ ഏറ്റവും സ്മാർട്ട് ആയ പക്ഷികൾ എന്ന ഖ്യാതി നേടിയിട്ടുള്ള കാക്കകൾ എന്നിവ മനുഷ്യനെ തോൽപ്പിക്കുന്ന ഓർമശക്തി ഉള്ളവയാണെന്ന് വിലയിരുത്തപെടുന്നു

**5. ഉറക്ക മത്സരം**

ആനകളും കുതിരകളും രണ്ടു മുതൽ മൂന്നു മണിക്കൂർ ഉറങ്ങുമ്പോൾ ആട്, പശു, ഉറുമ്പ് എന്നിവ നാലു മണിക്കൂറിലേറെ ഉറങ്ങുന്നു. എന്നാൽ എട്ടുമണിക്കൂർ ഉറങ്ങുന്ന മനുഷ്യന് പ്രതീക്ഷയുള്ള മത്സരമാണ് ഈ വിഭാഗം. സാധാരണഗതിയിൽ പത്തു മണിക്കൂർ ഉറങ്ങുന്ന നായ്ക്കളും 12 മണിക്കൂർ ഉറങ്ങുന്ന പൂച്ചകളും നേരിയ രീതിയിൽ വെല്ലുവിളി ഉയർത്തുന്നുണ്ട്. എന്നാൽ വേണ്ടിവന്നാൽ 24 മണിക്കൂറും കിടന്നുറങ്ങാൻ മനുഷ്യന് സാധിക്കും എന്നതുകൊണ്ടുതന്നെ ഈ മത്സരത്തിൽ ഒന്നാം സ്ഥാനം നേടാൻ മനുഷ്യനാകും.





# ഒരു നാട്ടൻ പ്രേമലു



**ഡോ. ഡി. ഷൈൻകുമാർ**
ചീഫ് വെറ്ററിനറി ഓഫീസർ,
ജില്ലാ വെറ്ററിനറി കേന്ദ്രം, കൊല്ലം
ഫോൺ : 9847111827

നിർമ്മല പ്രേമമേ നിന്നടുത്തെത്തുമ്പോൾ
നിന്നെയുമെന്നെയും കാണുന്നതില്ല ഞാൻ

പ്രണയകവി ചങ്ങമ്പുഴ എഴുതിയ കാവ്യത്തിന്റെ ശോഭ പോലെ ജനസഞ്ചയം പ്രേമത്താൽ ഒഴുകിയിറങ്ങുന്ന ഒരു അരുമപ്രപഞ്ചം കേരളത്തിലുണ്ട്, കണ്ണൂരിൽ.

അറബിക്കടലിനും വളപട്ടണം പുഴയ്ക്കുമിടയിൽ മാട്ടൂൽ എന്ന ഗ്രാമത്തിൽ പെറ്റ് സ്റ്റേഷൻ എന്ന പേരിലാണ് അത്. അവിടെയെത്തുന്നവർ നിമിഷാർദ്ധം കൊണ്ടുതന്നെ ഒരു മായാലോകത്തിലെത്തും. സൗന്ദര്യത്തിന്റെ ഒരു പെരുംതിര ഉള്ളിൽ പതയുമ്പോൾ അതിനെ കീഴടക്കാൻ തൊട്ടുമുന്നിൽ സാഗരഗർജ്ജനവും ഉണ്ടാകും.

സബീർ എന്ന ചെറുപ്പക്കാരൻ മാട്ടൂൽ കടൽത്തീരത്ത് പെറ്റ് സ്റ്റേഷൻ ആരംഭിച്ചിട്ട് ഒരു വ്യാഴവട്ടം പൂർത്തിയാകുന്നു. സ്വർണ്ണവും, നീലിമയുമൊക്കെ ചാലിച്ച മക്കാവ് തത്തകൾ മുതൽ ഒട്ടകപക്ഷികളും, എമുവുമൊക്കെ യഥേഷ്ടം വാഴുന്ന ഒരിടം. പല്ലികൾ മുതൽ പാമ്പുകൾ വരെയും പൂച്ച മുതൽ പൂച്ചമത്സ്യങ്ങൾ വരെയും സസുഖം വാഴുന്ന ഭൂമിക.

കൂടുകളുടെ ചിട്ടയുണ്ടെങ്കിലും എല്ലാത്തിനും അവരവരുടെതായ നൈസർഗിക അന്തരീക്ഷം ഒരുക്കിയെന്നതാണ് പെറ്റ് സ്റ്റേഷന്റെ മേന്മ.

ആ ചുറ്റുവട്ട അഴകിന്റെ പ്രസരിപ്പിൽ ആരും ഒന്ന് കണ്ണ് ചിമ്മിപ്പോകും. താമരപ്പൂ മണം തെരളുന്ന സരോവരങ്ങൾ, വനസ്പതികളും ലതകളും പൂത്തുനില്ക്കുന്ന ചിത്രാരണ്യങ്ങൾ, പാതിവെളിച്ചം മാത്രം പരന്നു കിടക്കുന്ന പർവ്വത ഗുഹകൾ, സൂര്യവെളിച്ചം ചിതറിത്തെറിക്കുന്ന കടൽത്തീര സൈകത ഭൂമികൾ.

അങ്ങനെ അനുഭൂതിയുടെ ആരാമങ്ങൾ കണ്ടുനടക്കാം. പനിനീർപ്പൂക്കളുടേയും പാതിരാപ്പൂക്കളുടേയും വസന്ത സൗരഭ്യം ആസ്വദിക്കാം. സന്ധ്യയാകുമ്പോഴേക്കും മരങ്ങളെ നക്ഷത്രക്കൂടാരമാക്കുന്ന മിന്നാമിന്നുകൾ ശോഭിച്ചു തുടങ്ങും. മുനിഞ്ഞു കത്തുന്ന ചീനവിളക്കുകൾ അങ്ങിങ്ങായി തെളിഞ്ഞു വരും. ഏതരസികന്റേയും മനസ്സിൽ മായാത്ത ഒരു സ്നേഹമുദ്ര അപ്പോഴേയ്ക്കും പതിഞ്ഞിരിക്കും.

മാട്ടൂലിലെ അരുമസ്വർഗ്ഗത്തിന്റെ ലാവണ്യ കാഴ്ചകൾ എന്തൊക്കെയാണെന്ന് നോക്കാം.

## അശ്വഗന്ധർവന്മാർ

ടോർക്ക് എന്ന പേരിൽ ഒരു അശ്വഗന്ധർവ്വൻ ഉണ്ടിവിടെ. കടലിന് നേരെ അവൻ നിന്നാൽ അതൊരു തലയെടുപ്പാണ്. മേനിയിൽ സപ്തവർണ്ണങ്ങൾ ലയിച്ചുചേർന്ന ശുഭ്രശോഭ. ഉദിച്ച് നില്ക്കുന്ന കുഞ്ചിരോമങ്ങളും ചുഴറ്റുന്ന വാൽചാമരവും അഴകാണ്. ഓരോ കാഴ്ചയിലും ലാവണ്യത്തിന്റെ പെരുമ. കടൽത്തിരയുടെ ഗർജ്ജനങ്ങളോടൊപ്പം ഉള്ളിലൊതുക്കുന്ന വ്യാമോഹങ്ങളുമായി ടോർക്ക് മണ്ണിൽ കുതിക്കുന്നുണ്ട്. അഴകിന്റെ അശ്വമേധം കാണണമെങ്കിൽ ഇവിടെയെത്തണം. അവനോടൊപ്പം ബോണിയുണ്ട്. ശ്യാമവും ശുഭ്രവും ചേർന്ന അഴകുണ്ട് ബോണിക്ക്. തെങ്ങിൻതോപ്പിലൂടെയാണ് നടത്തം. ചെവികൾ ഉയർന്ന ശലഭസമാനമായ സൗന്ദര്യം. നെറ്റിച്ചുട്ടിയും, നീലക്കണ്ണുമൊക്കെ അവനിൽ അഭിമാനത്തിളക്കത്തോടെ നിൽക്കും. വായിലൂടെ ശ്വാസമെടുക്കില്ല. നിന്നുകൊണ്ട് ഉറങ്ങും. 360 ഡിഗ്രിയോളം കാഴ്ചവ്യത്തം. ചെറുശബ്ദങ്ങളോടു പോലും നന്നായി പ്രതികരിക്കും. പ്രസവിച്ചാലുടൻ കുതിരക്കുട്ടി എഴുന്നേറ്റ് ഓടിക്കളയും. ഓർമ്മകളുടെ തമ്പുരാന്മാരാണ് കുതിരകൾ. അങ്ങനെ ഒത്തൊരിയൊത്തിരി വിശേഷങ്ങൾ കുതിരകളുടേതായി സബീർ പറഞ്ഞു.

## സ്പിൻക്സ് - രോമരഹിത മാർജ്ജാരൻ

ആരുടേയും കണ്ണുടക്കി പോകുന്ന പൂച്ചയെ കണ്ടു. രോമങ്ങളേയില്ലാത്ത സ്പിൻക്സ്. മുഖത്തെ ചുളിവുകൾ മേനിയാകെ ചിത്രം വരയ്ക്കുന്നുണ്ട്. ഉരുളൻ ചെവികളുടെ ഗരിമ ആരിലും ചിരിയുണർത്തും. മേനിക്ക് ചേരാത്ത ഗൗരവമുണ്ട് കണ്ണുകളിൽ. കനേഡിയൻ സ്പിൻക്സ് എന്ന പൂച്ചയുടെ ജനനം ടൊറന്റോയിലാണ്. പീറ്റർ ബാൾഡ്, ഡോൺ സ്കോയ് എന്നീ വിഖ്യാതരായ രോമരഹിത



മാർജാരന്മാരെ ഇണചേർത്തുണ്ടായവരാണ് സ്പിൻക്സ്. വവ്വാലിനെപ്പോലെ വലവിരിച്ച പാദങ്ങളും, കൂർത്ത നഖങ്ങളുമുണ്ടെങ്കിലും ആരെയും നോവിക്കില്ല. ഒറ്റയ്ക്കായാൽ അവൻ എല്ലാവരേയും വെറുക്കും. തണുപ്പിഷ്ടമില്ല. വീടിനുള്ളിൽ കഴിയാൻ തന്നെയാണിഷ്ടം. ഇടയ്ക്കിടയ്ക്കുള്ള കുളി വലിയ ഇഷ്ടം. നാരങ്ങാക്കണ്ണുകളും നീളൻചെവിയുമാണ് അവന്റേതായി ആരും ഓർക്കുന്നത്.

### മർമോസെറ്റ്-കോമാളിക്കുരങ്ങ്

കുഞ്ഞൻ കോമാളിക്കുരങ്ങാണ് മർമോസെറ്റ്. കുഞ്ഞന്മാരിലെ ഇത്തിരിക്കുഞ്ഞൻ. ഏറിയാൽ എട്ട് ഇഞ്ച് നീളം. സാർക്ക് എന്ന ഓമനപ്പേരിലും അറിയപ്പെടും. തെക്കൻ അമേരിക്കയിലാണ് ജനനം. മരച്ചില്ലകളിൽ ചാടിച്ചലിക്കുന്ന മർമോസെറ്റിന് ഇവിടെയും ചില്ലകൾ തന്നെ അഭയം. പഴങ്ങളും, പ്രാണികളും, ഇലകളും, പഴച്ചാറുകളുമാണ് പ്രിയം. അടുക്കിവച്ച രോമപ്പുതപ്പാണ് മേനി. ചെവിയിൽ നിന്നും വശങ്ങളിലേക്ക് തെറിച്ച് നിൽക്കുന്ന കൂട്ടരോമങ്ങൾ കാഴ്ചയ്ക്ക് കൗതുകം തന്നെ. ആണ്ടിൽ രണ്ട് പ്രസവിക്കുന്ന മർമോസെറ്റ് കുഞ്ഞന്മാർ ഒറ്റപ്രസവത്തിൽ മൂന്ന് മുതൽ നാല് വരെ കുഞ്ഞുങ്ങളെ നൽകും. 20 ആഴ്ചയാണ് ഗർഭകാലം. കമാന്റ് കിട്ടേണ്ട താമസം വിരൽത്തുമ്പിൽ നിന്നും കുതിച്ച് തോളിലെത്തും. വൈറ്റ് ടഫ്റ്റഡ് എന്നാൽ ചെവിക്ക് ചുറ്റും വെള്ളരോമങ്ങൾ പൊതിയുന്നവർ. ഓരോ ഇരകൾക്കും വേണ്ടി പ്രത്യേക തരത്തിലുള്ള ശബ്ദമുണ്ടാക്കുന്നവർ എന്ന ഖ്യാതിയുമുണ്ട് ഇവർക്ക്. വർണ്ണങ്ങൾ തിരിച്ചറിയാൻ കഴിയാത്തവരാണ് ആൺകുരങ്ങുകൾ.

### അർജന്റൈൻ ടെഗു എന്ന സ്റ്റാർ

പുള്ളിക്കാരൻ സ്റ്റാറാണ് എന്നാരും പറഞ്ഞുപോകും. ശ്യാമ, ചന്ദന നിറങ്ങളുടെ ചാർത്തുകളും ചിത്രകലയും മേനി നിറയെ. കൈകളിൽ കറുത്ത പൊട്ടുകൾ വിരിച്ച് നാലുവിരലുകൾ വിടർത്തിയങ്ങനെ നിന്നാൽ ടെഗു ഒരു ടെററാണ്. ശരവേഗ ചലനങ്ങളുടെ ഇരട്ടനാവ് എപ്പോഴും പുറത്തിടും. ചുരുക്കിയും വികസിപ്പിച്ചും മേനി ചലിപ്പിച്ച് ഒരു കുതിപ്പിന് തയ്യാറാണ് എന്നറിയിക്കും. രണ്ടടി വരെ നീളത്തിൽ വളരുന്ന ഇവർ ശിശിര കാലത്ത് ഉറക്കത്തിലേക്ക് വീഴും. മുട്ട, പഴം, പ്രാണികൾ എന്നിവയാണ് ആഹാരം. ഉപദ്രവിച്ചാൽ വാൽ മുറിച്ച് കബളിപ്പിച്ച് കടന്നുകളയും.

### പ്രശസ്തിയുടെ പൊക്കം-ലെപ്പാഡ് ജെക്കോ

കാണാൻ സുന്ദരൻ. കരിമ്പുള്ളി കമ്പളം മേനിയിൽ വിരിച്ചപോലെയുള്ള അഴക്. ചെറുപ്പത്തിൽ ഈ പുള്ളികൾ വീഴില്ല. വിരലൊന്ന് തൊട്ടാൽ അത് ആസ്വദിച്ചങ്ങനെ പറ്റിപ്പിടിച്ച് നിൽക്കും. കഴിവുകൾ ഏറെയുണ്ട് ജെക്കോയ്ക്ക്. രാത്രികാഴ്ച സമൃദ്ധം. വർണ്ണക്കാഴ്ചകളിൽ മനുഷ്യനേത്രങ്ങളേക്കാൾ 350 ഓളം മടങ്ങ് ശേഷി. കൺപോളകളുടെ ദ്രുതചലന ശേഷിയാണ് ജെക്കോയെ അരുമപ്രേമികൾക്ക് പ്രിയകരമാക്കുന്നത്. തോൽ പൊളിച്ചു കളഞ്ഞ് ശത്രുക്കളിൽ നിന്നും രക്ഷനേടും.

### ടറൻടുല - വെറുമൊരു ചിലന്തിയല്ല വേറിട്ടൊരു ചിലന്തി



ചിലന്തിയാണെന്ന് കരുതി ഓടണ്ട. അർജന്റീനക്കാരാണ് ഇവർ. പുതുകാലത്ത് ഹരമായ രോമചിലന്തി. എട്ടുകാലുകളിലൂടെ അവർ യജമാനന്റെ കൈകളിൽ സഞ്ചരിക്കും. കണ്ണിന് മുന്നിലുള്ള ഇരട്ട ആന്റിനകളാണ് ഇരപിടുത്തത്തിന് സഹായിക്കുക. ഇരുപത് സെന്റീമീറ്റർ വരെ വലുപ്പത്തിൽ വളരും. മേനി മുഴുവൻ സെൻസറുകളാണ്. അതുകൊണ്ടു തന്നെ ടറൻടുലയെ തോല്പിക്കാമെന്ന് ആരും കരുതണ്ട. ഭൂമിയിലെ തരംഗങ്ങളും കാറ്റിന്റെ ചലനങ്ങളുമൊക്കെ ടറൻടുല അറിയും. 900 ഓളം വിവിധയിനങ്ങളുണ്ട്. നഖത്തിന്റെ വലുപ്പം മുതൽ ഊണുപാത്രത്തിന്റെ വലുപ്പം വരെയുള്ളവർ ഇക്കൂട്ടരിലുണ്ട്. മറ്റു ചിലന്തികളെപ്പോലെ തന്നെ വലനെയ്യാൻ ഇവരും വിരുതർ.

### വരുന്നു; ബേഡഡ് ഡ്രാഗൺ

ഡ്രാഗൺമാരുടെ ചരിത്രത്തിന് ചൈനയോളം പഴക്കമുണ്ട്. പല്ലികുടുംബത്തിൽ നിന്നും 70 കിലോയോളം വളർന്നവരാണ് ഡ്രാഗൺമാർ. അന്നൊക്കെ പേടിപ്പെടുത്തിയിരുന്ന കൊമോഡോ ഡ്രാഗണെ തോൽപ്പിക്കുവാൻ അതിന്റെ ഇളംതലമുറക്കാർ വരുന്നുണ്ട്. ബേഡഡ് ഡ്രാഗൺ ഇന്ന് ലോകപ്രശസ്ത അരുമകളാണ്. താടിയുള്ള പല്ലിവർഗ്ഗം. ആസ്ട്രേലിയയിലാണ് ജനനം. അതി താപത്തിൽ ലിംഗമാറ്റം വരെ നടത്താൻ കഴിവുള്ളവരാണിവർ. മരം കയറാൻ വിദഗ്ദ്ധർ. വൈകാരിക പ്രകടനങ്ങൾ താടിയിൽ കാണിക്കും. പല്ലുകൾ പൊഴിച്ച് പുതുപല്ലുകൾ വരുന്നതോടെ പ്രായമറിയാം. തലയിൽ വെള്ളം സംഭരിച്ച് വയ്ക്കും. ചർമ്മ മുകുളങ്ങൾ വഴി ആശയവിനിമം നടത്തും. നിറങ്ങളുടെ വർണ്ണക്കുടമാറ്റം എപ്പോൾ വേണമെങ്കിലും മേനിയിൽ സംഭവിക്കാം. അങ്ങനെ അനേകം കൗതുകങ്ങൾ.

### ബാൾ പൈത്തണും, പേസൽ പൈത്തണും

പെറ്റ് സ്റ്റേഷനിൽ സബീർ എത്തിയാൽ പിന്നീട് സർപ്പങ്ങൾ കൂടെയെത്തും. ബാൾ പൈത്തണും, പേസൽ പൈത്തണുമൊക്കെ സബീറിന്റെ കൂട്ടുകാർ. ആ കാഴ്ച കാണാൻ ആയിരങ്ങൾ അഭിമുഖമായി നിന്നുകൊള്ളും. പാവങ്ങളാണ് ബാൾപൈത്തൺമാർ. വിഷം തീരെയില്ല. കടിച്ച് മുറിവേൽപ്പിക്കില്ല. 30 വർഷത്തോളം ആയുസ്സുണ്ട്. നാലടിയോളം നീളത്തിൽ വളരും. മദ്ധ്യആഫ്രിക്കയിലെ മരുഭൂമികളിലാണ് വിഹാരം. മൂന്നു മുതൽ നാലടി വരെ നീളത്തിൽ വളരും. ഇരകളെ ഞെരിച്ച് കൊന്നാണ് അകത്താക്കുന്നത്. രാത്രി സജീവമാകുന്നവരാണ് ഇരുവരും.



### നിറങ്ങളുടെ പുരം-കോയിക്കാർപ്പുകൾ

പൂമുറ്റമാകെ ഒരു തടാകമാണ്. അവിടെ നീന്തിത്തുടിക്കുവാൻ കോയിക്കാർപ്പുകളുണ്ട്. ജപ്പാനിലെ യമക്കോഷി ഗ്രാമത്തിൽ പിറന്ന മത്സ്യങ്ങൾ. സൗന്ദര്യധാമങ്ങളാണ് കോയിക്കാർപ്പുകൾ. തലയിൽ തീപ്പൊട്ടുള്ള കൊഹാക്കു, ചുവന്ന പൊട്ടുകളുള്ള ഉൽസുരി മോണോ, മുതുകിൽ ശ്യാമപ്പൊട്ടുള്ള ബൊക്കോ എന്നിവരൊക്കെയും പെറ്റ് സ്റ്റേഷനിലുണ്ട്. കൈകളിൽ പെല്ലറ്റുമായി ചെല്ലുകയേ വേണ്ടു. അവർ വെള്ളത്തിന് മുകളിലെത്തും. സ്ഥലജല വിഭ്രാന്തിയാണ് പിന്നീട്. നീരാടിയ നീരിനെ മറന്ന് അവർ കൈകളിലേക്ക് ചേക്കേറും. തീറ്റലഹരിയുടെ പെരുമ്പറ മുഴക്കം നീർപൊയ്കകളിൽ നിന്നുയരും. 30 മുതൽ 40 വർഷം വരെ ജീവിക്കുന്ന കാർപ്പുകളുണ്ട്. നാലടിയോളം നീളത്തിൽ വളരുന്നവരും ഇവരിലെ കൗതുകമാണ്.

### പ്രാവുകൾ - ശാന്തിദൂതർ

പ്രാവുകൾക്കായി ഒരു വലിയ കൂടാരം തന്നെ പെറ്റ് സ്റ്റേഷനിലുണ്ട്. വിശ്വമാകെ കീർത്തിയുള്ള ചിലരെ ഇവിടെ കണ്ടു. ഓറിയന്റൽ ഫ്രിൽ ടർക്കിക്കാരാണ്. ഇപ്പോഴത്തെ ഹംഗറി എന്ന മാനിസയിലെ സുൽത്താന്മാരുടെ ഓമനകൾ. നിറങ്ങളുടെ ചിത്രച്ചാർത്ത് ഒട്ടിച്ച് ചേർത്തതാണ് ആ മേനിയഴക്. അത് പ്രദർശിപ്പിക്കുവാനും വേണം ഒരു വിരുത്. ഇംഗ്ലീഷ് കാരിയറിന്റെ കൗതുകം മേൽചുണ്ടിലെ വൃത്താകൃതിയിലുള്ള മാംസള മുഴകളാണ്.

പൗട്ടറിനെ കൈയിലെടുത്താൽ ഊതി നെഞ്ച കം വീർപ്പിക്കാത്തവർ രസികന്മാരേയല്ല.

### കരിക്ക് പ്രിയമാക്കി ഷുഗർ ഗ്ലൈഡർ

ഷുഗർ ഗ്ലൈഡർ ഒരിടത്ത് ഒറ്റക്കിരുന്ന് തേൻ കുടിക്കുന്നു. പകൽ ആയതുകൊണ്ടാണ് അടി



യാനായി ഒതുങ്ങുന്നത്. രാത്രിയിൽ ഒരു പുലി യാവുന്ന ഷുഗർ പകലത്രയും എലിയെപ്പോലെ പതുങ്ങിയിരിക്കും. ശ്വാസം കുറച്ച് കൊണ്ടുവന്ന് ശരീരതാപം നിയന്ത്രിക്കാൻ കഴിവുള്ളവർ. 45 മീറ്ററോളം ഉയരമുള്ള തെങ്ങിൽ കയറാൻ ഗ്ലൈ ഡറിന് 4 സെക്കന്റ് പോലും വേണ്ട. മരങ്ങളിൽ നിന്ന് മരങ്ങളിലേക്ക് ചാടുവാൻ വിരുതരാണ്.

### മത്സ്യസുന്ദരി-പ്ലാറ്റിനം ഗാർ

സ്ഫടിക ടാങ്കിന്റെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങിത്തീരാത്ത സൗന്ദര്യ ചക്രവർത്തി കളുണ്ട്. പ്ലാറ്റിനം ഗാർ. ഈ മുതല വിഭാഗ ത്തിൽപ്പെട്ട മത്സ്യങ്ങൾ അത്ര സാധാരണമല്ല. ആദിമ മത്സ്യങ്ങളുടെ ഗോത്രത്തിൽപെടുന്ന വരാണിവർ. അറുപത് ഇഞ്ചോളം നീളത്തിൽ വളരാം. വെൺചിറകുകളുടെ ആലാസ വിന്യാസം കൊണ്ട് പ്ലാറ്റിനം ആരെയും ആകർ ഷിക്കും. കടുംനീലയുടെ പെരുമയാണ് റെഡ് ടൂത്ത് ട്രിഗറിന്. എന്തും തീറ്റയാക്കുന്ന റെഡ് ടൂത്ത് ജലത്തിലെ നീലസുന്ദരി തന്നെ. റെഡ് ക്രാബുകൾ ഇപ്പോൾ വിരളമാണ്. കൂട്ടത്തോടെ സമുദ്രത്തിലേക്ക് പലായനം ചെയ്യുന്നവരാണ് ഇവർ. ക്രിസ്തുമസ് ഐലന്റ് റെഡ് ക്രാബും ആപ്പിൾ കഷ്ണവും തമ്മിൽ മല്ലിടുന്ന മറ്റൊരു കാഴ്ചയും അക്വേറിയത്തിൽ കണ്ടു.

### മുയൽ എന്നാൽ മിനി ലോപ്

ന്യൂസിലന്റ് വൈറ്റും, സോവിയറ്റ് ചിഞ്ചില യുമൊക്കെ അവിടെ നിൽക്കട്ടെ. അങ്കോറയും മിനി ലോപുമാണ് ഇപ്പോൾ താരങ്ങൾ. വെൺ രോമ പട്ടുപുതച്ച മേനിയാണ് അങ്കോറയ്ക്ക്. അങ്കോറയെ വെല്ലാൻ ജർമനിയിൽ നിന്നും മിനി ലോപ് എത്തിക്കഴിഞ്ഞു. വദനത്തെ പുതയ്ക്കുന്ന ചെവിയിതളുകളും, വൃത്ത തല യുമൊക്കെ ചേർന്ന് അവരെ ഹൃദയഹാരികളാ ക്കും. വീടിനുള്ളിൽ കഴിയാനും മിനി ലോപ് തയ്യാറാണ്. കുട്ടികളോട് നന്നായി ഇണങ്ങും. ബുദ്ധിമാന്മാരുമാണ്. പരിശീലനങ്ങൾ നൽകി യാൽ നന്നായി അനുസരിക്കും.

### നീരാട്ടിന് കറുത്ത അരയന്നങ്ങൾ

ഇതിഹാസത്തിലും പുരാണത്തിലുമൊക്കെ കേട്ടിട്ടുള്ള കറുത്ത അരയന്നങ്ങൾ വന്നു കഴിഞ്ഞു. നളദമയന്തി കഥ പെറ്റ് സ്റ്റേഷൻ പൂമുഖത്ത് നവരചന നടത്തുകയാണ്. പനി നീർ നിറ ചുണ്ടുകളുടെ സമൃദ്ധിയും, ചാരനിറ തൂവലുകളുടെ സ്നിഗ്ദ്ധതയും അവർക്കുണ്ട്. ആസ്ട്രേലിയക്കാരാണ് ബ്ലാക്ക് സ്വാൻ. പ്രകൃതി ശാസ്ത്രജ്ഞനായ ജോൺ ലാഥം ആണ് ഇവരെ കണ്ടെത്തിയത്. അരയന്നങ്ങളോടൊപ്പം നീരാ ടുവാൻ അമേരിക്കൻ താറാവുകളായ കയുഗമു ണ്ട്. മയിൽപ്പച്ച നിറമുള്ള ഇവരുടെ കഴുത്തിൽ



സൂര്യശോഭ വെട്ടിത്തിളങ്ങുന്നുണ്ട്. ഇറച്ചിത്താറാവുകളാണ് കയുഗ. മഞ്ഞചുണ്ടുള്ള പൊമറേനിയൻ ഗൂസും അവരോടൊപ്പം കൂടിയിട്ടുണ്ട്.

### കൊലയാളി സ്റ്റിംഗ്റേ

പേടിയുണർത്തുന്ന ഒരു സ്ഫടിക ടാങ്കിന്റെ മുന്നിലെത്തി. പാരറ്റ് ഫിഷ് എന്ന പാവങ്ങളോടൊപ്പം ഒരു വില്ലൻ കഴിയുന്നുണ്ട്. ലോകപ്രശസ്ത പ്രകൃതി സംരക്ഷകനായ സ്റ്റീവ് ഇർവിനെ കൊലപ്പെടുത്തിയ തലമുറയിലെ ഇനം. ബ്ലാക്ക് ഡയമണ്ട് സ്റ്റിംഗ്റേ. നീണ്ട വാലുണ്ട് ഇവർക്ക്. പപ്പടം പോലെയുള്ള കറുത്ത മേനിയിൽ സ്വർണ്ണപുള്ളികൾ. വിഷം കരുതിയ വാൽകൊണ്ടുള്ള അടിയിൽ ആരും താഴെ വീഴും.

### സബീർ എന്ന നായകൻ

സ്വയം മറന്ന് പോരാടിയവരേ ചരിത്രം സൃഷ്ടിച്ചിട്ടുള്ളൂ. അറിയാത്ത അത്ഭുതങ്ങൾ ഉള്ളിലൊളിപ്പിക്കുന്ന കടൽ പോലെ ഇനിയും പുറത്ത് വരാത്ത മോഹങ്ങൾ സബീറും ഉള്ളിലൊളിപ്പിക്കുന്നുണ്ട്. അതിലൊക്കെയും വാണിജ്യതാൽപര്യങ്ങളില്ല. സ്നേഹത്തിന്റെ സ്വരവ്യഞ്ജനങ്ങൾ മാത്രം.

ജീവിതത്തിന്റെ കനലും കനകാംബരവും സബീറിന് ഈ കൂടാരം തന്നെ. തിരയും തീരവും ചുംബിച്ചുറങ്ങുന്ന മാട്ടൂൽ കടൽത്തീരത്ത് അത് ദിനവും ആയിരങ്ങളുടെ മനസ്സിൽ ആനന്ദകാഴ്ചകളുടെ പൂപ്പാലിക തീർക്കുന്നുണ്ട്. അതു നൽകുന്ന സായൂജ്യം ചില്ലറയൊന്നുമല്ല.

**സബീർ.വി.ആർ**
ഫോ : 9746463636, 9567142424

# കർഷക ബാല്യങ്ങൾ

കാലിയെ മേയ്പ്പവനെന്നതു ചൊല്ലുകിൽ
ഇത്രയും ഹാസ്യമെന്തിനെന്നച്ഛാചൊൽ?
നമ്മളാലല്ലയോ ക്ഷീരം കുടിക്കുകിൽ ഏവരും
എന്നിട്ടുമെൻ പ്രിയൻ ചൊല്ലുന്നു വിട്ടകലൂ നീ

നീരസപൂർവ്വമാപൈതലിൻ വാക്കുകൾക്കുത്തര
മായ് ദൂരേക്കുനീട്ടി ചൊല്ലിനേൻ
നോക്കുനീ ഹരിതാഭമാം കേദാരഭൂവിലായ്
അജസുരഭീകാന്തിരുദിതം ദർശിപ്പൂനീ

ഇന്നീ ഗൃഹത്തിന്റെ പഷ്ണിയകറ്റുവാൻ
ഇന്നീധരിത്രിയിൽ മരുപച്ചയേകീടാൻ
ഇന്നീകൃഷിവലൻ കർമ്മോന്മുഖനാവാൻ
ഇവറ്റകൾ നാമമാത്രേ ബാക്കിനിൽപ്പൂ

ജാള്യതയൊന്നുമേ നിനച്ചിടേണ്ടനീ
ഇക്കഥ ഏവം മറന്നുകൊൾകതും
ഇത്രയും ചൊൽകയിൽ താതനോർപ്പൂ
കാലമെത്രപോവുകിൽ കഴിഞ്ഞതിനൊക്കുമോ
വരുംകാലംമേവം സദാ!



**അരുൺ കുമാർ വി**
ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ
വെറ്ററിനറി സബ്സെന്റർ
പുതിയോട്ടുംവയൽ

# എല്ലാ പനിയും പനിയല്ല പന്നിപ്പനിയേ പനിയൊള്ളൂ





**ഡോ.എൻ. അജയൻ കൂടൽ**
മുൻ ജോയിന്റ് ഡയറക്ടർ
മൃഗസംരക്ഷണ വകുപ്പ്
Ph: 9447324846
drajayankoodal@gmail.com

നാടും നഗരവും പനികൊണ്ട് വിറച്ച് തുള്ളുന്ന കലുഷിത കാലമാണിപ്പോൾ; മനുഷ്യരിലും മൃഗങ്ങളിലും പലതരം രോഗ പീഡകളാണെവിടെയും. കോവിഡനന്തര ജ്വരങ്ങൾ വേറെയും. മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യ ചിന്തകൾ ഒന്നാക്കുന്ന ആശയത്തിനാണ് 'ഏകാരോഗ്യം ഏകലോകം' ലക്ഷ്യമിടുന്നത്.

അടുത്തകാലത്ത് പന്നികളിൽ കൂട്ടമരണമുണ്ടാക്കിക്കൊണ്ട് കടന്നുവന്ന നിശ്ശബ്ദ കൊലയാളിയാണ് സൗത്ത് ആഫ്രിക്കൻ പന്നിപ്പനി. ഇത് 1957-ലാണ് യൂറോപ്പിലെത്തിയത്. 2020-ൽ ഇന്ത്യയിലുമെത്തി. 2022-ൽ ദക്ഷിണേന്ത്യയിൽ ആദ്യമായി കേരളത്തിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചതിനെ തുടർന്ന് വളർത്തുപന്നികളിലും കാട്ടുപന്നികളിലും നിരീക്ഷണം തുടരുകയാണ്. ഏറ്റവും ഒടുവിലത്തെ സെൻസസ് പ്രകാരം 90.6 ലക്ഷം പന്നികൾ ഇന്ത്യയിലുണ്ട്. പന്നിക്കടത്ത് അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ സർക്കാർ നിരോധിച്ചിട്ടുണ്ട്. സൂകരസന്നി (ക്ലാസിക്കൽ സ്വൈൻ ഫീവർ) എച്ച് 1 എൻ1 (പന്നിപ്പനി) എന്നിവ കേരളത്തിൽ മുമ്പ് പലവട്ടം റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. വയനാട്ടിൽ കണിയാരം തവിഞ്ഞാലിലെയും മാന്തവാടിയിലെയും കണ്ണൂരിലെയും സ്വകാര്യ ഫാമുകളിൽ പന്നികൾ കൂട്ടത്തോടെ ചത്തതിനെ തുടർന്ന് ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി ലാബിൽ നടത്തിയ പരിശോധനയിലാണ് സൗത്ത് ആഫ്രിക്കൻ പന്നിപ്പനി രോഗം സ്ഥിരീകരിച്ചത്.

എച്ച്1 എൻ 1 എന്ന പേരിലറിയപ്പെടുന്ന പന്നിപ്പനി (സ്വൈൻ ഫ്ളൂ അഥവാ നോർത്ത് അമേരിക്കൻ സ്വൈൻ ഇൻഫ്ളുവൻസ), ഫ്ളേവി വൈറിഡേ കുടുംബത്തിൽപ്പെട്ട പെസ്റ്റി വൈറസ് (Pestevirus) മൂലമുണ്ടാകുന്ന സൂകരസന്നി അഥവാ ക്ലാസിക്കൽ സ്വൈൻ ഫീവർ എന്നിവയിൽ നിന്ന് വിഭിന്നമാണ് തെക്കേആഫ്രിക്കൻ സ്വൈൻ ഫീവർ. ഇതുണ്ടാക്കുന്നത് ആസ്ഫീ ജനുസിൽപെട്ട അസ്ഫാർ വൈറിഡേ കുടുംബത്തിലെ ഡി.എൻ.എ വൈറസുകളാണ് ഹേതു. ഓർണിത്തോ ഡോറോസ് എന്ന ജനുസിലെ ചെള്ളുകടിയിൽ നിന്നാണത്രേ പന്നികളിൽ വൈറസിന്റെ ഉത്ഭവം. ആഫ്രിക്കൻ സ്വൈൻ ഫീവറിന് മരുന്നോ വാക്സിനോ ലഭ്യമല്ല. മനുഷ്യരിലേക്കോ മറ്റ് മൃഗങ്ങളിലേക്കോ പകരില്ല എന്നതാണ് ആശ്വാസകരം. രോഗബാധയേറ്റ പന്നികൾ കൂട്ടത്തോടെ ചത്തൊടുങ്ങും. കടുത്ത പനി, ചെവികളുൾപ്പെടെ ശരീരം ചുവന്ന് തടി



ക്കുക. വിശപ്പില്ലായ്മ, ഛർദ്ദി, രക്തം കലർന്ന വയറിളക്കം, ചുമ, ശ്വസന പ്രശ്നങ്ങൾ, കണ്ണിൽ പീള കെട്ടുക, ഗർഭമലസൽ തുടങ്ങിയ ലക്ഷണങ്ങൾ മുന്നറിയിപ്പായി കരുതണം. സ്പ്ലീൻ, വൃക്കകൾ എന്നിവയുടെ വീക്കവും രക്താഭയും ക്ഷതികങ്ങളാണ്. പന്നികളുമായി ഇടപഴകുന്നവർ ജാഗ്രത പുലർത്തണം. ഭക്ഷണത്തിലൂടെ രോഗം പകരാനുള്ള സാധ്യത കുറവാണ്. നന്നായി പാകം ചെയ്ത പന്നിമാംസം കഴിച്ചാലും രോഗമുണ്ടാകില്ല. 56 ഡിഗ്രി സെന്റീഗ്രേഡിൽ 70 മിനിറ്റിനകവും 60 ഡിഗ്രി സെന്റീഗ്രേഡിൽ 20 മിനിറ്റിനകവും വൈറസ് നശിക്കും. സോഡിയം ഹൈഡ്രോക്സൈഡ്, ക്ലോറിൻ, ഫോർമാലിൻ എന്നിവകൊണ്ട് നിർവ്വീര്യമാക്കാം.

ബീഹാർ, ആസാം സംസ്ഥാനങ്ങളിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും പന്നിപ്പനി സ്ഥിരീകരിച്ചപ്പോൾ തന്നെ സംസ്ഥാനം യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു. അതിർത്തി ചെക്കുപോസ്റ്റുകളിൽ ജാഗ്രതാ നിർദ്ദേശം നൽകി. പന്നിഫാമുകൾ അണുവിമുക്തമാക്കുകയും നിരീക്ഷണം കർശനമാക്കുകയും ചെയ്തു. പന്നികൾ ചത്താലോ രോഗമുണ്ടായാലോ ഉടൻ അധികൃതരെ അറിയിക്കാനാണ് നിർദ്ദേശം.

വളർത്തുപന്നികളുടെയും കാട്ടുപന്നികളുടെയും മരണനിരക്ക് 100 ശതമാനമാകും. പന്നി കർഷകരുടെ പേടിസ്വപ്നമായി മാറിക്കഴിഞ്ഞു ആഫ്രിക്കൻ പന്നിപ്പനി. രോഗം പൊട്ടിപ്പുറപ്പെടുന്ന പ്രഭവകേന്ദ്രത്തിന് 1 കി.മീറ്റർ ചുറ്റളവിലുള്ള എല്ലാ പന്നികളെയും കൊല്ലേണ്ടിവരും. കാർഷിക സമ്പദ്‌വ്യവസ്ഥയിലും പന്നികളുടെ അംഗസംഖ്യയിലും ഇതുമൂലമുണ്ടാവുന്ന പ്രത്യാഘാതങ്ങൾ ചെറുതല്ല. വടക്കുകിഴക്കൻ സംസ്ഥാനങ്ങളെപ്പോലെത്തന്നെ ഇന്ത്യയിലെ ഏറ്റവും വലിയ പന്നിമാംസ ഉപഭോഗ സംസ്ഥാനമാണ് കേരളം. പന്നി കർഷകരുടെ നഷ്ടം പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടികളെടുത്തു എന്നത് ഏറെ പ്രശംസയർഹിക്കുന്നു.

ഭക്ഷണാവശിഷ്ടങ്ങളും അടുക്കളമാലിന്യങ്ങളും തിളപ്പിച്ചാറിച്ചു നൽകുക. ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ അണുവിമുക്തമാക്കുക, സന്ദർശകരെ ഒഴിവാക്കുക, പുതുതായി എത്തിക്കുന്ന പന്നികളെ ഒരുമാസം മാറ്റി പാർപ്പിക്കുക, ഫാം ജീവനക്കാർ വ്യക്തിശുചിത്വം പാലിക്കുക തുടങ്ങിയ കരുതലുകളാകാം. പന്നിഫാമുകളിൽ ബയോസെക്യൂരിറ്റി, മാലിന്യനിർമ്മാർജ്ജനം എന്നിവ കാര്യക്ഷമമാക്കണം. രണ്ട് ശതമാനം വീര്യമുള്ള സോഡിയം/കാൽസ്യം ഹൈപോക്ലോറേറ്റ് ലായനി കൊണ്ട് അണുനശീകരണം നടത്തണം.

### സൂകരസന്നിയും എച്ച് വൺ എൻ വണ്ണും

നമ്മുടെ പൂർവ്വികർ പന്നിപ്പനിയെ വിളിച്ചിരുന്നത് സൂകരസന്നിയെന്ന പേരിലാണ്. (ക്ലാസിക്കൽ സൈ്വൻ ഫിവർ, ഹോഗ് കോളറ, സൂകരസന്നി). അമേരിക്കയിലെ ഒഹായോ വിൽ 1953 ൽ ആദ്യമായി കണ്ടെത്തി. 1951 ൽ ഇന്ത്യയിലുമെത്തി. നമ്മുടെ സംസ്ഥാനത്തും ഈ രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

രോഗഹേതുവായ പെസ്റ്റേവൈറസുകൾക്ക് ഏത് പ്രതികൂല പരിസ്ഥിതികളേയും നേരിട്ടുകൊണ്ട് വളരെക്കാലം വീര്യതയോടെ നിലനിൽക്കാനാവും. 56 ഡിഗ്രി സെന്റീഗ്രേഡിനെയും അതിജീവിക്കും. ശീതീകരിച്ച പന്നിമാംസത്തിൽ വർഷങ്ങളോളവും അഴുകിയ മാംസത്തിലും എല്ലുകളുടെ മജ്ജയിലും രോഗാണു ദിവസങ്ങളോളവും ജീവിക്കും. അടുക്കള വേസ്റ്റിൽ പെടുന്ന പന്നിയിറച്ചി കഷണങ്ങൾ തീറ്റയിലൂടെ മറ്റ് പന്നികൾക്കും രോഗമുണ്ടാക്കും.

സാധാരണ, തീറ്റയിലൂടെയാണ് രോഗപ്പകർച്ച. രോഗം ബാധിച്ച പന്നിയുടെ എല്ലാ സ്രവങ്ങളിലും വിസർജ്യങ്ങളിലും രോഗാണു കലർന്നിരിക്കുമെന്നതിനാൽ ഇവയുടെ സമ്പർക്കവും രോഗബാധയൊരുക്കുന്നു. കാട്ടു പന്നികൾ രോഗവാഹകരാണ് (കാരിയേഴ്സ്) തടിക്കുന്നതും വളരുന്നതുമായ പന്നികളാണ് രോഗത്തിന്റെ പ്രധാന ഇരകൾ. പന്നികളുമായി ഇടപെടുന്ന



വരും സന്ദർശകരും രോഗം വ്യാപിപ്പിക്കുന്നു. പന്നികളിൽ നിന്ന് മനുഷ്യരിലേക്കുള്ള രോഗപ്പകർച്ച വിദൂരമാണ്.

അമിതമായ ശരീരതാപം, കലശലായ ദാഹം, തളർച്ച, ചെവിയും തലയും താഴ്ത്തിപ്പിടിക്കൽ, വാൽ തൂങ്ങൽ, പിൻഭാഗം വളഞ്ഞു നിൽക്കൽ എന്നിവ സാധാരണ ലക്ഷണങ്ങളാണ്. രോഗം നെർവുകളെയും ബാധിക്കുമെന്നതിനാൽ ആടിയാടി നടക്കുകയും നടക്കുമ്പോൾ വീഴുകയും ചെയ്യുന്നു. രോഗികൾ കൂട്ടം കൂടി നിൽക്കുകയും തറയിൽ വിരിച്ച വയ്ക്കോലിനടിയിലേക്ക് ചുരുളുകയും ചെയ്യും. അമിതമായ കണ്ണീർ വാർക്കൽ, പീളയടിയൽ, ഛർദ്ദി, മലബന്ധം, വയറിളക്കം എന്നിവയുമുണ്ടാകും. മഞ്ഞ വെള്ളമാകും ഛർദ്ദിക്കുക. മുഖം, ചെവി, വയറിന്റെ അടിഭാഗം എന്നിവ രക്തവർണ്ണമാവുകയും രക്തം കട്ടപിടിച്ച് കാളിമ പടരുകയും ചെയ്യും. രക്തത്തി ശ്വേതാണുക്കൾ കുറയും (ലൂക്കോപീനിയ). വൻകുടലിലെ 'ബട്ടൺ അൾസറുകളുടെ' സാന്നിധ്യം പ്രധാന പോസ്റ്റുമോർട്ടം ക്ഷതികമാണ്.

സൂകര സന്നി മനുഷ്യന് പകരില്ലെങ്കിലും എല്ലാത്തരം മാംസവും നല്ലവണ്ണം വൃത്തിയാക്കി പാകം ചെയ്തുമാത്രം കഴിക്കുക.

## എച്ച് വൺ എൻ വൺ

ഇതും പന്നിപ്പനി (സൈ്വൻഫ്ളൂ) തന്നെ. 1990 ലെ പക്ഷിപ്പനിക്കുശേഷം 2009 ൽ പ്രത്യക്ഷപ്പെട്ട സൈ്വൻഫ്ളൂ പന്നി കാർഷിക വ്യവസായ മേഖലയിലുണ്ടാക്കിയ മാന്ദ്യം ചെറുതല്ല. പന്നികളിൽ ശ്വാസകോശ രോഗമുണ്ടാക്കുന്ന ഇൻഫ്ളുവൻസാ വൈറസിനങ്ങളാണ് സൈ്വൻ ഫ്ളൂവിന് കാരണക്കാർ. എ,ബി,സി എന്നിങ്ങനെയുള്ള ഇൻഫ്ളുവൻസാ വൈറസ് ടൈപ്പുകളിൽ 'എ' ആണ് ഏറെ അപകടകാരി. ഇവയുടെ ഉപവിഭാഗങ്ങളായ H1N1, H1 N2, H3N1, H3N2, H2N3 എന്നിവയാണ് സൈ്വൻ ഇൻഫ്ളുവൻസയുണ്ടാക്കുന്നത് ഇതിൽ തന്നെ H1N1 കൂടുതൽ അപകടകാരിയാണ്. പക്ഷിപ്പനി വൈറസുമായി (H5N1) ഇവ സാമ്യപ്പെട്ടിരിക്കുന്നു. പന്നികൾ വിവിധ വൈറസുകളുടെ ഒരു മിശ്രിത പാത്രമായി (Mixing Vessel) വർത്തിക്കുന്നു. സമ്പർക്കത്താൽ പന്നികളിൽ നിന്ന് മനുഷ്യരിലേക്കും തിരിച്ചും മനുഷ്യരിൽ നിന്നു മനുഷ്യരിലേക്കും രോഗബാധയുണ്ടാക്കാം. ചെറിയതോതിൽ സൈ്വൻ ഫ്ളൂ ബാധിച്ച പന്നികൾ രോഗവാഹകരാകാം. സമ്പർക്കത്തിലൂടെയും തുമ്മൽ, ചീറ്റൽ, മൂക്കൊലിപ്പ്, ശ്വസനം ഇവയൊക്കെ രോഗപ്പകർച്ചയുണ്ടാക്കുന്നു. നന്നായിവേവിച്ച പന്നിമാംസത്തിലൂടെ മനുഷ്യന് രോഗം പകരില്ല. തുടക്കത്തിൽ ആന്റിവൈറൽ മരുന്നുകൾ മനുഷ്യരിൽ നല്ല ഫലം ചെയ്യും. ഇൻഫ്ളുവൻസയെ കരുതലോടെ സമീപിക്കുകയാണ് വേണ്ടത്.



# നായകൾക്കും വേണം വ്യായാമം

**ഡോ. എം. ഗംഗാധരൻ നായർ**
മുൻ ഡെപ്യൂട്ടി ഡയറക്ടർ
മൃഗസംരക്ഷണ വകുപ്പ്

(സാകേത്
അയ്യന്തോൾ, പി. ഒ.
തൃശൂർ.680003
ഫോൺ. 9947452708)

അനേകായിരം വർഷങ്ങൾക്ക് മുമ്പേ തന്നെ ചെന്നായ്ക്കൾ മനുഷ്യരോട് ഇണങ്ങി ജീവിച്ചിരുന്നു. നായാട്ടിനായും കാലികൂട്ടങ്ങളുടെ കാവൽക്കാരനായും അതിർത്തി കാത്തുരക്ഷിക്കുന്നതിനായും മനുഷ്യർ ഇവയെ ഉപയോഗിച്ചിരുന്നു. സ്വതന്ത്ര വിഹാരിയായ ഇവ സ്വയം ഇരതേടി കാടുകളെ അഭയം പ്രാപിക്കുകയും ഇവയുടെ വ്യായാമം അറിയാതെ വന്നുചേരുമായിരുന്നു. ശാരീരികമായി മാത്രമല്ല ഇത് അവയ്ക്ക് മാനസികാരോഗ്യവും നൽകിയിരുന്നു. വീടിനകത്തോ കൂടുകളിലോ ഒതുക്കുന്ന ഇന്നത്തെ നായ്ക്കൾക്ക് ശാരീരിക-മാനസിക പ്രശ്നങ്ങൾ ഏറെയുണ്ട്. ഇത് ഒഴിവാക്കാനാണ് വ്യായാമം ആവശ്യമായി വരുന്നത്. ഓരോ നായയ്ക്കും പതിവ് വ്യായാമം ആവശ്യമാണ്. കാലക്രമേണ നായ നന്നായി പെരുമാറുകയും, ശാന്തത കൈവരിക്കുകയും ശ്രദ്ധ കേന്ദ്രീകരിക്കുകയും, മനസ്സിലാക്കുകയും ചെയ്യുന്നു. ചിട്ടയായ വ്യായാമം അവർക്ക് മാത്രമല്ല, വ്യായാമം നൽകുന്നവർക്കും ഗുണം ചെയ്യും.



**വ്യായാമ കുറവിന്റെ പ്രശ്നങ്ങൾ**

സ്വഭാവത്തിൽ വരുന്ന മാറ്റങ്ങൾ, നശീകരണ പ്രവണത, അനുസരണ ഇല്ലായ്മ, സോഫകളും മറ്റു വീട്ടുപകരണങ്ങളും നശിപ്പിക്കുക, ഉൽകണ്ഠ, ശ്രദ്ധ പിടിച്ചുപറ്റാൻ കുരച്ചുകൊണ്ടേയിരിക്കുക, വീട്ടുകാരുടെ ശരീരത്തിൽ ചാടിക്കയറുക, കടിക്കുക, ദഹന സംബന്ധമായ പ്രശ്നങ്ങൾ, ശാരീരിക-മാനസിക അസ്വസ്ഥത എന്നിവ.

**വ്യായാമം കൊണ്ടുള്ള ഗുണങ്ങൾ**

നല്ല ആരോഗ്യം, നല്ല പെരുമാറ്റം, ധൈര്യം, ആത്മവിശ്വാസം, ഉൽകണ്ഠ ഇല്ലായ്മ, ഉറങ്ങേണ്ട സമയത്ത് നന്നായി ഉറങ്ങുക, ശരീരഭാരം ക്രമീകരിപ്പിക്കുവാൻ കഴിയുക, ശാരീരികമായും മാനസികമായും ആരോഗ്യം നിലനിർത്തുവാൻ കഴിയുക, അച്ചടക്കം, അനുസരണ, ആവശ്യത്തിന് കുരയ്ക്കുക, നശീകരണപ്രവണത ഇല്ലാതിരിക്കുക എന്നിവ.

**വ്യായാമത്തിന് കൊണ്ടുപോകുന്നതിന് മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- ആരോഗ്യനില വിലയിരുത്തുന്നതിന് ഒരു വെറ്ററിനറി ഡോക്ടറെ കൊണ്ട് പരിശോധിപ്പിക്കണം.
- നായകളുടെ വലുപ്പം ജനുസ്സ് പ്രായം എന്നിവ കണക്കിലെടുക്കണം.
- ചെറിയതും പതിഞ്ഞ മൂക്കും ഉള്ള നായകൾക്ക് (ബോക്സർ, ബുൾഡോഗ്, പഗ്ഗ്) അമിത വ്യായാമം നൽകിയാൽ ശ്വാസതടസം ഉണ്ടാകാൻ സാധ്യതയുണ്ട്. പ്രത്യേകിച്ച് ഉഷ്ണകാലത്ത്. ഇത് ശ്രദ്ധിക്കണം.
- ചെറിയ ഇനം നായ്ക്കൾക്ക് (പോമറേനിയൻ, ഡാഷ്ഹണ്ട്) കൂടുതൽ സമയം വ്യായാമം നൽകരുത്. ഇവയുടെ എല്ലുകൾക്ക് ബലം വരുവാൻ 18 മാസം വരെ കാത്തിരിക്കണം. ഈ പ്രായത്തിന് മുമ്പ് വ്യായാമം നൽകുകയാണെങ്കിൽ വളരെ ശ്രദ്ധിക്കണം.
- വലിയ ഇനം നായ്ക്കളുടെ എല്ലുകൾക്കും മുട്ടുകൾക്കും ക്ഷതവും അസ്ഥിരോഗവും സന്ധിവീക്കവും വരാതെയും നോക്കണം.
- പ്രായമായ നായകൾക്ക് അമിത വ്യായാമം നൽകുകയാണെങ്കിൽ ശാരീരിക പ്രശ്നങ്ങൾ വരാതെയും എല്ലുകൾക്കും സന്ധികൾക്കും ക്ഷതം വരാതെയും നോക്കണം.
- വ്യായാമത്തിന് തൊട്ട് മുമ്പും അതിനുശേഷവും ഉടൻ ഭക്ഷണം നൽകരുത്. വെള്ളം നൽകാൻ മറക്കരുത്.





**വ്യായാമങ്ങൾ**

നായകളെ വ്യായാമം ശീലിപ്പിക്കുമ്പോൾ സാവധാനം ആരംഭിക്കുന്നതാണ് നല്ലത്. ക്ഷീണത്തിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയാണെങ്കിലും വളരെ ചൂടുള്ള ദിവസങ്ങളിലും ഔട്ട്ഡോർ വ്യായാമങ്ങളിൽ നിന്ന് ഒഴിവാക്കുന്നതാണ് നല്ലത്. എല്ലായ്പ്പോഴും ശുദ്ധവും തണുത്തതുമായ വെള്ളം ലഭ്യമാണെന്ന് ഉറപ്പാക്കണം. ക്ഷീണമോ വേദനയോ അല്ലെങ്കിൽ വ്യായാമത്തിൽ താൽപ്പര്യമില്ലായ്മയോ തോന്നിയാൽ വ്യായാമം നിർത്തുകയോ കുറയ്ക്കുകയോ ചെയ്യണം.

വ്യായാമ സമയത്തോ ശേഷമോ അസുഖത്തിന്റെ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ഡോക്ടറെ സമീപിക്കണം.

- രാവിലെയും വൈകുന്നേരങ്ങളിലുമാണ് വ്യായാമത്തിന് പറ്റിയ സമയം.
- 30 മിനിറ്റ് മുതൽ രണ്ട് മണിക്കൂർ വരെ വ്യായാമം ചെയ്യിക്കാം.
- നായയുടെ ആരോഗ്യസ്ഥിതി, വയസ്, ജനുസ്, വലിപ്പം ഇവ നോക്കിയിട്ടുവേണം സമയം ക്രമീകരിക്കുവാൻ.
- ചെറിയ നായകളെ വീടിന്റെ പരിസരത്തും അയൽപക്കങ്ങളിലേക്കും നടത്താൻ കൊണ്ടുപോകാം.
- നായ കുട്ടികൾക്ക് അതിന് പറ്റിയ 'പന്തുകൾ' എറിഞ്ഞുകൊടുത്തും പല തരത്തിലുള്ള 'കളിപ്പാട്ടങ്ങൾ' ഇട്ടുകൊടുത്തും വ്യായാമം ചെയ്യിക്കാം.
- വലിയ നായകളെ നടത്തിയും ഓടിച്ചും വ്യായാമം ചെയ്യിക്കാം.
- ലീഷ് കഴുത്തിൽ ഇടീച്ചുവേണം ആദ്യം നടത്തുവാൻ ശീലിപ്പിക്കേണ്ടത്.
- പരിശീലകന്റെ (നടത്തികൊണ്ടുപോകുന്നവരുടെ) ഇടതുഭാഗത്തായിരിക്കണം നായ നിൽക്കേണ്ടത്.
- ലീഷിന്റെ അറ്റം വലത് കൈയിലും അതിന്റെ മദ്ധ്യഭാഗം ഇടത് കൈയിലും പിടിക്കണം.
- ഇത് ശീലമായി കഴിഞ്ഞാൽ 'ലീഷ്' ഇല്ലാതെ നടത്താം.
- പരിശീലകൻ സൈക്കിളിൽ ആയാലും കാറിലായാലും അതിന്റെ പിന്നാലെയോ ഇടത് ഭാഗം ചേർന്നോ നായ ഓടാൻ തുടങ്ങും.
- നീന്തൽ ശീലിപ്പിച്ചും വ്യായാമം നൽകാം. പരിശീലന സമയത്ത് നായ ക്ഷീണിച്ചാൽ പരിശീലകന്റെ പുറത്ത് ഇവ കയറാതെ നോക്കാൻ ശ്രദ്ധിക്കുകയും ശീലിപ്പിക്കുകയും വേണം.
- ചെവിയിൽ വെള്ളം കയറാതെ നോക്കണം. കയറിയാൽ കര പറ്റിയ ഉടൻ പഞ്ഞി കൊണ്ട് ചെവി വൃത്തിയാക്കണം.

**ഏതൊക്കെ വ്യായാമങ്ങൾ**

- <u>നടത്തം.</u> നടത്തത്തിനിടയിൽ മണം പിടിക്കാൻ നായയെ അനുവദിക്കണം. പുതിയ കാര്യങ്ങൾ കാണാനും മണക്കാനും അതിന് കഴിയും.
- <u>ഓട്ടം.</u> ആദ്യമായി നായയുമായി ഓടാൻ തുടങ്ങുമ്പോൾ, സാവധാനം ആരംഭിച്ച് ഉയർന്ന വേഗതയിലും കൂടുതൽ ദൂരങ്ങളിലും ആയി ക്രമീകരിക്കണം. വ്യായാമ സഹിഷ്ണുത നിരീക്ഷിക്കാനും ആവശ്യാനുസരണം ഇടവേളകൾ എടുക്കാനും ശ്രദ്ധിക്കണം. ഓടുമ്പോൾ ധാരാളം വെള്ളം കരുതണം.

എല്ലാ നായയും ബൈക്കിനൊപ്പം ഓടാൻ ഇഷ്ടപ്പെടുന്നില്ല. ചില സന്ദർഭങ്ങളിൽ ഇത്

അപകടകരമാണെങ്കിലും ശരിയായി ചെയ്താൽ നായയുമായി ബൈക്ക് ഓടിക്കുന്നതും രസകരമായിരിക്കും.

- <u>സൈക്കിളിംഗ്.</u> ആദ്യം കഴിയുന്നത്ര സാവധാനത്തിൽ സവാരി ചെയ്യുക, ധാരാളം വളവുകളും തിരിവുകളും ഒഴിവാക്കുക. നായയെ എല്ലായ്പ്പോഴും ലീഷ് ചെയ്യണം.
- <u>കാൽ നട യാത്ര.</u> ആദ്യം നായയ്ക്കൊപ്പം കാൽനടയാത്ര ആരംഭിക്കുമ്പോൾ, തണുപ്പുള്ള ദിവസത്തിൽ ചെറിയ ദിവസത്തെ കയറ്റങ്ങൾ ആരംഭിക്കുക. ഇവ എളുപ്പത്തിൽ മിതമായ കാൽനടയാത്രകൾ ശീലമാക്കുകയും കൂടുതൽ ഉറപ്പുള്ളതായിരിക്കുകയും ചെയ്യുന്നതുവരെ, പരുക്കൻ ഭൂപ്രദേശങ്ങളുള്ള ബുദ്ധിമുട്ടുള്ളപാതകൾ ഒഴിവാക്കുകയും ചെയ്യണം.
- <u>നീന്തൽ.</u> എല്ലാ നായകൾക്കും നീന്താൻ അറിയില്ല. ചില നായകൾ നീന്താൻ ഇഷ്ടപ്പെടുന്നില്ല. കൂടുതൽ രസകരമാക്കാൻ നീന്തലിനൊപ്പം ഫെച്ച് ഗെയിം ഉൾപ്പെടുത്താം. ജല സുരക്ഷാ നുറുങ്ങുകൾ ഓർക്കണം.

  ഒരു ഡോഗി ലൈഫ് ജാക്കറ്റും ആഴം കുറഞ്ഞ വെള്ളവും ഉപയോഗിച്ച് ആരംഭിക്കുക. അവ വെള്ളം ഇഷ്ടപ്പെടുന്നെങ്കിൽ, പെട്ടെന്ന് ശീലിപ്പിക്കാം. വെള്ളം ഇഷ്ടമല്ലാത്തവയെ തള്ളരുത് അത് ഒരു ഭൂമി സ്നേഹി മാത്രമായിരിക്കാം.

## രസകരമായ ചില ഗെയിമുകൾ

നായയുമായി വ്യായാമം ചെയ്യുമ്പോൾ നിങ്ങളുടെ ചുറ്റുപാടുകളെക്കുറിച്ച് ബോധവാനായിരിക്കുക. മറ്റ് നായ്ക്കളുടെയോ ആളുകളുടെയോ സാന്നിദ്ധ്യം അപകടകരമായ വ്യതിചലനം സൃഷ്ടിച്ചേക്കാം, പ്രത്യേകിച്ചും നിങ്ങളുടെ നായ കെട്ടഴിഞ്ഞാൽ.

നായയുമായി കളിക്കാൻ കഴിയുന്ന നിരവധി രസകരമായ ഗെയിമുകളുണ്ട്, അവയിൽ ചിലത്.

- <u>കൊണ്ടുവരിക</u> – ഒരു ബോൾ അല്ലെങ്കിൽ ഡിസ്ക് ഉപയോഗിച്ച് വേലികെട്ടിയ സ്ഥലത്തോ ഔട്ട് ഡോറിലൊ മൃദുവായ കളിപ്പാട്ടം കൊണ്ടുവരുവാൻ ശീലിപ്പിക്കുക.
- <u>വടംവലി</u> – നായയുമായി വടംവലിയിൽ ഏർപ്പെടുക. നായ്ക്കൾ ഈ കളി ആസ്വദിക്കുന്നു. സുരക്ഷിതമായി വടംവലി കളിക്കാൻ, നായയ്ക്ക് ഒരു റിലീസ് കമാൻഡ് അറിയാമെന്ന് ഉറപ്പാക്കണം . തുടർന്ന്, ഉറപ്പുള്ള ടഗ് ടോയ് കണ്ടെത്തി വലിച്ചിടുക. വിജയിക്കാനുള്ള അവസരങ്ങൾ നൽകിയാൽ അവരുടെ ആത്മവിശ്വാസം വർദ്ധിക്കും.
- <u>ഒളിച്ചുകളി (ഡോഗ്-ഹൈഡ് )</u> ഒളിച്ചുകളിക്കുന്നത് കുട്ടികൾക്ക് മാത്രമല്ല. നായ്ക്കൾക്കും ആസ്വദിക്കാനാകും. തിരിച്ചു വിളിക്കുന്ന കമാൻഡ് പരിശീലിക്കുന്നതിനുള്ള ഒരു രസകരമായ മാർഗം കൂടിയാണിത്.

  ഒളിക്കാൻ നല്ല സ്ഥലം കണ്ടെത്തുക. നിങ്ങൾ തയ്യാറാകുമ്പോൾ, അടുത്തേക്ക് വരാൻ നായയെ വിളിക്കുക. കണ്ടെത്താനായി നായയെ വശീകരിക്കാൻ കളിപ്പാട്ടം ഞെക്കുക അല്ലെങ്കിൽ ട്രീറ്റുകൾ കുലുക്കുക. നായ നിങ്ങളെ കണ്ടെത്തിക്കഴിഞ്ഞാൽ, അവയ്ക്ക് പ്രശംസയും കൈവശം വച്ചിരിക്കുന്ന കളിപ്പാട്ടവും ട്രീറ്റും നൽകുക.
- <u>ട്രീറ്റ് കണ്ടെത്തുക (അല്ലെങ്കിൽ കളിപ്പാട്ടം)</u>

നായ്ക്കൾക്ക് ഗന്ധം പിടിക്കാനുള്ള നല്ല കഴിവുണ്ട്. ഒളിപ്പിച്ചിരിക്കുന്ന വസ്തുക്കൾ കണ്ടെത്താൻ നായയെ അവരുടെ തലച്ചോറും മൂക്കും ഉപയോഗിക്കാൻ അനുവദിക്കുക.

ആദ്യം അതിനെ കാഴ്ചയിൽ നിന്ന് അകറ്റി നിർത്തുക (അല്ലെങ്കിൽ മറ്റൊരു മുറിയിലോ പെട്ടിയിലോ വയ്ക്കുക). തുടർന്ന്, മുറിക്ക് ചുറ്റുമുള്ള വിവിധ സ്ഥലങ്ങളിൽ അതിന്റെ പ്രിയപ്പെട്ട ട്രീറ്റുകൾ മറയ്ക്കുക. നായയെ തിരികെ കൊണ്ടുവന്ന് അവരോട് 'കണ്ടെത്താൻ പോകൂ!' എന്ന് കമാൻഡ് ചെയ്യാം. വഴി തെറ്റുകയാണെങ്കിൽ ആദ്യമാദ്യം അവർക്ക് നേർവഴി പറഞ്ഞുകൊടുക്കാം.

പല പെറ്റ് സപ്ലൈ ഷോപ്പുകളിലും ഡോഗ് ട്രീറ്റ് ഡിസ്പെൻസറുകളും വ്യത്യസ്ത ഡോഗ് പസിലുകളും വാങ്ങാൻ കിട്ടും. ഒരു വാട്ടർ ബോട്ടിലിലോ മറ്റ് പ്ലാസ്റ്റിക് പാത്രങ്ങളിലോ ദ്വാരങ്ങൾ ഉണ്ടാക്കി വീട്ടിൽ തന്നെ ഉണ്ടാക്കാം. കളിപ്പാട്ടങ്ങളിൽ രുചികരമായ ഗന്ധം നിറഞ്ഞ ട്രീറ്റുകൾ നിറയ്ക്കുകയും, ട്രീറ്റുകൾ എങ്ങനെ പുറത്തെടുക്കാമെന്ന് മനസിലാക്കാൻ നിങ്ങളുടെ നായയെ പ്രോത്സാഹിപ്പിക്കുകയും വേണം. ഇത് നായയുടെ മസ്തിഷ്കത്തെയും ഗന്ധത്തെയും സ്വാധീനിക്കുകയും വേട്ടയാടാനുള്ള അവന്റെ സഹജവാസനയെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു.

# വവ്വാലുകൾ നമ്മുടെ ശത്രുക്കളോ ?





**ഡോ. കെ. വിജയകുമാർ**
ഫാക്കൽറ്റി ഡീൻ
കോളേജ് ഓഫ് വെറ്ററിനറി & അനിമൽ സയൻസസ്, മണ്ണുത്തി
Ph : 9495900300



**ഡോ. കൃപ റോസ് ജോസ്**
പി.എച്ച്.ഡി. സ്കോളർ
രോഗപ്രതിരോധ വിഭാഗം
വെറ്ററിനറി കോളേജ്, മണ്ണുത്തി
Ph : 8606719132

**വവ്വാലുകൾ പാർക്കുന്ന മരങ്ങൾ വെട്ടി മാറ്റുന്നതിനോ അവയെ ഭയപ്പെടുത്തി ഓടിക്കാനോ തുനിയരുത്. കാരണം ഇത്തരം സമ്മർദ്ദങ്ങൾ വവ്വാലുകളിൽ നിന്നു കൂടുതലായി വൈറസിനെ പുറന്തള്ളുന്നതിനു കാരണമായേക്കാം**

അന്റാർട്ടിക്ക ഒഴികെയുള്ള എല്ലാ ഭൂഖണ്ഡങ്ങളിലും കാണപ്പെടുന്ന പറക്കാൻ കഴിവുള്ള ഒരേയൊരു സസ്തനിയാണ് വവ്വാലുകൾ. കേരളത്തിന്റെ ചില ഭാഗങ്ങളിൽ വാവൽ, കടവാവൽ, നരിച്ചീറ്, പാറാട എന്നീ പേരുകളിലും ഇവ അറിയപ്പെടുന്നു. ഭൂമിയിലെ എല്ലാ സസ്തനികളുടെയും അഞ്ചിലൊരു ഭാഗം വവ്വാലുകളാണ് അതിനാൽ തന്നെ, ലോകത്തിലെ ഏറ്റവും സമൃദ്ധമായ രണ്ടാമത്തെ സസ്തനിയാണ് ഇവ.

വർഗ്ഗീകരണപരമായി, 'കൈറോപ്റ്റെറ' എന്ന ക്രമത്തിലാണ് വവ്വാലുകളെ തരംതിരിച്ചിരിക്കുന്നത്. 'കൈകൾ', എന്നർത്ഥം വരുന്ന 'കൈർ', 'ചിറക്' എന്നർത്ഥം വരുന്ന 'ടെറോൺ' എന്നീ രണ്ട് ഗ്രീക്ക് പദങ്ങളിൽ നിന്നുമാണ് പ്രസ്തുത പേര് നിലവിൽ വന്നത്. പേര് സൂചിപ്പിക്കുന്നതു പോലെ തന്നെ പറക്കുന്നതിനായി രൂപശാസ്ത്രപരവും ശാരീരികവുമായ നിരവധി സവിശേഷതകൾ വവ്വാലുകൾക്കുണ്ട്. എലികൾ ഉൾപ്പെടുന്ന മൂഷിക വർഗ്ഗം കഴിഞ്ഞാൽ ഏറ്റവും വൈവിധ്യമേറിയ സസ്തനി വംശമാണ് കൈറോപ്റ്റെറ. ലോകത്തിലെ ഏറ്റവും ചെറിയ സസ്തനിയായ ഒരു മനുഷ്യവിരലിനോളം മാത്രം വലുപ്പമുള്ള 'ബംമ്പിൾ ബി വവ്വാലു'-കൾ മുതൽ ഏകദേശം ആറടിയോളം നീളം വരുന്ന ലോകത്തിലെ ഏറ്റവും വലിയ പറക്കുന്ന സസ്തനിയായ 'ജയന്റ് ഗോൾഡൻ ക്രൗണ്ട് ഫ്ളൈയിംഗ് ഫോക്സ്' വരെ പ്രസ്തുത വംശത്തിൽ ഉൾപ്പെടുന്നു.

മനുഷ്യനും വവ്വാലുമായുള്ള
ഇടപെടൽ പൂർണ്ണമായും ഇല്ലാതാക്കുക
അസാധ്യ മാണെങ്കിലും, ഈ ഏറ്റുമുട്ടലുകൾ
എങ്ങനെ സംഭവിക്കുന്നു എന്നത് നിയന്ത്രിക്കാൻ
ഒരു പരിധിവരെ സാധ്യമാണ്.

കൈറോപ്റ്റെറ എന്ന ക്രമത്തെ രണ്ട് ഉപവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 42 ജനുസ്സുകളായി 166 വ്യത്യസ്ത ഇനങ്ങളിലുള്ള വവ്വാലുകളടങ്ങിയ മെഗാ ചിറോപ്റ്റെറ ആണ് ഒന്നാമത്തേത്. പഴങ്ങൾ മാത്രം ഭക്ഷിക്കുന്ന താരതമ്യേന വലിയ വവ്വാലുകളുടെ ഒരു വിഭാഗമാണിത്. എന്നാൽ ഷഡ്പദഭോജികളായ ചെറു വവ്വാലുകളുടെ ഗണമാണ് രണ്ടാമത്തെ വിഭാഗമായ മെഗാകൈറോപ്റ്ററെ.

## വൈറസുകളും വവ്വാലും - ചരിത്രത്താളുകളിലൂടെ....

ലോകചരിത്രത്തിൽ തന്നെ ഭീതിജനകമായ പല മഹാമാരികളെ കുറിച്ച് ചിന്തിക്കുമ്പോൾ ഏറെ പ്രാധാന്യമർഹിക്കുന്നവയാണ് വവ്വാലു കൾ. പല കാലഘട്ടങ്ങളിലായി ദേശീയ അന്തർദേശീയ അതിർത്തികൾ ഭേദിച്ച് ദശലക്ഷക്കണക്കിന് മനുഷ്യരുടെ ജീവനുകൾ നിർദാക്ഷണ്യം കവർന്നെടുത്ത ഭയാനകമായ പല വൈറസ് രോഗങ്ങളുടെയും വാഹകരാണ് വവ്വാലുകൾ.

1920 കളിൽ തെക്കൻ, മധ്യ അമേരിക്കയിലെ വവ്വാലുകളിൽ പേവിഷബാധ കണ്ടെത്തിയപ്പോൾ തന്നെ വൈറസുകളുടെ സംഭരണ ശാലകളായി വവ്വാലുകളെ തിരിച്ചറിഞ്ഞിരുന്നു. മനുഷ്യരിലും മൃഗങ്ങളിലും പേവിഷബാധയ്ക്ക് കാരണമാകുന്ന ലിസ്സാ വൈറസുകൾക്കും മറ്റ് ലിസ്സാ വൈറസുകൾക്കും ആതിഥേയ ജീവികളും രോഗവാഹകരുമായി വളരെക്കാലമായി തന്നെ വവ്വാലുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം (സാർസ്) വൈറസ്, മിഡിൽ ഈസ്റ്റ് റെസ്പിറേറ്ററി സിൻഡ്രോം (മെർസ്) വൈറസ്, ഹെൻഡ്ര വൈറസ്, മാർബർഗ് വൈറസ്, എബോള വൈറസ്, നിപ്പാ വൈറസ്, കോവിഡ്-19 വൈറസ് ഉൾപ്പെടെ ഉയർന്നുവരുന്ന നിരവധി വൈറസുകളുടെ സംഭരണികൾ എന്ന നിലയിൽ വവ്വാലുകൾ ശ്രദ്ധാകേന്ദ്രമായി മാറിയിരിക്കുന്നു.



## വവ്വാലുകൾ പരത്തുന്ന ജന്തുജന്യരോഗങ്ങളെ എങ്ങനെ തടയാം ?

മാരകമായ നിരവധി ജന്തുജന്യവൈറസുകളുടെ സംഭരണശാലയാണെന്നിരിക്കെ തന്നെ ലോകമെമ്പാടുമുള്ള വൈവിധ്യമാർന്ന ആവാസവ്യവസ്ഥയുടെ നിലനിൽപ്പിന് വവ്വാലുകൾ വലിയ ഒരു പങ്ക് വഹിക്കുന്നു. ധാരാളം പൂച്ചെടികളുടെയും, വാണിജ്യവിളകളുടെയും പരാഗണകാരികളായി ഇവ വർത്തിക്കുന്നു. വിവിധ കീടങ്ങളുടെയും പ്രാണികളുടെയും എണ്ണത്തെ നിയന്ത്രിക്കാൻ സഹായിക്കുന്നു. ഒരു വവ്വാലിനു സ്വന്തം ഭാരത്തിന് തുല്യമായ പ്രാണികളെ ഭക്ഷിക്കാൻ കഴിയും.



മാത്രമല്ല, അവ പുറന്തള്ളുന്ന വിസർജ്ജ്യങ്ങളും മാലിന്യങ്ങളും പോഷകങ്ങളാൽ സമ്പന്നമാണ്. അതിനാൽ തന്നെ ഇതൊരു പ്രകൃതിദത്തമായ വളമായി പ്രവർത്തിക്കുന്നു. അതിനാൽ അവയെ ആവാസവ്യവസ്ഥയിൽ നിന്ന് ഇല്ലാതാക്കുക എന്നത് പ്രാവർത്തികമായ ഒരു പ്രതിരോധ നടപടിയല്ല.

മനുഷ്യനും വവ്വാലുമായുള്ള ഇടപെടൽ പൂർണ്ണമായും ഇല്ലാതാക്കുക അസാധ്യമാണെങ്കിലും, ഈ ഏറ്റുമുട്ടലുകൾ എങ്ങനെ സംഭവിക്കുന്നു എന്നത് നിയന്ത്രിക്കാൻ ഒരു പരിധിവരെ സാധ്യമാണ്. ഇതിനായി താഴെ പറയുന്ന മുൻകരുതലുകൾ സ്വീകരിക്കാം.

- വവ്വാലുകൾ കഴിച്ചു ബാക്കി വന്ന പഴങ്ങളും അവയുടെ വിസർജ്ജ്യവസ്തുക്കളും ശരീരസ്രവങ്ങളുമായുള്ള സമ്പർക്കത്തിലൂടെയാണ് പ്രധാനമായും മനുഷ്യരിലേക്കും മറ്റു മൃഗങ്ങളിലേക്കും രോഗം പകരുന്നത്. അതിനാൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കുക.

- പേരയ്ക്ക, മാമ്പഴം, റംബൂട്ടാൻ, വാഴക്കൂമ്പിലെ, തേൻ എന്നിവ വവ്വാലുകളുടെ ഇഷ്ട ഭക്ഷണമ ണ്. അതിനാൽ ഇവ കൈകാര്യം ചെയ്യുമ്പോൾ ജാഗ്രത പുലർത്തേണ്ടതുണ്ട്.
- പഴങ്ങളിലും പച്ചക്കറികളിലും വവ്വാലുകളും മറ്റും കടിച്ചതോ, കൊത്തിയതോ ആയ പാടുകളില്ലാ എന്നുറപ്പാക്കി, ഇവ നന്നായി കഴുകിയതിനുശേഷം മാത്രം ഭക്ഷിക്കുക
- റംബൂട്ടാൻ പോലെ പുറന്തോടുള്ള ഫലങ്ങളുടെ തൊലി വായ്കൊണ്ട്ൻ നീക്കം ചെയ്യാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്
- ജലസ്രോതസ്സുകളും ഭക്ഷ്യവസ്തുക്കളും എപ്പോഴും മൂടി സൂക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക
- വവ്വാലുകളുടെ വാസസ്ഥലങ്ങൾ സന്ദർശിക്കുന്നത് പരമാവധി ഒഴിവാക്കുക
- അടിയന്തിര സാഹചര്യങ്ങളിൽ വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ ഉപയോഗിച്ച്,

സുരക്ഷിതമായ സാങ്കേതിക വിദ്യകളിലൂടെയും പൊതുജനാരോഗ്യ ബോധവത്കരണ പരിപാടികളിലൂടെയും മനുഷ്യരിൽ വവ്വാലുമായുള്ള സമ്പർക്കം ഒഴിവാക്കാം

- **വവ്വാലുകൾ പാർക്കുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിനോ അവയെ ഭയപ്പെടുത്തി ഓടിക്കാനോ തുനിയരുത്. കാരണം ഇത്തരം സമ്മർദ്ദങ്ങൾ വവ്വാലുകളിൽ നിന്നു കൂടുതലായി വൈറസിനെ പുറന്തള്ളുന്നതിനു കാരണമായേക്കാം**

- വവ്വാലുകളിൽ നിന്ന് പകരുന്ന നിപ്പ പോലുള്ള പല രോഗബാധകളുടെയും ഇടനിലക്കാരായി പ്രവർത്തിക്കുന്നത് പന്നി മുതലായ വളർത്തുമൃഗങ്ങളാണ്. അതിനാൽ ഫാമുകളിൽ വൃത്തിയും, വെടിപ്പും, കർശന പരിശോധനയും ഉറപ്പാക്കുക. നിപ്പയ്ക്കു പുറമേ മറ്റു പല രോഗബാധകളും തടയാൻ ഇത് സഹായകമാണ്

- അലഞ്ഞു നടക്കുന്ന പന്നികളും മറ്റു വളർത്തുമൃഗങ്ങളുമാണ് പ്രധാനമായും വവ്വാലുകൾ കടിച്ചിട്ട പഴങ്ങൾ ഭക്ഷിക്കുന്നത്. അതിനാൽ വളർത്തുമൃഗങ്ങളെ രോഗ ബാധ സ്ഥിരീകരിച്ച മേഖലകളിലെങ്കിലും അലഞ്ഞു തിരിയാൻ അനുവദിക്കരുത്.

- പന്നി ഫാമുകൾക്ക് ചുറ്റും ഫലവൃക്ഷങ്ങൾ കഴിവതും ഒഴിവാക്കുക വഴി ഇവിടേക്കുള്ള വവ്വാലുകളുടെ കടന്നുകയറ്റം ഒരു പരിധിവരെ നിയന്ത്രിക്കാനാവും നാം ജീവിക്കുന്ന ചുറ്റുപാടുകളുടെ ശുചിത്വവും ആരോഗ്യകരമായ ജീവിതശൈലി കളുമൊക്കെ രോഗപ്രതിരോധത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നവയാണ്. അതിനാൽ, ഇടയ്ക്കിടെ കൈകൾ സോപ്പുപയോഗിച്ച് കുറഞ്ഞത് 20 സെക്കന്റ് നേരമെങ്കിലും ശാസ്ത്രീയമായി കഴുകുക

- രോഗികളെ പരിചരിക്കുന്നവർ, ആരോഗ്യ പ്രവർത്തകർ എന്നിവർ നിർബന്ധമായും സ്വയംസുരക്ഷാ ഉപാധികൾ ശീലമാക്കുക

- കോവിഡ് പ്രതിരോധ മാർഗ്ഗങ്ങളായ സാമൂഹിക അകലം മുഖാവരണം, സോപ്പ്, സാനിറ്റൈസർ എന്നിവയുപയോഗിച്ച് മറ്റു പല വൈറസ് രോഗബാധകളെയും ഫല പ്രദമായി പ്രതിരോധിക്കാൻ സാധിക്കും. അതിനാൽ ഇവയുടെ ഉപയോഗം കർശനമാക്കുക.

- രോഗലക്ഷണങ്ങൾ പ്രകടമാക്കുകയും രോഗം സംശയിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പരമാവധി മറ്റുള്ളവരിൽ നിന്ന് സുരക്ഷിതമായ അകലം പാലിക്കുന്നതിനും ഉടനടി ആരോഗ്യ വകുപ്പിൽ വിവരമറിയിക്കുന്നതിനും ശ്രദ്ധിക്കുക. ഇത്തരം വ്യക്തികൾ തങ്ങളുടെ തൊഴിൽ ചരിത്രം, യാത്രാചരിത്രം എന്നിവയടക്കം വിശദമായ വിദഗ്ദ ചികിത്സ തേടുന്നതായിരിക്കും ഉത്തമം .



- കേരളത്തിൽ നിന്ന് തുടർച്ചയായി വവ്വാലുകൾ മുഖേനയുള്ള വൈറസ് ബാധ (നിപ്പ) സ്ഥിരീകരിക്കുന്ന ഈ സാഹചര്യത്തിൽ, ആശുപത്രികളിൽ ഇത്തരം വൈറസുകളെ നിരീക്ഷിക്കാൻ സ്ഥിരം സംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്.

- ഏതെങ്കിലും ഒരു സ്ഥലത്ത് അസാധാരണമായി വവ്വാലുകളുടേയോ, പക്ഷിമൃഗാദി കളുടേയോ മരണം ശ്രദ്ധയിൽ പെട്ടാൽ വിവരം ഉടനെ ഏറ്റവും അടുത്തുള്ള മൃഗാശുപത്രിയിൽ അറിയിക്കേണ്ടതാണ്.



- വൈറസ് ബാധയ്ക്കുള്ള അപകടസാധ്യത ഘടകങ്ങളെക്കുറിച്ചും, വ്യക്തികൾ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെക്കുറിച്ചും അവബോധം വളർത്തുകയെന്ന് രോഗബാധ തടയുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗമാണ്.

- വൈറസ് ബാധ സംശയിക്കുന്നതോ സ്ഥിരീകരിച്ചതോ ആയ രോഗികളെ പരിചരിക്കുന്ന ആരോഗ്യ പ്രവർത്തകർ, രോഗിയുടെ രക്തം, ശരീരസ്രവങ്ങൾ, മലിനമായ പ്രതലങ്ങൾ, വസ്ത്രം, കിടക്ക തുടങ്ങിയ വസ്തുക്കളുമായി സമ്പർക്കം പുലർത്തുന്നതു തടയാൻ പ്രത്യേക അണുബാധ നിയന്ത്രണ നടപടികൾ സ്വീകരിക്കണം.

- രോഗബാധിതരുമായി അടുത്തിടപെടുമ്പോൾ മുഖാവരണങ്ങളും, കയ്യുറകളും ഉചിതമായ വ്യക്തിഗത സംരക്ഷണ ഉപകരണങ്ങളും ധരിക്കേണ്ടതാണ്. മാത്രവുമല്ല, രോഗികളെ പരിചരിച്ച ശേഷം പതിവായി കൈകൾ ശുദ്ധി വരുത്താനും ശ്രദ്ധിക്കുക.

- ഉചിതമായ സുരക്ഷാ സജ്ജീകരണങ്ങളുള്ള അതിസുരക്ഷാ ലബോറട്ടറികളിൽ മാത്രം രോഗബാധ സംശയിക്കുന്ന സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കാവൂ.

- മിക്ക വൈറസ് അണുബാധകളും പഴംതീനി വവ്വാലുകളുടെ കോളനികൾ സ്ഥിതി ചെയ്യുന്ന ഖനികളിലോ, ഗുഹകളിലോ ദീർഘനേരം സമ്പർക്കം പുലർത്തുന്നവരുമായി ബന്ധപ്പെട്ടിരിക്കുന്നു. തന്മൂലം വിനോദസഞ്ചാരികൾ, ഗവേഷകർ, സാഹസിക യാത്രികർ, തുടങ്ങിയവർ മേൽപറഞ്ഞ സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ മാസ്ക്, കയ്യുറ തുടങ്ങിയ സ്വയംസുരക്ഷാ ഉപാധികൾ നിർബന്ധമായും ശീലമാക്കേണ്ടതാണ്.

- വന്യജീവികളെ വേട്ടയാടി ശരിയായി വേവിക്കാത്ത മാംസം കഴിക്കുന്നത് മാർബർഗ് വൈറസ് ഉൾപ്പെടെയുള്ള നിരവധി വൈറസ് രോഗങ്ങൾക്ക് വഴിയൊരുക്കിയേക്കാം. അതിനാൽ എല്ലാ മൃഗ ഉൽപ്പന്നങ്ങളും നന്നായി വേവിച്ച് മാത്രം ഭക്ഷിക്കുക.

- രോഗബാധ സ്ഥിരീകരിച്ചശേഷം മരണപ്പെട്ടയാളുടെ ശവശരീരം ഉടനടി, സുരക്ഷിതമായ രീതിയിൽ മറവ് ചെയ്യുന്നതിനും, രോഗബാധിതരുമായി സമ്പർക്കം പുലർത്തിയ ആളുകളെ തിരിച്ചറിയുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ രോഗികളിലേക്കു രോഗം പടരാതിരിക്കാൻ മേൽപറഞ്ഞ വിഭാഗം വ്യക്തികളെ കുറഞ്ഞത് 21 ദിവസമെങ്കിലും നിരീക്ഷിക്കേണ്ടതുമാണ്.

- രോഗത്തിന്റെ സ്വഭാവത്തെക്കുറിച്ചും, രോഗ നിയന്ത്രണ നടപടികളെ കുറിച്ചു ജനങ്ങൾ ബോധവാന്മാരാണെന്ന് ഉറപ്പാക്കണം.

സുസ്ഥിരമായ ഭൂവിനിയോഗ രീതി പ്രോത്സാഹിപ്പിക്കുന്നതിലൂടെയും വവ്വാലുകൾ തിങ്ങിപ്പാർക്കുന്ന മേഖലകളിലേക്കുള്ള മനുഷ്യരുടെയും വളർത്തുമൃഗങ്ങളുടെയും കടന്നു കയറ്റം ഒഴിവാക്കുന്നതിലൂടെയും, വവ്വാലുകളെ വേട്ടയാടി ഭക്ഷിക്കുന്നത് ഒഴിവാക്കുന്നതിലൂടെയും വവ്വാലുകൾ പരത്തുന്ന രോഗങ്ങളെ ഒരു പരിധിവരെ തടയാൻ കഴിയും.

ആഗോള ആരോഗ്യ മേഖലയോട് കിടപിടിക്കുന്ന ആരോഗ്യ സംവിധാനവും, മുൻ വർഷങ്ങളിൽ മറ്റു പല വൈറസുകളെയും പിടിച്ചുകെട്ടിയ അനുഭവ സമ്പത്തും, സ്വന്തം ജീവൻ പോലും പണയപ്പെടുത്തി രോഗികളെ പരിചരിച്ച ലിനിയെപ്പോലുള്ള ആരോഗ്യ പ്രവർത്തകരാലും സമ്പന്നമായ നമുക്ക് വരും കാലങ്ങളിലും ഇത്തരം രോഗങ്ങളെ പിടിച്ചുകെട്ടാൻ സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. അതിനാൽ, ശരിയായ മുൻകരുതലുകളും ജാഗ്രതാ നടപടികളുമൊക്കെ സ്വീകരിച്ച് നമുക്ക് പ്രതിരോധത്തിന്റെ കവചമൊരുക്കാം.



# പെറ്റ് ഷോപ്പ് നടത്തുന്നവർ അറിയാൻ


ഡോ മരിയ ലിസ മാത്യു
മുൻ ജോയിന്റ് ഡയറക്ടർ
മൃഗസംരക്ഷണ വകുപ്പ്
Ph: 9447314481


## 2023 നവംബർ മുതൽ

(1) പെറ്റ് ഷോപ്പ് ലൈസൻസ് പ്രദർശിപ്പിക്കണം

(2) വലിയ ശബ്ദം പുക ദുർഗന്ധം ഉള്ള സ്ഥലത്തോ ഫാക്ടറികൾ, കശാപ്പു ഇവയുടെ അടുത്തോ പെറ്റ് ഷോപ്പ് പ്രവർത്തിപ്പിക്കാൻ പാടില്ല.

(3) താൽക്കാലികമായി വലിച്ചുകെട്ടിയ ഷെഡ്ഡിലോ, കുടിലിലോ നടപ്പാതയിലോ പാടില്ല.

(4) ശുദ്ധമായ കുടിവെള്ളം, വൈദ്യുതി ലഭ്യമാക്കണം.

(5) കെട്ടുറപ്പുള്ള കെട്ടിടമായിരിക്കണം.

(6) അനുയോജ്യമായ, താപനിലയും വെന്റിലേഷനും ഉറപ്പാക്കണം.

(7) രോഗമുള്ളവയെ മാറ്റിപ്പാർപ്പിക്കാൻ സംവിധാനം വേണം.

(8) ആവശ്യമായ സ്ഥലസൗകര്യം ഓരോ മൃഗത്തിനും പക്ഷിക്കും. നൽകണം.

(9) കടയ്ക്ക് പുറത്ത് പ്രദർശിപ്പിക്കാൻ പാടില്ല

(10) വെറ്ററിനറി ഡോക്ടർ പരിശോധിച്ചു സർട്ടിഫിക്കറ്റോട് കൂടി വേണം വിപണനം.

(11) മുലകുടി മാറാത്ത കുഞ്ഞുങ്ങളെയും, ചിറകു മുളയ്ക്കാത്ത പക്ഷികളെയും വിൽക്കാൻ പാടില്ല.

(12) മൈക്രോചിപ്പ് ചെയ്തിട്ടെ നായ്ക്കളെ വിൽക്കാൻ പാടുള്ളൂ

(13) മൈക്രോചിപ്പ് റീഡർ ഉണ്ടായിരിക്കണം.

(14) ലൈസൻസ് ഉള്ള ബ്രീഡേഴ്സിൽ നിന്ന് വാങ്ങി വേണം വിപണനം.

(15) പല പ്രായത്തിലുള്ളവയെയോ, പല ഇനങ്ങളെയോ ഒന്നിച്ചു പാർപ്പിക്കാൻ പാടില്ല.

(16) രാത്രിയിൽ അരുമകളെ പാർപ്പിക്കുന്ന ഷോപ്പുകളിൽ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണം



# അരുമക്കിളികൾക്കും വേണം സമ്മർ കെയർ

കടപ്പാട് : ഡോ.ദിലീപ് ഫൽഗുനൻ

ഡോ. എം. മുഹമ്മദ് ആസിഫ്
(വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി
മംഗൽപാടി, കാസർഗോഡ്)
Ph : 9495566446

> പക്ഷികൾ കുടിയ്ക്കുന്ന വെള്ളത്തിന്റെ അളവ് വേനലിൽ ഇരട്ടിയാവുന്നതിനാൽ യഥേഷ്ടം ശുദ്ധജലം കൂടുകളിലും ഏവിയറികളിലും ലഭ്യമാക്കണം.

ശരീരം ഉഷ്ണിക്കുമ്പോൾ നന്നായൊന്ന് വിയർത്ത് ഉൾച്ചൂടിനെ പുറത്തുകളയാൻ സഹായിക്കുന്ന വിയർപ്പുഗ്രന്ഥികൾ പക്ഷികൾക്കില്ല. അധികശരീരതാപത്തെ പുറന്തള്ളുന്നതിന് വേണ്ടി മിക്ക പക്ഷികളും സ്വീകരിക്കുന്ന വഴിയാണ് ഗുലാർ ഫ്ളട്ടറിംഗ് അഥവാ അഥവാ തൊണ്ടയുടെ മുകൾ ഭാഗത്തെ പേശികൾ പടപടെ തുടിപ്പിച്ച് കൊക്കുകൾ പാതി തുറന്ന് പിടിച്ചുള്ള ശ്വാസോച്ഛ്വാസം. പക്ഷികളുടെ തൊണ്ടനാളത്തിന് ചുറ്റുമുള്ള പേശികളും ത്വക്കും ഒരു മോട്ടോർ എഞ്ചിൻ പോലെ പ്രവർത്തിച്ച് ഉച്ഛ്വാസവായുവിലൂടെയും ബാഷ്പീകരണത്തിലൂടെയും ശരീരത്തിലെ അധികതാപത്തെ പുറത്തുകളയുന്ന രീതിയാണിത്. ഉഷ്ണസമ്മർദ്ദമേറുമ്പോൾ ഗുലാർ ഫ്ളട്ടറിംഗിൻറെയും കൊക്കുകൾ തുറന്ന് പിടിച്ചുള്ള ശ്വാസോച്ഛ്വാസത്തിൻറെയും നിരക്കും വേഗതയും ഏറും. ക്ഷീണം, ഉന്മേഷക്കുറവ്, പറക്കാനുള്ള മടി, ചിറകുകളും തൂവലും വിടർത്തിയിടൽ, തളർച്ച, വരണ്ട് വിളറിയ കണ്ണുകൾ, തീറ്റയോടുള്ള മടുപ്പ്, ധാരാളം വെള്ളം കുടിക്കൽ, തണലുള്ളിടങ്ങളിൽ മാറിയിരിക്കൽ,കഴുത്തിലെ പേശികളുടെ വിറയൽ, പ്രത്യേക ശബ്ദമുണ്ടാക്കൽ തുടങ്ങിയവയാണ് പക്ഷികളിലെ ഉഷ്ണ സമ്മർദ്ദത്തിന്റെ മറ്റ് ലക്ഷണങ്ങൾ. വേനൽ സമ്മർദ്ദമേറിയാൽ പക്ഷികളുടെ വളർച്ചയും മുട്ടയിടലും പ്രജനനവുമെല്ലാം അവതാളത്തിലാവും. ഉഷ്ണസമ്മർദ്ദം മൂലം മക്കാവുതത്തകളെ പോലുള്ള വലിയ പക്ഷികളിൽ തൂവൽ കൊഴിച്ചിൽ സാധാരണയാണ്.

### അരുമക്കിളികൾക്ക് വേനൽ സംരക്ഷണം

ഏവിയറികൾ ഒരുക്കുമ്പോൾ കിഴക്ക്പടിഞ്ഞാറ് ദിശയിൽ സ്ഥാപിക്കണം. കൂടുകൾ ഒട്ടും തണലേൽക്കാത്ത സ്ഥലങ്ങളിലാണെങ്കിൽ തണലിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കണം. വശങ്ങളിൽ നനച്ച ചണച്ചാക്കുകൾ തറ നിരപ്പിൽ നിന്ന് മൂന്നടി ഉയരത്തിൽ ലംബമായി തൂക്കിയിട്ടാൽ ഉഷ്ണക്കാറ്റിനെ തടയാം. ഒപ്പം ഫാനുകളും ഫോഗറുകളും കൂടി ക്രമീകരിച്ചാൽ ഇളം തണുപ്പിൽ പക്ഷികൾ ഉല്ലാസവതികളാവും. കൂടുകളുടെ മുകളിൽ തെങ്ങോല മടഞ്ഞോ പനയോലകൊണ്ടോ ഗ്രീൻനെറ്റ് കൊണ്ടോ ഒരു ചെറിയ മേലാപ്പൊരുക്കിയാൽ ഒരു പരിധിവരെ ഏവിയറിക്കുള്ളിലെ ചൂട് കുറയ്ക്കാം. പക്ഷികളെ പാർപ്പിച്ച ഷെഡിന്റെ മേൽക്കൂര അലൂമിനിയം,

ടിൻ ഷീറ്റ് എന്നിവ കൊണ്ടാണെങ്കിൽ മേൽക്കൂരയ്ക്ക് മുകളിൽ വെള്ള പെയിൻറോ വൈറ്റ് സിമൻറോ ഇൻഫ്രാറെഡ് റിഫ്ളക്ടർ പെയിൻറുകളോ അടിച്ചാൽ ചൂടൽപ്പം നിയന്ത്രിക്കാം. മേൽക്കൂര നനച്ചും നൽകാം. വായുസഞ്ചാരത്തിന് തടസ്സമില്ലാത്ത വിധത്തിൽ പനയോല, തെങ്ങോല, ഗ്രീൻ നെറ്റ് എന്നിവ ഉപയോഗിച്ച് മേൽക്കൂരയ്ക്ക് കീഴെ അടിക്കൂര (സീലിംങ്ങ്) ഒരുക്കുന്നതും ഉള്ളിലെ താപം കുറയ്ക്കും. ഏവിയറിയുടെ വശങ്ങളിലും അഴികളിലും മറ്റും പറ്റിപ്പിടിച്ചിരിക്കുന്ന മാറാലകളും തൂവൽ അടക്കമുള്ള അവശിഷ്ടങ്ങളും മാറ്റി മതിയായ വായുസഞ്ചാരം ഉറപ്പാക്കണം. ഏവിയറിക്കും കൂടുകൾക്കും ചുറ്റും മരങ്ങൾ നട്ടുപിടിപ്പിക്കാമെങ്കിലും മരച്ചില്ലകൾ തിങ്ങി കൂട്ടിലേക്കുള്ള വായുസഞ്ചാരം തടസ്സപ്പെടാതെ ക്രമീകരിക്കണം.

പക്ഷികൾ കുടിക്കുന്ന വെള്ളത്തിന്റെ അളവ് വേനലിൽ ഇരട്ടിയാവുന്നതിനാൽ യഥേഷ്ടം ശുദ്ധജലം കൂടുകളിലും ഏവിയറികളിലും ലഭ്യമാക്കണം. ചൂട് പിടിയ്ക്കാൻ ഇടയുള്ളതിനാൽ കഴിയുമെങ്കിൽ ഇടയ്ക്കിടയ്ക്ക് കുടിവെള്ളം മാറ്റി നൽകണം. കൂടുകളിൽ ഒരുക്കിയിരിക്കുന്ന വെള്ളപ്പാത്രങ്ങളിൽ ഐസ്ക്യൂബുകളിട്ട് കുടിവെള്ളം തണുപ്പിക്കാം. മൺകലങ്ങളിൽ വെള്ളം നിറച്ച് കൂടുകളിൽ ഒരുക്കുകയുമാകാം. പാരക്കീറ്റുകളെ പോലുള്ള പക്ഷികളിൽ ഐസ് പൊടിച്ച് ചേർത്ത തണുത്തവെള്ളം കുടിച്ചാൽ ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്ക് സാധ്യതയുള്ളതിനാൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഓട്ടോമാറ്റിക് ഡ്രിംങ്കിംഗ് സംവിധാനമാണെങ്കിൽ വെള്ളടാങ്കും ജലവിതരണ പൈപ്പുകളും നനഞ്ഞ ചണച്ചാക്ക് ഉപയോഗിച്ച് മൂടണം. തല താഴ്ത്താൻ പാകത്തിന് വാവട്ടവും ആഴവും ഉള്ള മൺകുടങ്ങളിൽ തണുത്ത വെള്ളം നിറച്ച് കൂട്ടിൽ ഒരുക്കിയാൽ പക്ഷികൾക്ക് തലയും കൊക്കും മുക്കി നനച്ച് ശരീരം തണുപ്പിക്കാൻ സഹായകരമാവും.

ഫിഞ്ചുകൾ, ആഫ്രിക്കൻ ലൗവ് ബേർഡ്സുകൾ, ബഡ്ജീസ്, കാനറികൾ, പ്രാവുകൾ അടങ്ങിയ ചെറുപക്ഷികളിലേറെയും ചിറകുവിരിച്ച് വെള്ളത്തിൽ കുളിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. ആഴം കുറഞ്ഞ് വാവട്ടം കൂടിയ ചെറിയ മൺപാത്രങ്ങളിലോ പ്ലാസ്റ്റിക് ട്രേകളിലോ വെള്ളം നിറച്ച് ഇവർക്ക് ആവോളം നീരാടുന്നതിനായി കൂട്ടിൽ സജ്ജീകരിക്കാം. കാനറികളെ പോലുള്ള ഇത്തിരി കുഞ്ഞൻമാർക്ക് നീന്തി തുടിക്കാൻ കൂടിന്റെ വാതിലിനോട് ചേർന്ന് ചെറിയ പാത്രങ്ങളിൽ വെള്ളം നിറച്ച് സജ്ജീകരിക്കാം. ഏവിയറുകളുടെ തറയിലും പക്ഷികൾക്ക് കുളിച്ചുല്ലസിക്കാൻ വെള്ളം നിറച്ച പാത്രങ്ങളൊരുക്കാം.

തത്തകളടക്കമുള്ള പക്ഷികളുടെ ചിറകിൽ പകൽ കൃത്യമായ ഇടവേളകളിൽ വെള്ളം സ്പ്രേ ചെയ്യുന്നത് അവർക്ക് പകൽ ചൂടിൽ ഏറെ ആശ്വാസകരമാവും. ഇങ്ങനെ ജലം ചെറുകണികകളായി മേനിയിൽ വന്നു വീഴുന്നത് മുങ്ങിക്കുളിയേക്കാൾ പക്ഷികൾക്കിഷ്ടമാണ്. ചെറുമഞ്ഞുതുള്ളികളെ പോലെ ജലകണികകൾ തൂവലിൽ ഇറ്റിറ്റു വീഴുന്ന മിസ്റ്റ് കൂളിംഗ് സിസ്റ്റം വലിയ ഏവിയറുകളിൽ ഒരുക്കാം. എങ്കിൽ മക്കാവു തത്തകളും കൊക്കറ്റു തത്തകളും പാരകീറ്റുകളുമെല്ലാം ഡബിൾ ഹാപ്പിയാവും. ഒന്നോ രണ്ടോ മണിക്കൂർ ഇടവേളയിൽ ഒന്നോ രണ്ടോ മിനിറ്റ് വീതം മിസ്റ്റ് പ്രവർത്തിപ്പിക്കാം. സ്പ്രിം ഗ്ലറുകളോ, മിസ്റ്ററോ, ഫോഗറുകളോ, ഉപയോഗിച്ച് വെള്ളം നനയ്ക്കുമ്പോൾ തീറ്റയും തീറ്റപാത്രങ്ങളും മാറ്റണം. പച്ചയുടെ നിറച്ചാർത്ത് തീർക്കുന്ന ചെറുമരങ്ങളും മുളകളും അലങ്കാര ചെടികളും വള്ളിച്ചെടികളുമൊക്കെ ഏവിയറിക്ക് ചുറ്റും നട്ടുപിടിപ്പിച്ചാൽ ഏവിയറികൾ വേനലിൽ പക്ഷികൾക്ക് ഒരു സുഖവാസ കേന്ദ്രം തന്നെയായിത്തീരും. പ്ലാസ്റ്റിക് പെർച്ചറുകൾ മാറ്റി ഏവിയറികളിൽ മരംകൊണ്ട് നിർമ്മിച്ച പെർച്ചുകൾ ഒരുക്കണം.

### അരുമക്കിളികളുടെ വേനൽതീറ്റ

ധാന്യതീറ്റകൾ കൂടുതലായി ഇഷ്ടപ്പെടുന്ന പക്ഷികളുടെ തീറ്റയിൽ രണ്ടോ മൂന്നോ തരം ധാന്യങ്ങൾ മാത്രം ഉൾപ്പെടുത്തുന്നതിന് പകരം വ്യത്യസ്തങ്ങളായ കൂടുതൽ എണ്ണം ധാന്യങ്ങൾ ഉൾപ്പെടുത്താൻ ശ്രമിക്കണം. ധാന്യങ്ങളുടെ എണ്ണം കൂടും തോറും പക്ഷികൾക്ക് തീറ്റയോടുള്ള താൽപര്യം കൂടുമെന്ന് മാത്രമല്ല പോഷകലഭ്യതയും ഉയരും. തത്തകളും ഫിഞ്ചുകളും പ്രാവുകളും അലങ്കാരക്കോഴികളുമെല്ലാം ധാന്യം കൂടുതലായി ഇഷ്ടപ്പെടുന്നവരാണ്. ധാന്യങ്ങൾ അടങ്ങുന്ന മുഖ്യാഹാരം രാവിലെയോ വൈകീട്ടോ ചൂട് കുറഞ്ഞ വേളകളിൽ വേണം നൽകാൻ. അൽഫാൽഫ പോലുള്ള പയർവർഗ്ഗച്ചെടികളും ഇലകളും മുളപ്പിച്ച ധാന്യങ്ങളും തീറ്റയിൽ ഉൾപ്പെടുത്തിയാൽ ഉയർന്ന പ്രോട്ടീൻ ലഭ്യത ഉറപ്പാക്കാം. അന്തരീക്ഷത്തിൽ ഈർപ്പത്തിന്റെ തോത് ഉയർന്നതായതിനാൽ സംഭരിച്ച് ദീർഘനാൾ സൂക്ഷിച്ച് വെച്ച തീറ്റകളിൽ കുമിൾ ബാധയ്ക്ക് സാധ്യത കൂടുതലാണ്. ഈ കുമിളുകൾ

ഉത്പാദിപ്പിക്കുന്ന അഫ്ളാടോക്സിൻ എന്ന വിഷവസ്തു പക്ഷികൾക്ക് മാരകമാണ്. തീറ്റ വസ്തുക്കൾ ഈർപ്പരഹിതമായി സൂക്ഷിക്കാനും നനവില്ലാത്ത പാത്രങ്ങൾ ഉപയോഗിച്ച് തീറ്റയെടുക്കാനും ശ്രദ്ധിക്കണം.

ധാന്യങ്ങൾക്കൊപ്പം പഴങ്ങളും പച്ചക്കറികളും ഇഷ്ടപ്പെടുന്ന മിശ്രഭോജികളായ ലോറികൾ, ലോറികിറ്റുകൾ, മക്കാവു തത്തകൾ, ആഫ്രിക്കൻ ചാരതത്തകൾ, കൊക്കറ്റു തുടങ്ങിയ ഇനം പക്ഷികളുടെ തീറ്റയിൽ തണുപ്പിച്ച് അരിഞ്ഞ പഴവും പച്ചക്കറികളും കൂടുതലായി നൽകണം. ഓറഞ്ച്, പേരയ്ക്ക്, ആപ്പിൾ, മാങ്ങ, പപ്പായ, ഏത്തപ്പഴം, മാതള നാരങ്ങ, തക്കാളി, കാരറ്റ്, ബീൻസ്, അച്ചിങ്ങ, പച്ചമുളക്, ബീറ്റ്റൂട്ട്, വെള്ളരിക്ക, കാബേജ്, മത്തൻ, എന്നിവയെല്ലാം ഈ പക്ഷികൾക്കിഷ്ടപ്പെടുന്ന പഴങ്ങളും, പച്ചക്കറികളുമാണ്. മൃദുവായ പച്ചപ്പുല്ലും, പനികൂർക്ക, തുളസി, മുരിങ്ങയില, ചീര, ചുവന്ന ചീര, അസോള, മൾബറിയില, പപ്പായയില, മല്ലിയില, കറുക, അൽഫാൽഫ, കീഴാർനെല്ലി തുടങ്ങിയ പച്ചിലകളും ചെറുതായി അരിഞ്ഞ് പകൽ സമയങ്ങളിൽ പക്ഷികൾക്ക് നൽകാം. ധാരാളം ജലാംശം അടങ്ങിയ പുല്ലും പച്ചിലകളും പക്ഷികളുടെ ശരീരത്തിന് ഒരു കൂളിംഗ് ഇഫക്ട് നൽകും. പ്രജനനവേളയിലുള്ള പക്ഷികൾക്ക് നിർബന്ധമായും മൃദു തീറ്റ നൽകണം. റൊട്ടിപ്പൊടി, പുഴുങ്ങിയ മുട്ട, സോയാബീൻ പിണ്ണാക്ക്, എള്ളെണ്ണ, ധാതു



മിശ്രിതങ്ങൾ എന്നിവയെല്ലാം ചേർത്ത് മൃദു തീറ്റ തയ്യാറാക്കാം. വേനൽക്കാലത്ത് പഴങ്ങളും പച്ചക്കറികളുമടക്കമുള്ള ജലാംശം ഏറെയുള്ള തീറ്റകൾ 2 മണിക്കൂറിലധികം പക്ഷികൾ കഴിയ്ക്കാതെ കൂട്ടിൽ സൂക്ഷിച്ചാൽ അത്തരം തീറ്റകളിൽ ബാക്ടീരിയൽ അണുക്കൾ പെരുകാൻ സാധ്യത കൂടുതലാണ്. തീറ്റയും തീറ്റ അവശിഷ്ടങ്ങളും കൃത്യസമയങ്ങളിൽ കൂട്ടിൽ നിന്ന് മാറ്റാൻ ശ്രദ്ധിക്കണം. ശരീരസമ്മർദ്ദം കുറയ്ക്കുന്നതിനായി ധാതുജീവക മിശ്രിതങ്ങൾ പതിവായി തീറ്റയിലോ വെള്ളത്തിലോ ചേർത്ത് നൽകണം. ജീവകം എ, ബി, സി, ഡി, ഇ എന്നിവയും കാത്സ്യം, ഫോസ്ഫറസ് തുടങ്ങിയ ധാതുക്കളും അടങ്ങിയ പോഷകങ്ങൾ ദിനേനെ നൽകണം. ഒപ്പം കണവനാക്ക്, കക്കപ്പൊടി, മരക്കരി, കരികട്ടപ്പൊടി, ചുടുകട്ട പ്പൊടി, ചുവന്ന മണ്ണ്, ചെങ്കൽപ്പൊടി എന്നിവ കൂട്ടിൽ ലഭ്യമാക്കിയാൽ ധാതു അപര്യാപ്തത പരിഹരിക്കാം. ലിവർ ടോണിക്കുകളും (കരൾ ഉത്തേജന മരുന്നുകൾ), യീസ്റ്റ്, ലാക്ടോബാസില്ലസ് തുടങ്ങിയ മിത്രാണുക്കൾ അടങ്ങിയ പ്രോബയോട്ടിക്കുകൾ എന്നിവയും തീറ്റയിൽ നൽകാം.

### അരുമക്കിളികൾക്ക് സൂര്യാഘാതമേറ്റാൽ

പക്ഷികൾ ഉഷ്ണസമ്മർദ്ദത്തിലാണെങ്കിൽ അവയുടെ ചിറകിനടിയിലെ തൂവലുകൾ കുറവുള്ള ഭാഗത്തും കാലുകളിലും കൈവെച്ച് പരിശോധിച്ചാൽ ഉയർന്ന ചൂട് അനുഭവപ്പെടും. പക്ഷികൾ ഉഷ്ണസമ്മർദ്ദത്തിന്റെ ലക്ഷണങ്ങൾ കാണിച്ചാൽ തണുപ്പുള്ള ഇടങ്ങളിലേക്ക് മാറ്റി അവയുടെ മേനിയിൽ ഇളം തണുപ്പുള്ള വെള്ളം നനച്ച് കുളിപ്പിക്കണം. ഐസ്ക്യൂബുകളിട്ട് നന്നായി തണുപ്പിച്ച വെള്ളം കുളിപ്പിക്കാൻ ഉപയോഗിക്കരുത്. കുളിപ്പിക്കാനുപയോഗിക്കുന്ന വെള്ളത്തിൽ ഒരല്പം സോപ്പ് ചേർത്താൽ എണ്ണമയം കലർന്ന തൂവൽപാളികൾക്കിടയിലൂടെ വെള്ളം എളുപ്പത്തിൽ വാർന്ന് പക്ഷികളുടെ ഉൾമേനിയെ തണുപ്പിക്കും. ചെറുപക്ഷികളെ ഒന്നോ രണ്ടോ മിനിറ്റ് നേരം തല മുങ്ങാതെ ഇളം തണുപ്പുള്ള വെള്ളത്തിൽ മുക്കിപിടിക്കാം.

ഐസ്ക്യൂബുകൾ ഒരു ടവ്വലിൽ പൊതിഞ്ഞ് കൊക്കുകളോടും കാൽ പാദങ്ങളോടും ചിറകിനടയിലെ തൂവലുകൾ കുറഞ്ഞ ഭാഗങ്ങളോടും ചേർത്ത് അല്പ സമയം വെയ്ക്കണം. ഗ്ലൂക്കോസും, ഇലക്ട്രോ ലൈറ്റുകൾ ചേർത്ത തണുത്ത വെള്ളം ആവോളം കുടിക്കാൻ പക്ഷികൾക്ക് നൽകണം. ഉഷ്ണ സമ്മർദ്ദത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്ന പക്ഷികൾക്ക് ഉടൻ ഈ പ്രഥമശുശ്രൂഷകൾ നൽകിയില്ലെങ്കിൽ അവ വിറയലോടെ തറയിൽ തളർന്ന് വീഴും. തുടർന്ന് മരണപ്പെടുകയും ചെയ്യാം.



# കൂടെ കൂട്ടും കൂട്ടുകാരുടെ ക്ഷേമം ഉറപ്പാക്കാം അരുമമൃഗങ്ങളുടെ ക്ഷേമം ഉടമയുടെ കടമ

കടപ്പാട് : ഡോ.ദിലീപ് ഫൽഗുനൻ



**ഡോ ആശ റ്റി റ്റി**
അസിസ്റ്റന്റ് ഡയറക്ടർ,
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
Ph : 7907161758

**അരുമകളായി വളർത്തുന്ന നായ്ക്കളെ തെരുവിലലയാൻ വിടാനോ, തെരുവിലുപേക്ഷിയ്ക്കുവാനോ പാടില്ല എന്നത് ഉടമയുടെ പ്രധാന കടമയാണ്. വളർത്തു നായ്ക്കൾക്കുവേണ്ട പ്രതിരോധ കുത്തിവയ്പ്പുകളെടുപ്പിച്ച്, തദ്ദേശസ്ഥാപനത്തിന്റെ ലൈസൻസ് എടുത്തുമാത്രം വളർത്തുക എന്നതും പരമപ്രധാനമാണ്.**

വീടിന്റെ കവാടം കഴിയുന്നതിനു മുമ്പ് കേട്ടു തുടങ്ങി കല്ലുവിന്റെ കുര. എന്നും പ്രഭാതം മുതൽ തിരക്കിലോടുന്ന ദിനചര്യ അവസാനിയ്ക്കുന്നത് കല്ലുവിന്റടുത്താണ്. കുഞ്ഞുകുട്ടികളോടൊപ്പം കഴിയുന്ന സന്തോഷമാണ് അവൾ തരുന്നത്. കഴിക്കുമ്പോഴും, കിടക്കുമ്പോഴുമെല്ലാം അവൾ കൂടെയുണ്ടാകും. വിരസത ഉളവാക്കുന്ന വാരാന്ത്യങ്ങളിൽ കളികളും, കുറുമ്പുകളുമായി മനസിനെ പുഷ്പിപ്പിയ്ക്കുന്നതും അവൾ തന്നെ.

കയ്യിലൊതുക്കി ഫ്ളാറ്റിലെത്തിച്ച പഞ്ഞിക്കെട്ട് മൂന്നുവർഷങ്ങൾക്കിപ്പുറം വളർന്നു വലുതായി ജീവിതത്തിലെ അവിഭാജ്യ ഘടകമായി മാറി എന്നുതന്നെ പറയാം. അതെ, അവൾ കൂടെ കൂടിയിട്ട് മൂന്ന് വർഷമാകുന്നു. ദിവസം ചെല്ലുംതോറും കല്ലുവിനോടുള്ള അടുപ്പം കൂടിക്കൂടി വരുന്നതും, ജീവിതത്തിൽ നിന്നും ഒഴിവാക്കാനാകാത്തവിധം മനസിലേയ്ക്കവൾ കയറി പറ്റുന്നതും അറിയുന്നുണ്ടായിരുന്നു. വാതിൽ തുറന്നുള്ളിലേക്ക് കയറിയാലുടൻ കുര നിർത്തി, അറിയാവുന്ന ഭാഷയിൽ പിണക്കം, കാണിച്ച് തുമ്മുകയും, ചീറ്റുകയും ചെയ്ത് വട്ടം ചുറ്റി നിൽക്കുന്ന കല്ലു, നീട്ടിയ കൈകളിലേയ്ക്ക് പെട്ടെന്ന് ചാടിക്കയറും. മടിയിലിരുത്തി രോമക്കുപ്പായത്തിലൂടെ വിരലോടിച്ച് പിണക്കം മാറ്റാൻ നോക്കുമ്പോൾ കണ്ണുകളിലേയ്ക്ക് നോക്കി അവൾ എന്തൊക്കെയോ മന്ത്രിയ്ക്കുന്നതായി


തോന്നും. തന്നെ ഒറ്റപ്പെടുത്തി പോയതിന്റെ പരിഭവം തീർന്നുകഴിഞ്ഞാൽ പിന്നെ അവൾ കൂടെ കൂടും.

ദിവസവും കണ്ടു ശീലിച്ചതിനാൽ തന്നെ കല്ലുവിന്റെ എല്ലാ ചേഷ്ടകളും പെട്ടെന്നു പിടികിട്ടും. അവളുടെ കുരയ്ക്കുപോലുമുണ്ട് പല താളങ്ങൾ. അതിർത്തി ഭേദിച്ചുള്ളിലേയ്ക്ക് കടക്കുന്ന വരുത്തരേയും, പരിചയക്കാരേയും വീട്ടിനുള്ളിൽ നിന്നുതന്നെ തിരിച്ചറിഞ്ഞ്, ഉടമയെ അറിയിക്കുന്ന അപാര കഴിവ്. ഉച്ചത്തിലുള്ള കുരയും, അപരിചിതരെ കാണുമ്പോഴുള്ള രൗദ്രഭാവവും, ആരേയും പേടിപ്പിയ്ക്കും. അതേ സമയം, സ്നേഹം നിറഞ്ഞ നോട്ടത്തോടെ ചെവിയും, വാലും താഴ്ത്തി, പാതിയടച്ച കണ്ണുകളോടെ സ്നേഹഭാവത്തിൽ തലോടലിനായി കുണുങ്ങി, കുണുങ്ങി കാത്തുനിൽക്കുന്ന കല്ലു മനസിൽ കുളിരു കോരും. ഇതെല്ലാം അവളുടെ ഉള്ളിലൂടെ കടന്നുപോകുന്ന വികാരവിക്ഷോഭങ്ങൾക്കനുസരിച്ചുള്ള നൈസർഗിക പ്രതികരണങ്ങൾ മാത്രം.

രാത്രിയെന്നോ, പകലെന്നോ ഭേദമില്ലാതെ ഉടമയ്ക്കായി കാവൽ കിടക്കുന്നവൾ, ജീവിതത്തിന്റെ ഭാഗമായപ്പോൾ അവൾക്കുവേണ്ടി ജീവിതരീതിയിൽ തന്നെ മാറ്റങ്ങൾ വരുത്തേണ്ടി വന്നു. നഗരമധ്യത്തിലെ ഫ്ളാറ്റിലെ ജീവിതം മതിയാക്കി, തിരക്കൊഴിഞ്ഞ നഗരപ്രാന്തത്തിൽ, വാടകവീട് തിരഞ്ഞു പിടിച്ചതുതന്നെ കല്ലുവിനു വേണ്ടിയാണ്. അവൾ സ്വൈര്യവിഹാരം നടത്തുന്ന സാമ്രാജ്യമായിരുന്നു ഫ്ളാറ്റ്. പക്ഷെ, അവൾ വലുതായതോടെ ഫ്ളാറ്റിലേയ്ക്കുള്ള അതിഥികളുടെ വരവ് കുറഞ്ഞു, അല്ല, കുറച്ചു. അപരിചിതരെ കാണുന്നത് കല്ലുവിനു ചതുർഥിയാണ്. വീട്ടിൽ ആരുമില്ലെങ്കിൽ അവളുടെ കാര്യം വളരെ കഷ്ടത്തിലാകും. അവൾക്കുവേണ്ടി ദീർഘയാത്രകളും ഒഴിവാക്കിത്തുടങ്ങി എന്നു പറയുന്നതാണ് ശരി. വളർത്തുനായ്ക്കളെ പരിപാലിയ്ക്കുന്ന ഹോസ്റ്റലുകളൊക്കെ നഗരത്തിലുണ്ടെങ്കിലും അവളെ ഏൽപ്പിച്ചു പോകാൻ തോന്നാറില്ല എന്നതാണ് വാസ്തവം. കാറിലുള്ള യാത്രകളിൽ അവളെ കൂടെ കൂട്ടും. അവൾക്കുവേണ്ടി സജ്ജമാക്കിയ പ്രത്യേക കൂട്ടിൽ കയറാതെ അവൾ മടിയിലിരുന്ന് ഉറങ്ങും. അപരിചിതരെ കണ്ടാൽ കുരച്ച്, ബഹളം വെച്ച് ഭയപ്പെടുത്തും. ഒരുപക്ഷേ അവൾക്കൊരു കൂട്ടുണ്ടായിരുന്നെങ്കിൽ ഇത്രയധികം വികാര പ്രകടനങ്ങൾ കാണിക്കില്ലായിരുന്നിരിയ്ക്കാം. അവരവരുടെ ഭാഷയും, ചേഷ്ടയും മനസിലാക്കി, പരസ്പരം പ്രതികരിയ്ക്കുവാൻ, വികാരങ്ങൾ കൈമാറാൻ മനുഷ്യർക്കെന്നപോലെ മൃഗങ്ങൾക്കും ഉണ്ടല്ലോ അവകാശം.

മേൽപ്പറഞ്ഞതാണ് കല്ലു എന്ന വിളിപ്പേരുള്ള കല്യാണി എന്ന ഇന്ത്യൻ സ്പിറ്റ്സ് ഇനത്തിൽപെട്ട പെൺ വളർത്തു നായയുടെ സ്വാഭാവിക പെരുമാറ്റങ്ങൾ. ഇതുപോലെ ഒരുപാടു കല്യാണിമാർ നഗരത്തിലെ പല അണുകുടുംബങ്ങളിലും അരുമകളായി വാഴുന്നുണ്ട്. മറുവശത്ത് ഉടമസ്ഥരില്ലാതെ, മേൽവിലാസം അറിയാതെ തെരുവിൽ അലയുന്ന ആയിരക്കണക്കിനു നായ്ക്കളുമുണ്ട്. 19.5 ദശലക്ഷത്തിൽ പരം അരുമമൃഗങ്ങൾ രാജ്യത്തുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിയ്ക്കുന്നത്. അതിൽ 80 ശതമാനത്തിലധികം വളർത്തുനായ്ക്കളാണുതാനും. സമൂഹത്തിലെ ദശലക്ഷക്കണക്കിനു അണുകുടുംബങ്ങളിലെ ഒഴിവാക്കാൻ കഴിയാത്ത അംഗങ്ങളായി മാറിക്കഴിഞ്ഞു അരുമനായ്ക്കളും, പൂച്ചകളും. പലവിഭാഗത്തിലുള്ള ഓമനമൃഗങ്ങളും, പക്ഷികളും, ഉരഗങ്ങളും ഒക്കെ കുട്ടികളുടേയും, മുതിർന്നവരുടേയും ദൈനംദിനജീവിതത്തെ സ്വാധീനിയ്ക്കുന്നുണ്ട്. സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുന്നവർക്ക് കൂട്ടായും, തണലായും, കാവലായും മാറുന്ന വളർത്തുനായ്ക്കൾ ഇന്നത്തെ സാമൂഹിക പരിതസ്ഥിതിയിൽ പൊതുജനക്ഷേമം ഉറപ്പാക്കുന്നതിൽ വലിയ പങ്ക് വഹിയ്ക്കുന്നുണ്ട്. മാനസികോല്ലാസത്തിനും, മാനസികാരോഗ്യം ഉറപ്പാക്കുന്നതിനും അരുമമൃഗങ്ങൾ വഹിയ്ക്കുന്ന പങ്ക് വളരെ വലുതാണ്. അടുത്ത കാലത്ത് ജനശ്രദ്ധയാകർഷിച്ച പെറ്റ് തെറാപ്പി മാനസികാരോഗ്യം ഉറപ്പാക്കി, സന്തോഷകരമായജീവിതം നയിയ്ക്കുന്നതിന് സഹായകരമായ ഉപാധിയായി അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്. പരിശീലനം സിദ്ധിച്ച വളർത്തുനായ്ക്കൾ ശാരീരിക വൈകല്യമുള്ളവരുടെ ദിനചര്യയിൽ പ്രധാന പങ്കുവഹിയ്ക്കുന്നതും വിരളമല്ല.

നമ്മുടെ ആവശ്യങ്ങൾക്കായി കൂടെ കൂട്ടുന്ന അരുമകളുടെ ക്ഷേമം ഉറപ്പാക്കേണ്ടത് നമ്മുടെ കടമയത്രേ. സ്വൈര്യജീവിതത്തിനുള്ള അവകാശം അരുമമൃഗങ്ങൾക്കുമുണ്ട്. പലപ്പോഴും കഴിഞ്ഞുകൂടുന്ന ചുറ്റുപാടുകളും, പരിപാലനമുറകളും ഒപ്പം പാർക്കുന്ന ഓമനമൃഗങ്ങൾക്കു നൽകുന്ന സമ്മർദം ഉടമസ്ഥരുടെ ശ്രദ്ധയിൽ പെടാറില്ലയെന്നതാണ് യാഥാർഥ്യം. അവയുടെ താൽപ്പര്യങ്ങളേയും, ആഗ്രഹങ്ങളേയും ഹനിച്ചുകൊണ്ട് രാവും, പകലും ഭേദമില്ലാതെ കൂട്ടിലടയ്ക്കപ്പെടുമ്പോൾ,


കടപ്പാട് : ഡോ. ദിലീപ് ഫൽഗുനൻ

നിയന്ത്രണമില്ലാതെയുള്ള പ്രജനനരീതികൾ സ്വാതന്ത്ര്യത്തെ ഹനിയ്ക്കുമ്പോൾ, ഉടമയുടെ ആഗ്രഹങ്ങൾക്കും, ആവശ്യങ്ങൾക്കുമനുസരിച്ച് രൂപവും, ഭാവവും മാറ്റിയെടുക്കപ്പെടുമ്പോൾ മൃഗ ക്ഷേമ തത്വങ്ങൾ മറക്കാൻ പാടില്ല.

കൂട്ടിനായി കൂടെ കൂട്ടുന്ന അരുമയ്ക്കുമുണ്ട് ശാരീരികവും, വൈകാരികവും, സാമൂഹികവുമായ ഒരുപാടാവശ്യങ്ങൾ എന്ന തിരിച്ചറിവ് ഉടമകൾക്കുണ്ടാകണം. ഉടമകൾ ചെയ്തുകൊടുക്കേണ്ട കാര്യങ്ങളെന്തെല്ലാമെന്ന വ്യക്തത ഉണ്ടാകണം. ചെവിയും, വാലും മുറിയ്ക്കുന്നതും, നിശബ്ദമാക്കുന്നതിനായി ശസ്ത്രക്രിയ ചെയ്യുന്നതുമൊക്കെ അഴകിനും, ആരോഗ്യത്തിനും, പരിപാലനത്തിനുമെല്ലാം സൗകര്യമൊരുക്കുവാൻ വേണ്ടിയാണ്. ഇത്തരം രൂപഭാവമാറ്റങ്ങളുണ്ടാക്കുമ്പോൾ അവയുടെ ക്ഷേമം ഹനിയ്ക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുണ്ട്. നമ്മുടെ ആഗ്രഹപൂർത്തീകരണത്തിനായി അന്തർ പ്രജനനത്തിലൂടെ പുതിയ ജനുസുകളെ ഉണ്ടാക്കുമ്പോഴും അവയുടെ ക്ഷേമത്തിനു കോട്ടം തട്ടരുത്. സ്വന്തം ശാരീരിക ആവശ്യങ്ങൾ നിറവേറ്റാൻ പറ്റാത്തതരത്തിലുള്ള ഇനങ്ങളെ ഉണ്ടാക്കി പ്രചരിപ്പിയ്ക്കുന്നത് ഒഴിവാക്കപ്പെടണം. പ്രജനന നിയമങ്ങളും, പെറ്റ് ഷോപ്പ് നിയമങ്ങളും നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

തെരുവിലലയുന്ന നായ്ക്കളിലുമുണ്ട് പല വിഭാഗങ്ങൾ, ഉടമയുള്ളവയും, ഇല്ലാത്തവയും. അതുപോലെ, സൗമ്യൻമാരും, രൗദ്രരൂപികളും. പട്ടണങ്ങളിലും, ഗ്രാമങ്ങളിലും പ്രദേശവാസികളോടൊപ്പം സമരസപ്പെട്ട് അവരുടെ സംരക്ഷണത്തിൽ കഴിയുന്ന നായ്ക്കൾ പൊതുവെ ശാന്തസ്വഭാവക്കാരായിരിയ്ക്കും. ആ പ്രദേശത്തിന്റെ കാവൽ സ്വയം ഏറ്റെടുത്തു ചെയ്യുന്നവർ. എന്നാൽ വന്യതിയിലേയ്ക്കുള്ള തിരിച്ചു പോക്കെന്നവണ്ണം രൗദ്രസ്വഭാവമുള്ള തെരുവുനായ്ക്കൾ പലപ്പോഴും ആക്രമകാരികളാണ്. കൂട്ടമായി അലയുന്ന ഇവർ മനുഷ്യരുടെ ജീവന് ഭീഷണിയായി തീരാറുണ്ട്. ഇവയ്ക്കെല്ലാം ആഹാരവും, കുടിവെള്ളവും ഉറപ്പാക്കുവാനും, ജന്തുജന്യ രോഗങ്ങളുടെ വ്യാപനത്തിനു കാരണക്കാരാകാതിരിയ്ക്കുന്നതിനും വേണ്ട നടപടികൾ ഏറ്റെടുത്തു ചെയ്യേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. വന്ധ്യംകരണത്തിനു വിധേയമാക്കി, പ്രതിരോധ കുത്തിവയ്പ്പുകൾ നൽകി അവയുടെ ആവാസ വ്യവസ്ഥയിൽ തന്നെ ജീവിയ്ക്കാനനുവദിയ്ക്കുകയോ, അല്ലാത്തപക്ഷം അവയ്ക്കുവേണ്ട സംരക്ഷണ കേന്ദ്രങ്ങൾ ഒരുക്കുകയോ ആണ് പ്രായോഗിക പരിഹാരം. അരുമകളായി വളർത്തുന്ന നായ്ക്കളെ തെരുവിലലയാൻ വിടാനോ, തെരുവിലുപേക്ഷിയ്ക്കുവാനോ പാടില്ല എന്നത് ഉടമയുടെ പ്രധാനകടമയാണ്. വളർത്തു നായ്ക്കൾക്കുവേണ്ട പ്രതിരോധകുത്തി വയ്പ്പുകളെടുപ്പിച്ച്, തദ്ദേശസ്ഥാപനത്തിന്റെ ലൈസൻസ് എടുത്തുമാത്രം വളർത്തുക എന്നതും പരമപ്രധാനമാണ്. വിശപ്പും, ദാഹവുമില്ലാതെ, താപ സമ്മർദ്ദമേൽക്കാതെ, മുറിവുകളുണ്ടാകാതെ, വേദന അനുഭവിയ്ക്കാതെ, നൈസർഗിക സ്വഭാവങ്ങൾ പ്രകടിപ്പിച്ച്, സമ്മർദ്ദങ്ങളിൽ നിന്നും, ഭയത്തിൽ നിന്നും പൂർണ്ണമായി മുക്തരായി ജീവിയ്ക്കാനുള്ള സ്വാതന്ത്ര്യവും, അവകാശവും അരുമമൃഗങ്ങൾക്കുമുണ്ട്. ഇതെല്ലാം ഒരുക്കേണ്ട ഉത്തരവാദിത്വം അവയുടെ ഉടമകളിലും, സമൂഹത്തിലും നിക്ഷിപ്തവുമാണ്. കാവലിനായും, കൂട്ടായും കൂട്ടുന്ന അരുമമൃഗങ്ങളുടെ ക്ഷേമം ഉറപ്പാക്കാൻ നമുക്ക് പ്രതിജ്ഞയെടുക്കാം, ഒരുമിക്കാം.



# നായ്ക്കളിലെ മദിചക്രം

കടപ്പാട് : ഡോ. ദിലീപ് ഫൽഗുനൻ

**ഡോ.ദിവ്യ ആർ നായർ**
വെറ്ററിനറി സർജൻ
വെറ്ററിനറി പോളിക്ലീനിക്, പുനലൂർ
Ph : 9496812168

കുറച്ചു ദിവസം മുൻപ് ഒരു അമ്മയും കൗമാരം പിന്നിട്ട മകനും അവരുടെ എട്ടു മാസം പ്രായമുള്ള നാടൻ നായയുമായി ആശുപത്രിയിലെത്തി. വളരെ വിഷമിച്ചാണ് വന്നത്. രക്തം കലർന്ന വയറിളക്കമാണ് അസുഖം. ഭക്ഷണം കുറച്ചേ കഴിക്കുന്നുള്ളൂ. പാർവോ സീസൺ തുടങ്ങിയോ എന്നു സംശയിച്ചാണ് പരിശോധിക്കാൻ ചെന്നത്.

'ഛർദ്ദിയുണ്ടോ' ഞാൻ നായയുടെ പുറം ഉഴിഞ്ഞുകൊണ്ടു ചോദിച്ചു.

'ഇല്ല' അമ്മ പറഞ്ഞു.

പാർവോ വൈറൽ എന്ററൈറ്റിസിൽ ഛർദ്ദി കൂടിക്കാണുമല്ലോ.

രക്തം കലർന്ന വയറിളക്കത്തിന്റെ മറ്റു കാരണങ്ങളെപ്പറ്റി ആലോചിച്ചു കൊണ്ട് ഞാൻ നായയുടെ വാൽ ഒരു വശത്തേക്ക് മാറ്റി നോക്കി. ഈറ്റത്തിൽ രക്തം പറ്റിപ്പിടിച്ചിരിക്കുന്നുണ്ട്. ഈറ്റം തടിച്ചിട്ടുമുണ്ട്. സമാധാനമായി. ഈറ്റത്തിലൂടെ കണ്ട ബ്ലീഡിങ് വയറിളക്കമായി അവർ തെറ്റിദ്ധരിച്ചതാണ്.

'പേടിക്കണ്ട. നിങ്ങളുടെ നായ ഹീറ്റിലാണ്'

'ഹീറ്റ് എന്നു വച്ചാൽ?'

അമ്മയ്ക്ക് ഇപ്പോഴും വിഷാദ ഭാവം തന്നെ.

'മനുഷ്യർക്ക് വരില്ലേ ആർത്തവം? അതു പോലെ പട്ടികൾക്കും വരും'

'അതിന് ഇത് ആൺപട്ടി അല്ലെ' മകന്റെ ചോദ്യം.

'അല്ലല്ലോ, പെണ്ണാ. കണ്ടില്ലേ'

ഞാൻ നായയുടെ ഈറ്റത്തിലേക്ക് വിരൽ ചൂണ്ടി.

അമ്മയും മോനും പരസ്പരം നോക്കി അന്തംവിട്ടു നിന്നു.

'ആണാണെന്ന് പറഞ്ഞാണ് ഇവൻ ഇതിനെ കൊണ്ട് വന്നത്'

അമ്മ മകനിൽ കുറ്റം ചാരി.

'എന്താ പേരിട്ടിരിക്കുന്നത്?'

'ലിയോ' മോന്റെ മറുപടി.

'ലിയോണ എന്നാക്കൂ. പ്രശ്നം തീർന്നില്ലേ?'

ഞാൻ ചിരിച്ചു.

അവരുടെ അന്ധാളിപ്പ് മാറിയിട്ടില്ല.

ഞാൻ തുടർന്നു പറഞ്ഞു.

'സാരമില്ല. നായ്ക്കളെ വളർത്തി പരിചയമുള്ളവരല്ലേ ഇതൊക്കെ ശ്രദ്ധിക്കുക.

'ഇവൾക്ക് ഇതിന് മുൻപ് ഇങ്ങനെ ബ്ലീഡിങ് കണ്ടിട്ടില്ല' അമ്മ സാക്ഷ്യപ്പെടുത്തി.

'ഒരു പെൺനായ പ്രായപൂർത്തിയാവുന്നത് സാധാരണയായി ആറു മാസത്തിനും പത്തു മാസത്തിനും ഇടയ്ക്കുള്ള പ്രായത്തിലാണ്. നായയുടെ ഇനം, ശരീരഭാരം എന്നിവ അനുസരിച്ച് ഈ പ്രായത്തിന് ഏറ്റക്കുറച്ചിലുകൾ കാണുന്നു. പൊതുവെ വലിയ ഇനം നായ്ക്കൾ ഒരു വയസ് കഴിഞ്ഞാണ് പ്രായപൂർത്തിയാവുന്നത്. സ്പി റ്റ്സ്, ഡാഷ് ഹണ്ട് തുടങ്ങിയ ചെറിയ ഇനം നായ്ക്കളിലും നാടൻ നായ്ക്കളിലും ആറു മാസം കഴിയുമ്പോൾ തന്നെ ആദ്യ മദി അഥവാ ഹീറ്റ് വരാറുണ്ട്. ഇവൾക്ക് ഇത് ആദ്യത്തെ മദിയാണ്' ഞാൻ പറഞ്ഞു.

'ഇനി എല്ലാ മാസവും ഇവൾക്ക് ഹീറ്റ് വരുമോ ഡോക്ടർ?'

വിഷയം 'ലൈംഗികം' ആയതിനാൽ ഒന്ന് പുറകോട്ട് വലിഞ്ഞ മകൻ സങ്കോചത്തോടെ ചോദിച്ചു.

'എല്ലാ മാസവും ഉണ്ടാകില്ല. മനുഷ്യരുടേതിൽ നിന്ന് വ്യത്യസ്തമായി വർഷത്തിൽ രണ്ടോ മൂന്നോ മദി ചക്രം അഥവാ ഹീറ്റ് സൈക്കിൾ ആണ് നായ്ക്കളിൽ കാണുന്നത്. ഒരു നായയുടെ മദി ചക്രത്തിന് നാലു ഘട്ടങ്ങൾ ഉണ്ട്. ആർത്തവം കാണുന്ന പ്രൊഈസ്ട്രസ്, ഇണചേരുന്ന ഈസ്ട്രസ്, ഗർഭം ധരിക്കുന്ന മെറ്റ് ഈസ്ട്രസ് അല്ലെങ്കിൽ ഡൈഈസ്ട്രസ്, അത് കഴിഞ്ഞ് അടുത്ത മദി വരെ ലക്ഷണങ്ങളൊന്നുമില്ലാത്ത വിശ്രമവേളയായ അനീസ്ട്രസ് എന്നിവയാണ് അവ. പ്രൊഈസ്ട്രസ് രണ്ടു ദിവസം മുതൽ ഇരുപത്തിഒന്ന് ദിവസം വരെ നീണ്ടു നിൽക്കും. ഈസ്ട്രസിനും ഏകദേശം അതേ ദൈർഘ്യം തന്നെയാണ്. ഗർഭിണിയായ നായ്ക്കൾക്ക് ഗർഭകാലമായ രണ്ടു മാസമാണ് ഡൈഈസ്ട്രസ്. ഗർഭം ധരിയ്ക്കാത്തവയ്ക്ക് ഈ കാലയളവ് മൂന്ന് മാസം മുതൽ നൂറു ദിവസം വരെ നീളാറുണ്ട്. അനീസ്ട്രസിന് മൂന്ന് മുതൽ അഞ്ചു മാസം വരെ ദൈർഘ്യം കാണുന്നു.

'ബ്ലീഡിങ് കാണുമ്പോൾ ആണോ ഹീറ്റ് തുടങ്ങിയെന്ന് മനസ്സിലാവുക'

'അതേ. എന്നാലും അത്ര ധാരയായുള്ള രക്തംപോക്ക് ഒന്നുമാവില്ല മിക്കവാറും നായ്ക്കൾക്കും. ഇരിക്കുന്ന സ്ഥലത്തും കൂട്ടിലും ചിലപ്പോൾ രക്തത്തുള്ളികളോ രക്തക്കറയോ കാണും. ഈറ്റം സാധാരണയിൽ നിന്നും തടിച്ചു വീർത്തിരിക്കും. ഇടവിട്ടുള്ള മൂത്രമൊഴിക്കൽ, അസ്വസ്ഥത പ്രകടിപ്പിക്കൽ എന്നിവ ഈ സമയത്ത് കാണും. ഓരോ പട്ടികളിലും പ്രൊഈസ്ട്രസിന്റെ ദൈർഘ്യം വ്യത്യാസപ്പെട്ടിരിക്കുമെങ്കിലും ശരാശരി ഒൻപത് ദിവസം ഇത് നീണ്ടു നിൽക്കും എന്നു പൊതുവെ പറയുന്നു. വലിയ ഇനം പട്ടികൾക്ക് കൂടുതൽ ദിവസം അതായത് പത്ത് ദിവസത്തിൽ കൂടുതലൊക്കെ ബ്ലീഡിങ് കാണാറുണ്ട്. ഈറ്റത്തിൽ നിന്ന് വരുന്ന സ്രവം ആദ്യം നല്ല ചുവന്ന നിറത്തിൽ ആയിരിക്കും. ക്രമേണ ദിവസം ചെല്ലുന്തോറും അത് നേർത്തു ഇളം ചുവന്ന നിറമോ ഓറഞ്ച് നിറമോ വൈക്കോലിന്റെ നിറമോ ആയി മാറും. ഇരുപത്തിയൊന്ന് ദിവസത്തിൽ കൂടുതൽ ബ്ലീഡിങ് ഉണ്ടെങ്കിൽ ഡോക്ടറെ സമീപിക്കുക'

'ബ്ലീഡിങ് സമയത്ത് നമ്മൾ എന്തെങ്കിലും ശ്രദ്ധ കൊടുക്കേണ്ടതുണ്ടോ' മകന് ആകാംക്ഷ വർദ്ധിച്ചു.

'തീർച്ചയായും ഉണ്ട്. നായ്ക്കൾക്ക് ഈ സമയത്ത് കരുതലും സ്നേഹവും കൊടുക്കേണ്ടതാണ്. മനുഷ്യരുടേത് പോലെ അവർക്കും മാനസിക പിരിമുറുക്കവും ക്ഷീണവും ഉണ്ടാകാം. വിശപ്പില്ലായ്മ ഉണ്ടാകാം. ചിലർ അക്രമാസക്തരുമാവാം. അവരുടെ സ്വഭാവത്തിലെ വ്യത്യാസങ്ങൾ കണ്ടറിഞ്ഞു പെരുമാറണം. അവർക്ക് ഇഷ്ടപ്പെട്ട ആഹാരം കൊടുക്കുകയും കളിക്കാൻ കളിപ്പാട്ടങ്ങൾ കൊടുക്കുകയും ചെയ്യാം. കുടിയ്ക്കാൻ ഇടയ്ക്കിടെ വെള്ളം കൊടുക്കണം. രക്തം വരുന്നതിനാൽ ഈറ്റത്തിൽ അണുബാധ ഉണ്ടാവാതിരിക്കാനായി ചെറിയ ചൂടുവെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ വൃത്തിയുള്ള കോട്ടൺ തുണി കൊണ്ട് ദിവസേന രണ്ടു നേരം ഈറ്റത്തിന്റെ ഭാഗം തുടച്ചു കൊടുക്കാം. ഏറ്റവും ശ്രദ്ധിക്കേണ്ട കാര്യം ഈ സമയത്തു നായ്ക്കളെ പുറത്തേക്ക് അഴിച്ചു വിടരുത് എന്നതാണ്. ആൺപട്ടികൾ ഇവരിൽ ആകൃഷ്ടരായി വരും. എന്നാൽ പെൺപട്ടികൾ പ്രൊഈസ്ട്രസിൽ അവരെ അടുപ്പിക്കുകയോ ഇണചേരാൻ സമ്മതിക്കു കയോ ചെയ്യില്ല. അതിനാൽ ആൺനായ്ക്കൾ പെൺനായ്ക്കളെ ആക്രമിക്കാൻ സാധ്യതയുണ്ട്. ബ്ലീഡിങ് അവസാനിച്ചു കഴിഞ്ഞുവരുന്ന ഘട്ടമാണ് ഈസ്ട്രസ്. ഈ സമയത്താണ് പെൺപട്ടികളിൽ അണ്ഡവിസർജനം നടക്കുന്നതും അവർ ഇണചേരാൻ നിന്ന് കൊടുക്കുന്നതും.'

'ബ്ലീഡിങ് അവസാനിക്കുന്നത് നോക്കിയാണോ അവരെ ഇണചേർപ്പിക്കേണ്ടത്?'

ഓരോ നായയിലും പ്രൊഈസ്ട്രസിന്റെ ദൈർഘ്യം വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ കൃത്യമായി എത്ര ദിവസം കഴിഞ്ഞാണ് ഇണചേർക്കാൻ കഴിയുക എന്നത് പറയുന്നത് ബുദ്ധി മുട്ടാണ്. ചിലർക്ക് ഒൻപത് ദിവസം ആയിരിക്കും ബ്ലീഡിങ്. അവരുടെ തന്നെ അടുത്ത ഹീറ്റിൽ പന്ത്രണ്ട് ദിവസമായിരിക്കും. ചിലർക്ക് ഏഴു ദിവസം ആയിരിക്കും. ചിലർക്ക് രണ്ടു ദിവസം കഴിഞ്ഞു പിന്നെ ബ്ലീഡിങ് കാണില്ല., വീണ്ടും രണ്ടു മൂന്നു ദിവസം കഴിഞ്ഞു കാണും. അതുകൊണ്ട് പുറമേയുള്ള രക്തസ്രാവം നോക്കി മദിചക്രത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് പറയാൻ കഴിയില്ല. എന്നാൽ ചില ടെസ്റ്റുകൾ വഴി അണ്ഡവിസർജന സമയവും ഇണചേരാനുള്ള സമയവും കൃത്യമായി പ്രവചിക്കാൻ സാധിക്കും.

ലബോറട്ടറി സൗകര്യമുള്ള ഒരു ആശുപത്രിയിൽ നായയെ കൊണ്ട് പോയി ഈ പരിശോധനകൾ ചെയ്യാം. ഇവയുടെ ഫലം നോക്കി ഏത് ദിവസമാണ് ഇണ ചേർക്കാൻ കൊണ്ട് പോവേണ്ടതെന്ന് ഡോക്ടർ നിർദ്ദേശിക്കും. നായയുടെ യോനിയിൽ നിന്നുള്ള കോശങ്ങളുടെ പ്രത്യേകതകൾ നോക്കുന്ന എക്സ്ഫോളിയേറ്റീവ് വജൈനൽ സൈറ്റോളജി, രക്തത്തിലെ പ്രൊജസ്റ്ററോൺ ഹോർമോണിന്റെ അളവ് നോക്കുന്ന ടെസ്റ്റ് എന്നിവയാണവ. ചിലപ്പോൾ ഒരു പ്രാവശ്യം ടെസ്റ്റ് ചെയ്താൽ കൃത്യമായ തീയതി ലഭിച്ചെന്നു വരില്ല. അങ്ങനെ വരുമ്പോൾ രണ്ടോ മൂന്നോ ദിവസം കഴിഞ്ഞ് ഒന്നു കൂടെ ടെസ്റ്റ് ചെയ്യേണ്ടതുണ്ട്. നല്ല രക്തസ്രാവം ഉണ്ടെങ്കിൽ അതു തുടങ്ങി അഞ്ചോ ആറോ ദിവസത്തിന് ശേഷമാണ് ആദ്യ പരിശോധന നടത്തേണ്ടത്. ബ്ലീഡിങ് നേർത്തോ ഇളം നിറമോ ആവുന്നത് കണ്ടാൽ അന്നേരം തന്നെ ടെസ്റ്റ് ചെയ്യണം. രണ്ടു മൂന്ന് ദിവസം രക്തസ്രാവം കണ്ടതിനു ശേഷം പിന്നീട് കണ്ടില്ലെങ്കിൽ അപ്പോഴും ടെസ്റ്റ് ചെയ്തു നോക്കണം.'

'ഈ സമയത്ത് എന്തെങ്കിലും മരുന്ന് കൊടുക്കണോ?' മകന്റെ സംശയങ്ങൾ തീരുന്നില്ല.

'പ്രത്യേകിച്ചു മരുന്നുകൾ ഒന്നും നൽകേണ്ടതില്ല. ഇണ ചേർക്കാൻ ഉദ്ദേശമുണ്ടെങ്കിൽ പ്രൊ ഈസ്ട്രസ് സമയത്ത് വിര മരുന്ന് നൽകണം. ഇണ ചേർത്തതിന് ശേഷം ഫോളിക് ആസിഡ് ഗുളികകളും മൾട്ടി വിറ്റാമിൻ മരുന്നുകളും ദിവസേന നൽകാം. വാക്സിനുകൾ ഹീറ്റ് തുടങ്ങിയതിനുശേഷം എടുക്കാൻ നിർദേശിക്കാറില്ല. ഇണ ചേർക്കാൻ ഉദ്ദേശിക്കുന്ന നായയ്ക്ക് പ്രതിരോധ കുത്തിവയ്പ്പിന്റെ നിയുക്ത തീയതി




അടുത്തെങ്കിൽ ഒന്നുകിൽ മദിചക്രം തുടങ്ങുന്നതിന് മുൻപോ അല്ലെങ്കിൽ പ്രസവ ശേഷമോ ആണ് കുത്തിവയ്പ് എടുക്കേണ്ടത്.

'ബ്ലീഡിങ് സമയത്ത് പുറത്തു വിടരുതെന്ന് പറഞ്ഞല്ലോ. ബ്ലീഡിങ് കഴിയുമ്പോൾ അവരെ പുറത്തേക്ക് വിട്ടാൽ എന്തെങ്കിലും പ്രശ്നമുണ്ടോ' അമ്മ നിഷ്കളങ്കമായി ചോദിച്ചു.

'പുറത്തേക്ക് വിട്ടാൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന തെരുവ് നായ്ക്കളുമായി ഇണ ചേരാൻ സാധ്യതയുണ്ട്. പെൺനായയെ പോലുള്ള കുഞ്ഞുങ്ങൾ വേണമെങ്കിൽ അതേ ഇനത്തിലുള്ള ആൺനായയെ കണ്ടു പിടിച്ചു ഇണചേർക്കുക. പെൺനായയെ പരിശോധന നടത്തി കൃത്യമായ തീയതി കിട്ടിക്കഴിഞ്ഞാൽ വീട്ടിൽ തന്നെ ഇതിന്റെ അടുത്ത ബന്ധത്തിലല്ലാത്ത ആൺ നായയുണ്ടെങ്കിൽ അതുമായി ഇണചേർപ്പിക്കാം. അതല്ലെങ്കിൽ ആൺനായയുള്ള സുഹൃത്തുക്കളുടെയോ അടുപ്പമുള്ളവരുടെയോ വീട്ടിലോ നായയെ പ്രജനനം ചെയ്യിച്ചു കൊടുക്കുന്ന ഫാമുകളിലോ പെൺനായയെ കൊണ്ടുപോയി ഇണചേർപ്പിക്കുകയും ചെയ്യാം. ആൺനായയെ പെൺനായയുള്ളിടത്തേക്ക് കൊണ്ട് വരുന്നതിനെക്കാളും തിരിച്ചു ചെയ്യുന്നതാണ് അഭികാമ്യം.

പ്രൊഈസ്ട്രസ് പോലെ ഈസ്ട്രസിന്റെ ദൈർഘ്യവും ഓരോ നായ്ക്കളിലും ഒരു നായയുടെ തന്നെ അടുത്തടുത്ത രണ്ടു ഹീറ്റ് സൈക്കിളിലും വ്യത്യാസപ്പെട്ടിരിക്കും. ചിലരിൽ അഞ്ചു ദിവസമാണെങ്കിൽ മറ്റു ചിലരിൽ രണ്ടാഴ്ച



ആകും. ശരാശരി ഒൻപത് ദിവസമാണ് ഈസ്ട്രസിന്റെ ദൈർഘ്യം. ഈസ്ട്രസ് തുടങ്ങിക്കഴിഞ്ഞുള്ള ദിവസങ്ങളിൽ ഘട്ടങ്ങളായി ആണ് അണ്ഡവിസർജനം നടക്കുന്നത്. ആൺനായയുടെ ബീജത്തിന്റെ ജീവിത ദൈർഘ്യവും അഞ്ചു ദിവസം മുതൽ ഏഴു ദിവസം വരെയാണ്. അതിനാൽ ആരോഗ്യമുള്ള അണ്ഡവും ബീജവും സംയോജിച്ചു കൂടുതൽ കുഞ്ഞുങ്ങൾ ഉണ്ടാവാൻ ഈസ്ട്രസ് തുടങ്ങിക്കഴിഞ്ഞു മൂന്ന് ദിവസത്തെ ഇടവേളകളിൽ രണ്ടു മൂന്ന് തവണ ഇണ ചേർക്കേണ്ടതാണ്. ആണും പെണ്ണും ഒരു വീട്ടിൽ തന്നെ ആണെങ്കിൽ പെൺനായയെ പരിശോധന നടത്തി നിർണയിച്ച തീയതി മുതൽ ഈസ്ട്രസ് കഴിയുന്നത് അവരെ സ്വതന്ത്രമായി ഒരുമിച്ചു വിടാവുന്നതാണ്'

'ഇവൾക്ക് എന്നത്തേക്ക് ഇണചേർക്കാം ഡോക്ടർ? ഇന്ന് ടെസ്റ്റ് എടുക്കാൻ പറ്റുമോ?' മകൻ ചോദിച്ചു.

'ഇവൾക്ക് ഇത് ആദ്യത്തെ ഹീറ്റല്ലേ. പ്രായ പൂർത്തി എത്തിയെങ്കിലും ലൈംഗിക അവയവങ്ങൾ പൂർണവളർച്ച എത്താൻ ഒന്നര വയസൊക്കെ പ്രായമാവണം. ആദ്യത്തെ ഹീറ്റിൽ അണ്ഡ വിസർജനം നടക്കാറില്ല. അണ്ഡ വിസർജനം നടന്നു എന്നാലും ജനിക്കുന്ന കുഞ്ഞുങ്ങൾ ആരോഗ്യമുള്ളതായിരിക്കില്ല. അതുകൊണ്ട് ആദ്യത്തെ ഹീറ്റ് ഒഴിവാക്കുന്നതാണ് നല്ലത്.'

'പ്രസവിക്കാതെ ഇരിക്കാൻ വല്ല വഴിയും ഉണ്ടോ ഡോക്ടർ? ഇടയ്ക്ക് ബ്ലീഡിങ് വരുന്നതും പ്രസവമെടുപ്പും കുഞ്ഞുങ്ങൾ പെറ്റു പെരുകുന്നതും ഒക്കെ ഒരു ശല്യമല്ലേ?'

അമ്മ ആകുലതയോടെ ചോദിച്ചു.

'അതിന് വഴിയുണ്ട്. പ്രസവം താത്പര്യമില്ലെങ്കിൽ നായയെ വന്ധ്യംകരിക്കാവുന്നതാണ്. നായയുടെ ഗർഭപാത്രവും അണ്ഡാശയങ്ങളും ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യുന്നതാണ് വന്ധ്യംകരണം. അങ്ങനെ ചെയ്താൽ പിന്നീട് ഹീറ്റ് വരികയോ പ്രസവിക്കുകയോ ചെയ്യില്ല. പ്രസവിച്ചിട്ടില്ലാത്ത നായ്ക്കൾക്ക് പ്രായമേറുമ്പോൾ ഹോർമോണുകളുടെ പ്രവർത്തന ഫലമായി ഗർഭാശയത്തിൽ പഴുപ്പ്, സ്തനാർബുദം തുടങ്ങിയ മാരക രോഗങ്ങൾക്ക് സാധ്യതയേറെയാണ്. വന്ധ്യംകരിച്ച നായ്ക്കൾക്ക് ഇത്തരം രോഗങ്ങൾ വരുന്നത് കുറവാണ്. അതിനാൽ വന്ധ്യംകരണം എന്തുകൊണ്ടും നല്ലതാണ്'

'അടുത്ത തവണ ഹീറ്റ് ആകുമ്പോൾ ഇവളെ ഇണചേർക്കാനുള്ള സമയമറിയാൻ ടെസ്റ്റ് ചെയ്യാനായി വരാം ഡോക്ടർ'

മകൻ നായയെ കയ്യിലെടുത്തു പോവാനൊരുങ്ങി.

'പ്രസവമെടുപ്പും കുഞ്ഞുങ്ങളെ നോക്കലും എല്ലാം നീ ചെയ്തോണം'

അമ്മ താക്കീത് നൽകി.

ഒറ്റ സന്ദർശനം കൊണ്ട് ആണിനെ പെണ്ണാക്കി മാറ്റിയ ജാലവിദ്യ ഓർത്തു ചിരിച്ചു കൊണ്ട് ഞാൻ അടുത്ത രോഗിയുടെ അടുത്തേക്ക് നീങ്ങി.



# വളർത്തുനായ്ക്കളിലെ വന്ധ്യത

കടപ്പാട് : ഡോ. ദിലീപ് ഫൽഗുനൻ

**ഡോ.രാജേശ്വരി. റ്റി**
മുൻ ജോയിന്റ് ഡയറക്ടർ
മൃഗസംരക്ഷണ വകുപ്പ്
Ph : 9446424429

ആദ്യമായി മനുഷ്യൻ ഇണക്കി വളർത്തിയ ജീവികൾ നായകളാണ്. ഏകദേശം 360 ഓളം അംഗീകൃത നായ ജനുസ്സുകൾ ലോകമെമ്പാടുമായി ഉണ്ടെന്നാണ് കണക്ക്. ഇതിൽ ഏറ്റവും ചെറിയ ജനുസ്സായ ഷിവാവ മുതൽ വലിയ ഇനമായ ഗ്രേറ്റ് ഡെയൻ വരെ ഉൾപ്പെടുന്നു. ചിലവ വളരെയധികം വർഷം കൊണ്ട് സ്വാഭാവിക പരിണാമത്തിലൂടെ രൂപപ്പെട്ടിട്ടുള്ളതാണെങ്കിലും, ആധുനിക ജനുസ്സുകളെ എല്ലാം തന്നെ പലയിനങ്ങളിൽ നിന്നും ശ്രദ്ധാപൂർവ്വമായ പ്രജനനത്തിലൂടെ ഉരുത്തിരിച്ചെടുത്തിട്ടുള്ളതാണ്. നായജനുസ്സുകൾ തമ്മിലുള്ള വൈവിധ്യം മനുഷ്യർ തമ്മിലുള്ളതിനേക്കാളും കൂടുതലാണ്. വളർത്തു നായ്ക്കൾ സാധാരണയായി പ്രജനന പ്രായമെത്തുന്നത് (Sexual maturity) 6 മുതൽ 12 മാസം വരെയുള്ള പ്രായത്തിലാണ്. ചെറിയ ജനുസ്സുകൾ വലിയവയെ അപേക്ഷിച്ച് വളരെ വേഗം പ്രായപൂർത്തിയെത്തുന്നു. വലിയവയ്ക്ക് പ്രജനന പ്രായമെത്തുവാൻ ഏകദേശം 2 വർഷം വരെ വേണ്ടി വരാറുണ്ട്. സാധാരണയായി വർഷത്തിൽ രണ്ട് തവണ മാത്രമേ നായ്ക്കൾക്ക് മദി ഉണ്ടാകുകയുള്ളൂ. അപൂർവ്വമായി വർഷത്തിൽ ഒരു പ്രാവശ്യം മാത്രം മദി വരുന്ന ഇനം നായ്ക്കളും ഉണ്ട്.

### നായ്ക്കളുടെ മദി ചക്രത്തിന് നാലു ഘട്ടങ്ങളാണുള്ളത്.

ആദ്യഘട്ടം: പ്രോഈസ്ട്രസ്; മദിക്കു തൊട്ടു മുൻപുള്ള സമയം, ഏകദേശം 9 ദിവസത്തോളം നീണ്ടു നിൽക്കും, ഈ സമയം രക്തം കലർന്ന യോനീസ്രവം കാണാം. ഇണ ചേരുവാനായി സ്വമേധയാ നിന്നു കൊടുക്കില്ല. ഈറ്റം (vulval lips) വീങ്ങിയിരിക്കുകയും ആന്തരിക

ശ്ലേഷ്മസ്തരം റോസ്പിങ്ക് നിറത്തിൽ കാണപ്പെടുകയും ചെയ്യും.

രണ്ടാം ഘട്ടം/മദിയുടെ ഘട്ടം: Estrus; ഏകദേശം 9 ദിവസത്തോളം നീണ്ടു നിൽക്കും. യോനീ സ്രവങ്ങളിൽ രക്തത്തിന്റെ അംശം കുറവായിരിക്കും. ഈ സമയത്ത് സ്വമേധയാ ഇണ ചേരുവാനുള്ള സന്നദ്ധത കാണിക്കും.

മൂന്നാംഘട്ടം: Metestrus; യോനീസ്രവങ്ങൾ തീർത്തും ഇല്ലാതെയാകും, ഇണ ചേരുവാൻ വിമുഖത കാണിക്കും. ഈ ഘട്ടത്തിന്റെ തുടക്കത്തിൽ തന്നെ ഗർഭാശയഗളം (cervix) അടയും.

നാലാംഘട്ടം: Anestrus; ഒരു മദി തൊട്ട് അടുത്ത മദി വരെയുള്ള ഇടവേള.

### പെൺനായ്ക്കളിലെ വന്ധ്യത

പ്രത്യുൽപാദന ക്ഷമതയുള്ള ആൺനായ്ക്കളുമായി അണ്ഡവിസർജ്ജനസമയത്തോട ടുപ്പിച്ച് ഒന്നിൽ കൂടുതൽ പ്രാവശ്യം ഇണ ചേർത്തിട്ടും ഗർഭധാരണം നടക്കാതിരിക്കുകയോ, ഗർഭം ധരിച്ചാലും പൂർണ്ണ ആരോഗ്യമുള്ള കുഞ്ഞുങ്ങളെ പ്രസവിക്കാതിരിക്കുകയോ ചെയ്യുന്ന അവസ്ഥയെ വന്ധ്യത എന്നു വിളിക്കാം.

### വന്ധ്യതയുടെ പ്രധാന കാരണങ്ങൾ

പ്രജനന പരിപാലനത്തിലെ പോരായ്മകളും, ആൺനായ്ക്കളിലെ വന്ധ്യതയുമാണ്. നായ്ക്കളെ ഇണ ചേർക്കും മുമ്പ് അവയുടെ ആരോഗ്യം സംബന്ധിച്ച വിശദ വിവരങ്ങൾ (Medical History) അറിഞ്ഞിരിക്കണം. അവയുടെ പ്രായം, ശാരീരികാവസ്ഥ, സ്വഭാവം, ഭക്ഷണം, നൽകുന്ന മരുന്നുകൾ, അനുബന്ധ പോഷകങ്ങൾ, പ്രതിരോധ കുത്തിവയ്പുകൾ, ശസ്ത്രക്രിയ ചെയ്തിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ, പാർപ്പിടം തുടങ്ങിയ വിശദ വിവരങ്ങൾ വന്ധ്യതാ ചികിത്സയിൽ പ്രസക്തമാണ്.

പെൺ നായ്ക്കളിലെ വന്ധ്യതാ പ്രശ്നങ്ങളെ പ്രധാനമായും നാലായി തരം തിരിക്കാം.

### 1. മദി ചക്രത്തിലെ തകരാറുകൾ

**i. മദിയില്ലായ്മ (Anestrus):** തീർത്തും മദിലക്ഷണങ്ങൾ കാണിക്കാതിരിക്കുക എന്നതാണ് പ്രധാന ലക്ഷണം. ലിംഗബന്ധപരമായ (sexual differentiation) തകരാറുകൾ, പോഷകാഹാരക്കുറവ്, അധിക ശാരീരികായാസം, അമിത വണ്ണം, പ്രത്യുൽപാദന ക്ഷമതയെ ബാധിക്കുന്ന മരുന്നുകളുടെ ഉപയോഗം (progesterone or glucocorticoids), മദിയുള്ള നായ്ക്കളുമായുള്ള സംസർഗ്ഗമില്ലായ്മ, ജന്മനാലെ അണ്ഡാശയം ഇല്ലാതിരിക്കുക ജന്മനാലോ അല്ലാതെയോ ഉള്ള തൈറോയ്ഡ് ഹോർമോൺ അപര്യാപ്തത, പ്രൊജസ്റ്റീറോൺ ഹോർമോൺ ഉത്പാദിപ്പിക്കുന്ന അണ്ഡാശയ സിസ്റ്റുകൾ, അണ്ഡാശയ മുഴകൾ, അണ്ഡാശയ വീക്കം (autoimmune), മറ്റസുഖങ്ങൾ (Systemic diseases), വൃക്ക രോഗങ്ങൾ, അഡ്രീനൽ ഗ്രന്ഥികളെ ബാധിക്കുന്ന രോഗങ്ങൾ എന്നിവ മദിയില്ലായ്മയ്ക്കു കാരണമാകും.

സമ്മർദ്ദരഹിത ചുറ്റുപാടുകൾ, വൃത്തിയുള്ള പരിസരം, ശരിയായി പാചകം ചെയ്ത പോഷക സമ്പുഷ്ടമായ ആഹാരം എന്നിവ നൽകുവാൻ ശ്രദ്ധിക്കണം. മദിയില്ലായ്മയ്ക്ക് ഫലപ്രദമായ ഹോർമോൺ ചികിത്സകൾ ലഭ്യമാണ്. എന്നാൽ ജന്മനാലോ ജനിതകമായോ ഉള്ള രോഗങ്ങൾക്ക് ചികിത്സ ഫലപ്രദമല്ല. മൂലകാരണം കണ്ടെത്തിയാൽ ഫലപ്രദമായ ചികിത്സയുള്ള രോഗങ്ങൾ ഭേദമാക്കാവുന്നതും തദ്വാരാ വന്ധ്യതാ നിവാരണം നടത്താവുന്നതുമാണ്. അണ്ഡാശയ മുഴകൾ, ദീർഘകാലമായുള്ള വൃക്ക രോഗങ്ങൾ, അഡ്രിനൽ ഗ്രന്ഥി തകരാറുകൾ എന്നീ രോഗങ്ങൾ ഉള്ളവ പ്രജനനത്തിന് ഉപയുക്തമല്ല.

**ii. നിശബ്ദമദി (Silent heat):** സാധാരണ രീതിയിലുള്ള അണ്ഡോൽപ്പാദനവും, അണ്ഡ വിസർജ്ജനവും (Ovulation) നടക്കും, പക്ഷേ മദിയുടെ പ്രകട ലക്ഷണങ്ങൾ കാണിക്കില്ല. രക്തസ്രാവം തീരെ കുറവായതിനാൽ ഉടമസ്ഥന്റെ ശ്രദ്ധയിൽപ്പെടില്ല. ചെറിയ ജനുസ്സിൽപ്പെട്ട നായ്ക്കളിൽ ആദ്യ മദി കാണുന്നതിനു മുൻപേ നിശബ്ദമദി കണ്ടുവരാറുണ്ട്. ശരീരം സ്വയം പ്രതിരോധ ഘടകങ്ങൾ (autoimmune diseases) ഉണ്ടാക്കുന്ന രോഗങ്ങളും നിശബ്ദമദിക്ക് കാരണമാകാം.

എല്ലാ മാസവും രക്തത്തിലെ പ്രൊജസ്റ്റീറോൺ അളവ് പരിശോധിച്ചാൽ അണ്ഡാശയം പ്രവർത്തന ക്ഷമമാണോ എന്നറിയാം. (Serum progesterone/ SP4 level above 2 ng/mL). രണ്ടാഴ്ച കൂടുമ്പോൾ എക്സ്ഫോളിയേറ്റീവ് സൈറ്റോളജി (Exfoliative vaginal Cytology; EVC) പരിശോധന നടത്തിയാൽ മദിയും, SP4 പരിശോധിച്ച് ഓവുലേഷൻ സമയവും കണ്ടെത്താം.

ദീർഘമദി (Prolonged estrum): മദി ലക്ഷണങ്ങൾ പതിവിലും കൂടുതൽ സമയം (21 ദിവസത്തിൽ കൂടുതൽ) നീണ്ടു നിൽക്കും. ഓവുലേഷൻ നടക്കുകയില്ല. ഈസ്ട്രജൻ ഹോർമോണിന്റെ അളവ് കൂടുന്നതാണ് പ്രധാന കാരണം. അണ്ഡാശയത്തിലുണ്ടാകുന്ന മുഴകൾ, സിസ്റ്റുകൾ, ഈസ്ട്രജൻ ഹോർമോൺ ഇൻജക്ഷനുകൾ, സസ്യജന്യ ഹോർമോണുകളുടെ സാന്നിധ്യം,

മറ്റു ഹോർമോണുകളുടെ അപര്യാപ്തത, പലവിധത്തിലുള്ള സമ്മർദ്ദം (Stress) എന്നിവ മൂലം ദീർഘ മദി ഉണ്ടാകാം.

പകുതിയിലേറെ തകരാറും കൃത്യമായ രോഗ നിർണ്ണയത്തിലൂടെയും, ഹോർമോൺ ചികിത്സ യിലൂടെയും മാറ്റാവുന്നതാണ്. അണ്ഡാശയ മുഴകൾ, അഡ്രീനൽ ഗ്രന്ഥി തകരാറുകൾ എന്നീ രോഗങ്ങൾ ഉള്ളവ പ്രജനനത്തിന് ഉപയുക്തമല്ല.

**4. ഇടവിട്ടുള്ള മദി (Split heat):** ആദ്യഘട്ട ലക്ഷണങ്ങൾ കാണിച്ച ശേഷം, തുടർന്നു വരുന്ന ദിവസങ്ങളിൽ മദിയുടെ (estrus) യാതൊരു ലക്ഷണവും കാണിക്കാതിരിക്കും. പിന്നീട് വീണ്ടും മദിലക്ഷണങ്ങൾ കാണിക്കും. ആദ്യമായി മദി കാണിക്കുന്ന നായ്ക്കളിൽ ഇത് സാധാരണ കണ്ടുവരാറുണ്ട്. ഇതിൽ രണ്ടാം പാദത്തിൽ കാണുന്ന മദിയിൽ ഓവുലേഷൻ ഗർഭധാരണം എന്നിവ സ്വാഭാവികമായി നടക്കാറുണ്ട്.

എല്ലാ മദി ചക്രത്തിലും ഇടവിട്ടുള്ള മദി കാണിക്കുന്ന നായ്ക്കളുമുണ്ട്. അപൂർവ്വമായി തൈറോയ്ഡ് ഹോർമോൺ അപര്യാപ്തത, അണ്ഡാശയങ്ങളുടെ പ്രവർത്തന വൈകല്യം എന്നിവ ഇതിനു കാരണമാകാറുണ്ട്. കാരണം കണ്ടെത്തിയാൽ ഫലപ്രദമായ ചികിത്സ ചെയ്യാ വുന്നതാണ് .

**5. ക്രമരഹിത മദി (Irregular estrus cycle):** ഹോർമോൺ ഉത്പാദനത്തിലെ ഏറ്റക്കുറച്ചി ലുകൾ, ജനിതക തകരാറുകൾ എന്നിവ ഇതിനു കാരണമാണ്. ക്രമരഹിതമായ ഹോർമോൺ ഉത്പാദനം അണ്ഡാശയങ്ങളുടെ പ്രവർ ത്തനക്ഷമതയില്ലായ്മയെ സൂചിപ്പിക്കുന്നു. ഇങ്ങനെയുള്ള അവസ്ഥയിൽ സമയബന്ധിത മായി മദി ലക്ഷണങ്ങൾ കാണിക്കുകയില്ല.

**6. മദിചക്രങ്ങൾക്കിടയിലെ സുദീർഘ ഇടവേള (Prolonged Interestrus Interval):** ലൈംഗിക പ്രായപൂർത്തിയെത്തുവാനുള്ള കാല താമസം, വിരബാധ, പോഷകാഹാരക്കുറവ്, അണ്ഡാശയത്തിന്റെ വളർച്ചക്കുറവ്, അണ്ഡാശയ വീക്കം, ജന്മനാലുള്ള അണ്ഡാശയ വൈകല്യങ്ങൾ, അണ്ഡാശയ സിസ്റ്റുകൾ (Progesterone ഉത് പാദിപ്പിക്കുന്ന) എന്നിവയാണ് പ്രധാന കാരണങ്ങൾ.

**7. മദിചക്രങ്ങൾക്കിടയിലെ കുറഞ്ഞ ഇടവേള (Short Interestrus Interval):** അണ്ഡാശയ തകരാറുകൾ, സിസ്റ്റുകൾ എന്നിവയാണ് പ്രധാന കാരണങ്ങൾ.

**2. ഇണ ചേരാനുള്ള വിമുഖത**

സാധാരണഗതിയിൽ അണ്ഡവിസർജ്ജന സമയത്തോടനുബന്ധമായി മാത്രമേ നായ്ക്കൾ സ്വമേധയാ ഇണ ചേരുകയുള്ളൂ. സമയബന്ധിത മല്ലാതെ ഇണ ചേർത്താൽ(Forced mating) ഗർഭധാരണം നടക്കുകയില്ല. ആൺ പെൺ നായ്ക്കളുടെ ചില പ്രത്യേക സ്വഭാവ സവി ശേഷതകൾ (Male preference /Female pref-erence) മൂലം ഇണ ചേരാൻ വൈമുഖ്യം കാണിക്കാം.

സുഖകരമല്ലാത്ത പരിസരം, സന്ധിവാതം, ജന്മനാലോ ജനിതകമായോ യോനീ നാളത്തിലുള്ള തകരാറുകൾ, മുറിവുകൾ, മുഴകൾ, സന്ധിവാതം തുടങ്ങിയവ മൂലം പെൺനായ്ക്കളും ഇണ ചേരാൻ വൈമുഖ്യം കാണിക്കാം.

**3. ഗർഭധാരണം നടക്കാതിരിക്കുക**

ഓവുലേഷൻ സമയത്തോടനുബന്ധിച്ച് പ്രത്യുൽപാദന ക്ഷമതയുള്ള നായ്ക്കളുമായി ഇണ ചേർക്കുകയോ അവയുടെ ബീജം ഉപ യോഗിച്ച് കൃത്രിമ ബീജധാനം നടത്തുകയോ ചെയ്തിട്ടും ഗർഭധാരണം നടന്നിട്ടില്ലെങ്കിൽ ജന്മനാലോ ജനിതകമായോ പ്രത്യുൽപ്പാദനാ വയവങ്ങളിലുണ്ടാകുന്ന തകരാറുകൾ ഗർഭാ ശയ അണുബാധ, ഗർഭാശയ പോളിപ്പുകൾ മുഴകൾ എന്നിവ കാരണമാകാം. ഹോർമോൺ ചികിത്സയിൽ വൈദഗ്ധ്യമില്ലാത്തവർ ചെയ്യുന്ന ചികിത്സ, ഹോർമോണുകളുടെ അമിത ഉപയോഗം എന്നിവയും ഗർഭാശയ തകരാറു കൾക്ക് കാരണമാകും. ഗർഭധാരണം തടയു വാൻ നൽകുന്ന ഈസ്ട്രജൻ ഹോർമോൺ, മദി ലക്ഷണങ്ങൾ കാണിക്കാതെയിരിക്കുവാൻ നൽകുന്ന പ്രൊജസ്റ്ററോൺ ഹോർമോൺ, ഭക്ഷണത്തിലും പോഷകാഹാരങ്ങളിലുമുള്ള ഈസ്ട്രജൻ ഹോർമോൺ സാന്നിദ്ധ്യം എന്നി വയും വന്ധ്യതയ്ക്ക് കാരണമാകാം.

മദി സമയത്ത് ഗർഭാശയ ഗളം തുറന്നിരി ക്കും. ഈ സമയം ഗർഭ പാത്രത്തിനുള്ളിൽ സൂക്ഷ്മാണുക്കൾ കടക്കാറുണ്ട്. പ്രതിരോധ ശേഷി കുറഞ്ഞ നായ്ക്കളുടെ ഗർഭാശയത്തിൽ ഇവ പെരുകുകയും, തുടർന്ന് പഴുപ്പ് കെട്ട് (pyomtera) ഉണ്ടാകുകയും ചെയ്യാറുണ്ട്. ഇതോടനുബന്ധിച്ച് ഗർഭാശയത്തിന്റെ ആന്തരിക പാളിയിലുണ്ടാകുന്ന ഘടനാ വൈകല്യം മൂലം ഗർഭധാരണ ശേഷി ഇല്ലാതാകാറുണ്ട്. ഇതിന് ചികിത്സ ഫലപ്രദമല്ല.



കടപ്പാട് : ഡോ.ദിലീപ് ഫൽഗുനൻ

### 4. ഗർഭമലസൽ

ഗർഭധാരണം നടന്നാലും ഹോർമോൺ ഉത്പാദനത്തിൽ വരുന്ന വ്യതിയാനങ്ങൾ, അപര്യാപ്തത, അസന്തുലിതാവസ്ഥ, തൈറോയ്ഡ് ഹോർമോണിന്റെ അപര്യാപ്തത, പ്രമേഹം, സ്റ്റീറോയ്ഡ് മരുന്നുപയോഗം, പ്രത്യുത്പാദനാവയവങ്ങളെ ബാധിക്കുന്ന രോഗങ്ങൾ എന്നിവ ഗർഭമലസലിനു കാരണമാകാം. കൂടാതെ മറ്റു പല കാരണങ്ങളും വന്ധ്യതയ്ക്ക് നിദാനമാകാം. മതിയായ ശാരീരിക വ്യായാമം നൽകാത്ത ശരീരഭാരം കൂടിയ നായ്ക്കളിൽ അണ്ഡോത്പാദന നിരക്കിലുള്ള കുറവ്, വന്ധ്യത, പ്രസവ സംബന്ധമായ വൈഷമ്യങ്ങൾ എന്നിവ കണ്ടുവരാറുണ്ട്.

### രോഗനിർണ്ണയം എങ്ങിനെ?

വന്ധ്യതയുടെ കാരണം കണ്ടു പിടിക്കുന്നതിന് സാധാരണ ചെയ്യുന്ന പരിശോധനകൾ: രക്ത പരിശോധന (CBC), സാംക്രമിക രോഗങ്ങൾക്കുള്ള പരിശോധന (Brucella, Mycoplasma Screening etc.), ഹോർമോൺ പരിശോധനകൾ (Progesterone, Oestrogen, Relaxin assay), എക്സ്റേ, അൾട്രാസൗണ്ട്, EVC, രോഗാണുബാധയും ഫലപ്രദമായ ആന്റിബയോട്ടിക്കും നിർണ്ണയിക്കുവാനുള്ള Culture and sensitivity test എന്നിവയാണ്.

ഹോർമോൺ തകരാറുകൾ ചികിത്സയിലൂടെ പരിഹരിക്കാവുന്നതാണ്. അണ്ഡാശയ സിസ്റ്റുകൾ, മുഴകൾ എന്നിവയ്ക്ക് ശസ്ത്രക്രിയയിലൂടെയോ, ഹോർമോൺ ചികിത്സയിലൂടെയോ പരിഹാരം കാണാം. ഇണ ചേർക്കാനുള്ള ഏറ്റവും അനുയോജ്യമായ സമയം (ovulation timing); EVC, Serum Progesterone തുടങ്ങിയ ലബോറട്ടറി ടെസ്റ്റുകളിലൂടെ മനസ്സിലാക്കാം.

### പെൺനായ്ക്കളിലെ വന്ധ്യതാ നിവാരണത്തിന് എന്തൊക്കെ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തണം ?

വന്ധ്യതക്കുള്ള പ്രധാന കാരണം, പ്രജനന പരിപാലനത്തിലെ പിഴവുകളാണ്.

മദിചക്രത്തിലെ തകരാറുകൾ കണ്ടെത്തി ഉചിതമായ ചികിത്സയോ, പരിപാലനത്തിലെ പോരായ്മകൾ പരിഹരിക്കുകയോ ചെയ്യാവുന്നതാണ്.

ഇണ ചേരുവാനുള്ള സന്നദ്ധതയും, അണ്ഡ വിസർജ്ജന സമയവുമായി എല്ലായ്പ്പോഴും നേരിട്ട ബന്ധമുണ്ടാകണമെന്നില്ല. അണ്ഡ വിസർജ്ജന സമയമല്ലെങ്കിലും ഈസ്ട്രജൻ പ്രൊജസ്ട്രോൺ ഹോർമോണുകളുടെ തുലനാവസ്ഥയിലെ വ്യതിയാനം മൂലം ചിലപ്പോൾ മദിയുടെ ആദ്യഘട്ടം (Proestrus) തന്നെ ഇണ ചേരാൻ പെൺനായ്ക്കൾ തയ്യാറാകും. പക്ഷേ ഈ സമയത്ത് ഗർഭധാരണ സാധ്യത തീരെയില്ല.

മദിയുടെ രണ്ടാംഘട്ടം (estrum) 7-9 ദിവസം വരെ നീണ്ടു നിൽക്കും. ഇതിൽ അവസാനത്തെ 4-5 ദിവസങ്ങളാണ് ബീജ സങ്കലനത്തിന് ഏറ്റവും അനുയോജ്യം.

അണ്ഡവിസർജ്ജനം നടക്കുന്ന സമയവും, ഇണ ചേർക്കുന്ന സമയവും ഏകോപിപ്പിച്ചാൽ ഗർഭധാരണ സാധ്യതയേറും. യോനിനാളത്തിലെ കോശങ്ങളുടെ ഘടനയോ (Exfoliative Vaginal Cytology/ EVC), രക്തത്തിലെ പ്രൊജസ്റ്റിറോൺ ഹോർമോൺ അളവോ (Serum P4) ലബോറട്ടറി ടെസ്റ്റുകളിലൂടെ കണ്ടെത്തിയാൽ കൃത്യമായ അണ്ഡവിസർജ്ജന സമയം മനസ്സിലാക്കാവുന്നതാണ്. Serum P4 അളവ് എത്രയാണെന്ന് മനസ്സിലാക്കുന്നതാണ് ഏറ്റവും ഫലപ്രദമായിട്ടുള്ളത്. അണ്ഡവിസർജ്ജന സമയത്ത് Serum P4 ന്റെ അളവ് വർധിച്ച് 56 ng/ ml വരെയാകും.

അണ്ഡവിസർജ്ജനത്തിനു ശേഷം 2-3 ദിവസം മാത്രമേ അണ്ഡാണുക്കൾക്ക് ബീജസങ്കലത്തിന് പ്രാപ്തിയുണ്ടാകുകയുള്ളു. പെൺനായ ഇണ ചേരുവാൻ സന്നദ്ധമാവുന്നിടത്തോളം ദിവസങ്ങളിൽ, 48 മണിക്കൂർ ഇടവിട്ട് ഇണ ചേർക്കാവുന്നതാണ്. ബീജാണുക്കൾ, പെൺനായയുടെ പ്രത്യുൽപാദന അവയവങ്ങളിൽ (ഗർഭപാത്രം, അണ്ഡവാഹിനി കുഴൽ എന്നിവ) 5-7 ദിവസം വരെ ചലനശേഷിയോടിരിക്കുകയും, ബീജസങ്കലത്തിൻ പ്രാപ്തമായിരിക്കുകയും ചെയ്യും. ഓവുലേഷൻ സമയത്തോടടുപ്പിച്ച് ഇണ ചേർത്താൽ വന്ധ്യത ഒരു പരിധിവരെ തടയാവുന്നതാണ്. ഇതോടൊപ്പം പരിപാലനത്തിലെ അപര്യാപ്തത/പിഴവുകൾ കൂടി ഇല്ലാതാക്കിയാൽ മാത്രമേ വന്ധ്യതാ ചികിത്സാ ഫലപ്രദമാകൂ.

കൃത്രിമ ബീജധാനം (Artificial Insemination/ AI) നടത്തുകയാണെങ്കിൽ, ഏതു തരം ശീതീകരണം നടത്തിയാണ് ബീജം സൂക്ഷിച്ചിരിക്കുന്നത് (Fresh, Refrigerated, Deep Frozen) എന്നതിനനുസൃതമായി ഇണ ചേർക്കുവാനുള്ള സമയക്രമീകരണം നടത്തേണ്ടതാണ്.

പ്രജനനമൂല്യം കൂടുതലുള്ള നായ്ക്കൾക്ക് പ്രസവശേഷം ആവശ്യാനുസൃതം സമയം നൽകാതെ, ഹോർമോണുകൾ നൽകി മദിയിൽ കൊണ്ടുവരുന്നതായി കാണുന്നുണ്ട്. രണ്ടു മദി ചക്രങ്ങളുടെ ഇടവേളയിലാണ് (Interestrus Interval/IEI) അടുത്ത മദി ചക്രത്തിനും ഗർഭധാരണത്തിനും, ഗർഭാശയത്തിന്റെ ആന്തരിക ഭിത്തി (Endomterium), സജ്ജമാകുന്നത്. ഈ ഇടവേള തീരെ കുറവായാൽ അത് ഗർഭധാരണ ശേഷിയെ ബാധിക്കും.

ബ്രൂസല്ലാ രോഗബാധയ്ക്ക് ചികിത്സ ഫലപ്രദമല്ല. ഇത് ഇണ ചേരുമ്പോൾ ആൺ നായ്ക്കളിലേയ്ക്ക് പകരാവുന്നതാണ്. കൂടാതെ ബ്രൂസല്ലോസിസ് ഒരു ജന്തുജന്യ രോഗം കൂടിയാണ്. രോഗകാരികളായ നായ്ക്കളെ പ്രജനനത്തിനുപയോഗിക്കരുത്.

### ആൺനായ്ക്കളിലെ വന്ധ്യത

പ്രജനനക്ഷമതയുള്ള പെൺനായ്ക്കളുമായി അണ്ഡോൽപ്പാദന സമയത്തോടടുപ്പിച്ച് പല പ്രാവശ്യം ഇണ ചേർത്തിട്ടും ഗർഭധാരണം നടക്കാതിരിക്കുന്നത് ആൺനായ്ക്കളിലെ വന്ധ്യത മൂലമാകാം.

### കാരണങ്ങൾ എന്തൊക്കെയാണ് ?

പരിചയക്കുറവ്, പ്രായപൂർത്തിയെത്തായ്ക, ശാരീരികമായി പൂർണ്ണവളർച്ചയെത്താതിരിക്കുക, പ്രതികൂല ചുറ്റുപാടുകൾ, ആകാംക്ഷ, വഴുക്കലുള്ള തറ, ശാരീരിക ക്ഷമതാക്കുറവ് സന്ധിവാതം, നട്ടെല്ലിനെയും പിൻകാലുകളെയും ബാധിക്കുന്ന രോഗങ്ങൾ, സ്വഭാവ സവിശേഷതകൾ (female preference), അക്രമ വാസനയുള്ള പെൺനായ (aggressive female), പെൺനായ്ക്കളുടെ ചില പ്രത്യേക സ്വഭാവ സവിശേഷതകൾ (Female dominance), തുടങ്ങി നിരവധി കാരണങ്ങളാൽ ആൺനായ്ക്കൾ ഇണ ചേരാൻ വൈമുഖ്യം കാണിക്കാറുണ്ട്.

ഇണ ചേർന്നാലും; സ്ഖലന സംബന്ധമായ തകരാറുകൾ ലിംഗത്തെ ബാധിക്കുന്ന രോഗങ്ങൾ എന്നിവ വന്ധ്യതയ്ക്ക് കാരണമാകാം. സ്ഖലനം നടക്കാതിരിക്കുക, ലിംഗാഗ്രത്തിലൂടെയുള്ള സ്ഖലനത്തിനു പകരം മൂത്രാശയത്തിലേക്കുള്ള സ്ഖലനം (retrograde ejaculation), എന്നിവയാണ് പ്രധാനമായുള്ള പ്രശ്ന കാരണങ്ങൾ

ബീജാണുക്കൾ; തീർത്തും ഇല്ലാതിരിക്കുക (azoospermia) എണ്ണക്കുറവ് (hypospermia), ചലനശേഷിക്കുറവ് (reduced motiltiy), ഘടനയിലെ തകരാറുകൾ (structural defects) എന്നിവയും. പ്രോസ്റ്റേറ്റ് ഗ്രന്ഥികളെ ബാധിക്കുന്ന രോഗങ്ങൾ തൈറോയ്ഡ് ഹോർമോൺ അപര്യാപ്തത, ഹോർമോണുകളുടെ അസന്തുലിതാവസ്ഥ, വിവേചനാരഹിതമായ ഹോർമോൺ ഉപയോഗം, പ്രോസ്റ്റേറ്റ് ഗ്രന്ഥിയേയും വൃഷണങ്ങളേയും ബാധിക്കുന്ന രോഗങ്ങൾ എന്നിവ മൂലവും വന്ധ്യത വരാം. വന്ധ്യതയുടെ കാരണങ്ങളിൽ വലിയൊരളവുവരെ (25-40%) പ്രോസ്റ്റേറ്റ് ഗ്രന്ഥിയുമായി ബന്ധപ്പെട്ടതാണ്. പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ; അമിത വളർച്ച (BPH) അണുബാധ (Prostatitis), മുഴകൾ, സിസ്റ്റുകൾ എന്നിവയാണ് ഇതിൽ പ്രധാനം.



### രോഗനിർണ്ണയം എങ്ങിനെ?

രക്ത പരിശോധന (CBC), മൂത്ര പരിശോധന (Urinalysis), ശുക്ല പരിശോധന (Semen testing), ബ്രൂസല്ലാ രോഗനിർണ്ണ കിറ്റ് ഉപയോഗിച്ചുള്ള പരിശോധന (brucella screening), അൾട്രാ സൗണ്ട്, ഹോർമോൺ അനാലിസിസ് എന്നിവയിലൂടെ ആണ് നായ്ക്കളിലെ വന്ധ്യതക്കുള്ള കാരണം നിർണ്ണയിക്കാം. പ്രോസ്റ്റേറ്റിലെ അണുബാധയും അതിനു ഫലപ്രദമായ ആന്റിബയോട്ടിക്ക് നിർണ്ണയിക്കുവാനുള്ള Culture and sensitivity test ഉം നടത്താവുന്നതാണ് .

### ആൺ നായ്ക്കളിലെ വന്ധ്യതാ നിവാരണത്തിൽ എന്തൊക്കെ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തണം ?

ഇണ ചേരുവാൻ താൽപര്യം കാണിക്കാത്ത പെൺനായ്ക്കളെ (male preference) മാറ്റി മറ്റുള്ളവയെ ഉപയോഗിക്കുക, ഇണ ചേരുന്നതിന് സഹായകരമായ ചുറ്റുപാടുകൾ നൽകുക എന്നിവ ഫലപ്രദമാണ്. ആവശ്യമെങ്കിൽ ജനിതക മേന്മയുള്ള പെൺ നായ്ക്കൾക്ക്, ജനി തക മേന്മയുള്ളവയുടെ തന്നെ ബീജം സംഭരിച്ച് കൃത്രിമ ബീജധാനം നടത്താവുന്നതാണ്.

ഹോർമോൺ അസംതുലിതാവസ്ഥ, പോഷകാഹാരക്കുറവ്, അണുബാധകൾ എന്നിവ ചികിത്സിച്ചു ഭേദമാക്കാവുന്നതാണ്.

പ്രോസ്റ്റേറ്റിലെ അണുബാധകൾക്ക് കാരണമാകുന്ന രോഗാണുക്കളെ കണ്ടെത്തുവാനും അവയ്ക്കെതിരെ ഫലപ്രദമാകുന്ന ആന്റിബയോട്ടിക്ക് നിർണ്ണയിക്കുവാനുള്ള "Culture and sensitivity test' നടത്തി രോഗം ചികിൽസിച്ചു ഭേദമാക്കാവുന്നതാണ് .

ബീജാണുക്കൾ; തീർത്തും ഇല്ലാതിരിക്കുക, ഘടനയിലെ തകരാറുകൾ എന്നിവ ചികിൽസിച്ചു ഭേദമാക്കുവാൻ സാധിക്കുകയില്ല.

ബീജാണുക്കൾ; എണ്ണക്കുറവ്, ചലനശേഷിക്കുറവ് എന്നിവയുടെ ചികിത്സ അപ്രായോഗികമാണ്.

ഇണ ചേരുമ്പോൾ പെൺനായ്ക്കളിലേയ്ക്ക് പകരാവുന്നതാണ് ബ്രൂസല്ല രോഗബാധ. ചികിത്സ ഫലപ്രദമല്ലാത്ത ജന്തുജന്യ രോഗം കൂടിയാണിത്. രോഗകാരികളായ നായ്ക്കളെ പ്രജനനത്തിനു ഉപയോഗിക്കരുത്.

നായ്ക്കളിലെ വന്ധ്യതാ കാരണങ്ങളിൽ 90%വും പ്രജനന പരിപാലനത്തിലെ പോരായ്മകളും പിഴവുകളുമാണ്. ശരിയായ രോഗനിർണയത്തോടൊപ്പം പരിപാലനത്തിലെ പോരായ്മകൾ കൂടി പരിഹരിക്കുകയാണ് വന്ധ്യതാനിവാരണത്തിനുള്ള പോംവഴി.



# മൃഗങ്ങളുടെ ആരോഗ്യം; മനുഷ്യരുടെയും

കടപ്പാട് : ഡോ. ദിലീപ് ഫൽഗുനൻ

**ഡോ. ആനി നവോമി ഫിലിപ്പ്**
വെറ്ററിനറി സർജൻ, കോഴിക്കോട്
Ph :8547923949

മനുഷ്യരുടേയും മൃഗങ്ങളുടേയും പരിസ്ഥിതിയുടേയും ആരോഗ്യം പരസ്പരബന്ധിതമാണ്. മനുഷ്യരുടെ മാത്രമായുള്ള ആരോഗ്യം എന്ന ആശയത്തിനോ ആരോഗ്യ സംരക്ഷണത്തിനോ ഇനിയുള്ള കാലത്ത് പ്രസക്തിയില്ല. മനുഷ്യരും മൃഗങ്ങളും പരിസ്ഥിതിയും ചേർന്നുള്ള സമഗ്രമായ ഏകാരോഗ്യം എന്ന ആശയത്തിലൂടെയാണ് ഭാവിയിലെ ആരോഗ്യ പ്രവർത്തനങ്ങൾ വാർത്തെടുക്കേണ്ടത്. ഇതിന് പ്രാദേശികതലം മുതൽ അന്താരാഷ്ട്രതലം വരെ വിവിധ ശാസ്ത്രശാഖകളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്. ഇത്തരമൊരു ആശയത്തിന്റെ സമഗ്രമായ രൂപീകരണത്തിന് വിവിധ മേഖലകളിലെ ഗവേഷണങ്ങളും വ്യത്യസ്ത ശാസ്ത്രശാഖകളുടെ പരസ്പ രസഹകരണവും വിജ്ഞാനത്തിന്റെ പങ്കുവെയ്ക്കലും അനിവാര്യമാണ്.

ലോകത്ത് പലയിടത്തും വെസ്റ്റ്നൈൽ രോഗം, പേവിഷബാധ, കുരങ്ങുപനി, ക്ഷയരോഗം, വാനരവസൂരി തുടങ്ങിയ ജന്തുജന്യ രോഗങ്ങൾ പടരുകയാണ്. മനുഷ്യരിൽ കാണുന്ന 60 ശതമാനത്തോളം പകർച്ചാവ്യാധികളും ജന്തുജന്യ രോഗങ്ങളാണ് ലോകത്ത് പ്രതിവർഷം 250 കോടി മനുഷ്യരിൽ ജന്തുജന്യ രോഗങ്ങളുണ്ടാകുകയും 27 ലക്ഷംപേർ മരിക്കുകയും ചെയ്യുന്നതായാണ് കണക്ക്. മനുഷ്യനും മൃഗവും തമ്മിലുള്ള ബന്ധമാണ് ഇതിനു കാരണം. കാലമേറെയായിട്ടും ജന്തുജന്യ രോഗങ്ങളിൽ ഏറ്റവും ഭീകരമായത് റാബീസ് (പേവിഷബാധ) തന്നെയാണ്. ഇന്ത്യയിൽ ഓരോ രണ്ട് സെക്കൻഡിലും ഒരാൾക്കുവീതം നായകടി ഏൽക്കുന്നുണ്ട് എന്നാണ് കണക്ക്.



### പേവിഷബാധ

പ്രകടമായ റാബീസ് ലക്ഷണം കണ്ടുകഴിഞ്ഞാൽ ഒരു വൈദ്യശാസ്ത്രത്തിനും രോഗിയെ രക്ഷിക്കാനാകില്ല എന്നത് റാബീസിനെ വ്യത്യസ്തമാക്കുന്നു. ഇതൊരു വൈറസ് രോഗമാണ്. 1885 ജൂലൈ ആറിന് ലൂയി പാസ്റ്ററാണ് ലോകത്ത് ആദ്യമായി ഒരു വാക്സിൻ മനുഷ്യനിൽ പരീക്ഷിച്ചു വിജയം കണ്ടത്. പൊക്കിളിന് ചുറ്റുമുള്ള വേദനാജനകമായ 14 കുത്തിവയ്പ്. 135 വർഷം പിന്നിടുമ്പോൾ മേൽചർമത്തിനുകീഴെ ചെയ്യുന്ന ആധുനിക ടിഷ്യു കൾച്ചർ വാക്സിൻ ലഭ്യമായി കഴിഞ്ഞിരിക്കുന്നു. മനുഷ്യരിൽ കൈവിരൽ ത്തുമ്പുകൾ, നെഞ്ച്, നെഞ്ചിനു മുകളിൽ തലച്ചോറുമായി അടുത്ത ഭാഗം എന്നിവിടങ്ങളിലെ നായകടി അപകടസാധ്യത കൂട്ടും. വെറും 0.1 മില്ലിലിറ്റർ അളവിലുള്ള ഐഡിആർ വാക്സിൻ ഏറെ ഫലപ്രദവും വേദനരഹിതവുമാണ്. മനുഷ്യരിൽ ആവശ്യമെങ്കിൽ പ്രതിരോധ ഘടകങ്ങളടങ്ങിയ ഇമ്യൂണോ ഗ്ലോബുലിൻകൂടി ആദ്യദിവസം കുത്തിവയ്ക്കുന്നു. അമിതമായ കായികാധ്വാനം ഒഴിവാക്കണമെന്നല്ലാതെ പ്രത്യേക പഥ്യക്രമങ്ങളില്ല.

### ഉടമകൾക്കും ഉത്തരവാദിത്വം

നായകളെ വളർത്തുന്നവർ ഉത്തരവാദിത്തമുള്ള ഉടമയായിരിക്കണം. നായക്ക് ലൈസൻസ് നിർബന്ധമാണെന്നും അത് തന്റെ കടമയാണെന്നുമുള്ള ബോധമുണ്ടാകണം. നഗരങ്ങളിലും ഗ്രാമങ്ങളിലും അലഞ്ഞു തിരിയുന്ന തെരുവുനായകൾ നാടിനാപത്താണ്. നായകളുടെ വംശവർധന തടയുന്നതിന് പ്രചാരത്തിലുള്ള എബിസി (Animal Birth Control), ഇഎൻഡി (Early Neutering of Dogs) പദ്ധതികൾ കൂടുതൽ ശക്തമാക്കണം.

### ചെള്ളുപനി

ഇതൊരു പുതിയ രോഗമല്ല. കേരളത്തിൽ ചെള്ളുപനി (സ്ക്രബ് ടൈഫസ്) റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തണം.

ഓറിയൻഷ്യ സുസുഗാമുഷി (Orientia tsutsugamushi) എന്ന ബാക്ടീരിയയാണ് ചെള്ളുപനിക്ക് കാരണം. രോഗവാഹിയായ ചെള്ളും പേനും മൂലമുള്ള കടികൾ സൂക്ഷിക്കണം. മൂന്നുതരത്തിലുള്ള ടൈഫസ് രോഗം നിലവിലുണ്ട്. എപ്പിഡമിക് ടൈഫസ്, എൻഡമിക് ടൈഫസ് & സ്ക്രബ് ടൈഫസ്. ഒന്നാമത്തേത് പേനിലൂടെ പകരുന്നു. രണ്ടാമത്തേതിൽ എലിച്ചെള്ളോ പൂച്ചയുടെ മേലുള്ള ചെള്ളോ ആണ് രോഗവാഹകർ, പ്രത്യേകിച്ച് എലിച്ചെള്ള്. സ്ക്രബ് ടൈഫസ് രോഗമുണ്ടാക്കുന്ന ഓറിയൻഷ്യ സുസുഗാമുഷി ബാക്ടീരിയ, നായുണ്ണിയുടെയും മറ്റും ലാർവകളുടെ കടിയിലൂടെയാണ് മനുഷ്യ ശരീരത്തിൽ കടക്കുന്നത്.



കടപ്പാട് : ഡോ. ദിലീപ് ഫൽഗുനൻ


ജന്തുജന്യരോഗങ്ങളെപ്പറ്റിയുള്ള അറിവ് നേടുന്നത് ജീവജാലങ്ങളെ മനുഷ്യരുടെ ശത്രുവായി കാണാനല്ല. മറിച്ച് ജന്തുജീവജാലങ്ങളോടുള്ള മനുഷ്യന്റെ സഹവർത്തിത്വം കൂടുതൽ ശാസ്ത്രീയമാക്കാനാണ് ഉപയോഗിക്കേണ്ടത്. മൃഗങ്ങളുമായി അടുത്തിടപഴകുന്ന സാഹചര്യത്തിൽ വ്യക്തിശുചിത്വ മാർഗ്ഗങ്ങളും മുൻകരുതലുകളും എടുക്കേണ്ടത് അത്യാവശ്യമാണ്. ആവാസവ്യവസ്ഥകളുടെ നിലനിൽപ്പിനും ഏകലോകത്തിന്റെ നിലനിൽപ്പിനും ആരോഗ്യപരമായ മനുഷ്യ പ്രകൃതി സഹവർത്തിത്വം അനിവാര്യമാണ്. മനുഷ്യന് മൃഗങ്ങൾ ഏതുതരത്തിൽ നല്ല ആരോഗ്യപ്രദമായ ഭക്ഷണമാകുന്നുവോ അതുപോലെ തന്നെ മൃഗങ്ങളുടെ ഭക്ഷണ ആരോഗ്യകാര്യങ്ങളിലും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. വൃത്തിയുള്ള ഭക്ഷണവും പാർപ്പിടവും എല്ലാം മൃഗങ്ങൾക്കും നൽകുക. മൃഗാരോഗ്യം മെച്ചപ്പെടുത്തുവാനും അതുവഴി മനുഷ്യാരോഗ്യം മെച്ചപ്പെടുത്താനും ഇതുവഴി സാധിക്കും

വളർത്തുമൃഗങ്ങളെപ്പോലെതന്നെ വന്യജീവികളുടെ ആരോഗ്യത്തെയും അതിനെക്കുറിച്ചുള്ള ഗവേഷണത്തെയും കൂടുതൽ പരിപോഷിപ്പിക്കേണ്ടതുണ്ട്. മനുഷ്യർക്കെന്ന പോലെ മൃഗങ്ങൾക്കും കൃത്യമായ ചികിത്സയും ആവശ്യ രോഗങ്ങളിൽ വാക്സിനേഷൻ നൽകുന്നതും ഏകാരോഗ്യകാഴ്ചപ്പാടിന്റെ ഭാഗമായി ചെയ്യേണ്ടതാണ്.

### ഏകാരോഗ്യം - ഭരണകൂടസമീപനത്തിൽ ഉൾപ്പെടുത്തേണ്ട മാറ്റങ്ങൾ

പൊതുജനാരോഗ്യമേഖലകളിൽ കൂടുതൽ നിക്ഷേപം വരുത്താൻ ഉള്ള നടപടികൾ സ്വീകരിക്കണം. അതിവേഗ രോഗനിർണ്ണയ സൗകര്യങ്ങൾ - മനുഷ്യരിലും മൃഗങ്ങളിലും രോഗ നിരീക്ഷണ സംവിധാനങ്ങൾ - സിറോ പ്രിവിലൻസ് പഠനങ്ങൾ എന്നിവ പരിപോഷിപ്പിക്കുക. സർവ്വകലാശാലകൾ, ആരോഗ്യ, വെറ്ററിനറി, കൃഷി, വനംവകുപ്പ്, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവയുടെ എല്ലാം സഹകരണത്തോടെ ഏകാരോഗ്യപദ്ധതിയുടെ രൂപീകരണവും പ്രാദേശികതലത്തിൽ ഏകാരോഗ്യസമിതികൾ രൂപവത്കരിക്കുകയും ചെയ്യുക. മനുഷ്യരിലും മൃഗങ്ങളിലും കാണുന്ന അസ്വാഭാവിക മരണങ്ങൾ പ്രകൃതി പ്രതിഭാസങ്ങൾ എന്നിവയുടെ റിപ്പോർട്ടിംഗ്, പരിസ്ഥിതി ആവാസവ്യവസ്ഥയുടെ സംരക്ഷണം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ എല്ലാം ശ്രദ്ധ ചെലുത്തേണ്ടത് അനിവാര്യമാണ്

ഏകാരോഗ്യത്തിന്റെ ചരിത്രം തുടങ്ങുന്നത് ആധുനിക പത്തോളജിയുടെ പിതാവും സോഷ്യൽ മെഡിസിൻ എന്ന ശാസ്ത്രശാഖക്ക് തുടക്കം കുറിക്കുകയും ചെയ്ത റുഡോൾഫ് വിർഷോവിൽ നിന്നാണ്. പിന്നീട് വില്യം ഓസ്ലർ 'മനുഷ്യ - മൃഗ വൈദ്യശാസ്ത്രങ്ങൾ പരസ്പരം ഗണ്യമായ സംഭാവനകൾ നൽകി വികസിക്കുന്നവയാണ് എന്ന് പറയുകയുണ്ടായി. അവയെ ഒരു വൈദ്യശാസ്ത്രമായി പരിഗണിക്കണം എന്നും അദ്ദേഹം കൂട്ടിച്ചേർക്കുക ഉണ്ടായി. പിന്നീട് മനുഷ്യരിലും വിവിധ ജീവികളിലും രോഗങ്ങൾ ഉണ്ടാകുന്ന വിവിധ രോഗാണുക്കളെ കണ്ടുപിടിക്കുകയും മനുഷ്യരിൽ രോഗമുണ്ടാക്കുന്ന പലരോഗാണുക്കളും മൃഗങ്ങളിൽ നിന്നാണ് വരുന്നതെന്ന് മനസ്സിലാക്കുകയും ചെയ്തു. ഇന്ന് പ്രയോഗത്തിൽ വരുന്ന പല മരുന്നുകളുടെയും വാക്സിനുകളുടെയും കണ്ടുപിടിത്തത്തിൽ ഇത്തരത്തിലുള്ള അറിവുകൾക്ക് വലിയ സ്ഥാനമുണ്ട്; അതിനാൽ തന്നെ ഏകാരോഗ്യ സമീപനവുമായി മുന്നോട്ടു പോകുവാനായി നമുക്ക് എല്ലാവർക്കും കൈകോർക്കാം.



# കനൈൻ ഡിസ്റ്റംബർ, പാർവോ വൈറസ് രോഗബാധ, നായ്ക്കളിൽ– അറിയേണ്ടതെല്ലാം



**ഡോ.ബീന. ഡി**
മുൻ. അസി.ഡയറക്ടർ (റിട്ട)
മൃഗസംരക്ഷണ വകുപ്പ്
Ph : 9447390548

കഴിഞ്ഞ ഏതാനും ആഴ്ചകളായി നായ്ക്കളിൽ പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന ഒരു വൈറൽ രോഗമാണ് കനൈൻ ഡിസ്റ്റംബർ അഥവാ സി ഡി. പനി, വിശപ്പില്ലായ്മ, കണ്ണിൽ നിന്നും മൂക്കിൽ നിന്നും കട്ടിയുള്ള സ്രവം ഒഴുകുക, ഛർദ്ദിൽ, ചുമ, വയറിളക്കം എന്നിവയാണ് ആദ്യ ലക്ഷണങ്ങൾ. വൈറസ് തലച്ചോറിനേയും നാഡീവ്യൂഹ ത്തേയും ബാധിക്കുന്നതോടെ കാലിലെയും തലയി ലേയും അനിയന്ത്രിതമായ വിറയൽ, വേച്ച് വീഴുക, കൈകാൽ തളർച്ച, വായിൽ നിന്നും ധാരാളം ഉമിനീർ ഒഴുകി വീഴുക, പ്രത്യേക ശബ്ദമുണ്ടാക്കി ചവയ്ക്കുക എന്നീ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങും. ചില നായ്ക്കളിൽ വയറിനടിവശത്തും തുടകൾക്കിടയിലും പഴുപ്പ് നിറഞ്ഞ കുമിളകൾ പ്രത്യക്ഷപ്പെടും. നായ്ക്കളുടെ കാൽപ്പാദത്തിനടിവശം കട്ടിയാവുകയും ചെയ്യും.

രോഗബാധയേറ്റാൽ ഫലപ്രദമായ ആന്റി വൈറൽ മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ പ്രതിരോധം തന്നെയാണ് പ്രധാനം. നായ്കുട്ടികൾക്ക് 30 ദിവസം പ്രായമാകുമ്പോൾ ആദ്യ ഡിസ്റ്റംബർ പാർവോ വാക്സിൻ നൽകാവുന്നതാണ്. തുടർന്ന് 45 ദിവസം പ്രായത്തിൽ മൾട്ടികംപോണന്റ് വാക്സിൻ നൽകണം. മൂന്നാഴ്ചയ്ക്കു ശേഷം ബൂസ്റ്റർ ഡോസും എടുപ്പിക്കണം. തുടർന്ന് വർഷംതോറും കുത്തിവയ്പ്പെടുക്കണം.

**പാർവോ വൈറസ് രോഗബാധ–** ക്ഷീണം, വിശപ്പില്ലായ്മ, ശർദ്ദിൽ, ദഹിച്ച രക്തം കലർന്ന് കറുത്ത നിറത്തിൽ ദുർഗന്ധത്തോട് കൂടിയ മലം തുടങ്ങിയ രോഗലക്ഷണങ്ങളുമായി വെറ്ററിനറി ഡോക്ടർമാരെ സമീപിയ്ക്കുന്നവരുടെ എണ്ണം നാൾക്കുനാൾ കൂടി വരികയാണ്. ഈ ലക്ഷണങ്ങൾ എല്ലാം നായ പ്രേമികളെ ഭയപ്പെടുത്തുന്ന പാർവോ അഥവാ ഹെമറേജിക് എന്ററൈറ്റിസ് എന്ന വൈറസ് രോഗമാണ്. ഏത് പ്രായത്തിലുമുള്ള നായ്ക്കളെയും ഈ രോഗം ബാധിക്കുമെങ്കിലും 6 ആഴ്ച മുതൽ 6 മാസം വരെ പ്രായമുള്ള നായക്കുട്ടികളെയാണ് പ്രധാനമായും ബാധിക്കുന്നത്.



കടപ്പാട് : ഡോ. ദിലീപ് ഫൽഗുനൻ

വാക്സിനേഷൻ വഴി തടയാവുന്ന ഒരു രോഗമാണിത്. വാക്സിൻ നൽകുന്നതിന് ഒരാഴ്ച മുമ്പ് വിരമരുന്ന് നൽകേണ്ടതാണ്.

പാർവോ വൈറസുകൾ ശരീരത്തിൽ പ്രവേശിച്ച് ഒരാഴ്ച്ചയ്ക്കകം രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ചു തുടങ്ങും. വിശപ്പില്ലായ്മ, പനി, ഛർദ്ദിൽ, ക്ഷീണം എന്നിവയാണ് ആദ്യ ലക്ഷണങ്ങൾ. ദുർഗന്ധമുള്ള ഛർദ്ദിൽ, രക്തം കലർന്ന തുടർച്ചയായ വയറിളക്കം, ദഹിച്ചരക്തം കലർന്ന് കറുത്ത നിറത്തിൽ ദുർഗന്ധത്തോട് കൂടിയ വയറിളക്കം എന്നീ ലക്ഷണങ്ങൾ തുടർന്ന് ഒന്ന് രണ്ട് ദിവസത്തിനകം കാണിക്കും. രോഗലക്ഷണങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ഉടൻ തന്നെ ഡോക്ടറുടെ സേവനം തേടണം. രോഗാരംഭത്തിൽ തന്നെ ചികിത്സ നൽകിയാൽ രക്ഷപെടാനുള്ള സാധ്യത 80% ന് മുകളിലാണ്. നിർജ്ജലീകരണം തടയുന്നതിനായുള്ള ലായനികൾ, പാർശ്വാണു രോഗബാധ തടയുന്നതിനുള്ള ആൻറിബയോട്ടിക്കുകൾ, ഛർദ്ദിലും വയറിളക്കവും തടയുന്നതിനുള്ള മരുന്നുകൾ, കുടലിലെ രക്തസ്രാവം നിയന്ത്രിക്കുന്നതിനുള്ള മരുന്നുകൾ ഉൾപ്പടെ അഞ്ച് മുതൽ 7 ദിവസത്തോളം നീണ്ടു നിൽക്കുന്ന ചികിത്സ നൽകേണ്ടിവരും. രോഗബാധയുള്ള നായ്ക്കൾക്ക് കട്ടിയാഹാരം ഒഴിവാക്കണം. തണുപ്പിച്ച പാൽ, തണുപ്പിച്ച കരിക്കിൻ വെള്ളം, ഒ ആർ എസ് ലായനി എന്നിവ കുറേശ്ശേയായി ഇടവേളകളിൽ നൽകണം.

പാർവോ രോഗബാധയിൽ നിന്നും രക്ഷ നേടിയ നായ്ക്കൾ തുടർന്ന് 2 ആഴ്ച്ചയോളം വിസർജ്യത്തിലൂടെ വൈറസിനെ പുറന്തള്ളാൻ സാധ്യത ഉള്ളതിനാൽ കൂടും പരിസരവും, പാത്രങ്ങളുമെല്ലാം 2-5% ബ്ലീച്ചിംഗ് പൗഡർലായനി ഉപയോഗിച്ച് കഴുകണം. നായ്ക്കളെ വളർത്തുന്ന അയൽവാസികളോട് രോഗത്തെ കുറിച്ചും മുൻകരുതലുകളെ കുറിച്ചും അറിയിക്കണം. കെന്നലുകളിൽ നിന്നും പെറ്റ് ഷോപ്പുകളിൽ നിന്നും മൃഗാശുപത്രി പരിസരങ്ങളിൽ നിന്നും തെരുവുനായ്ക്കൾ ഉള്ള സ്ഥലങ്ങളിൽ നിന്നുമെല്ലാം രോഗം പകരാൻ സാധ്യത ഉണ്ട്. ആരോഗ്യമുള്ള നായ്ക്കളെ ഇത്തരം രോഗസാധ്യത ഉള്ള സ്ഥലങ്ങളിൽ കൊണ്ടുപോകാതിരിക്കുന്നത് രോഗ പകർച്ച കുറയ്ക്കും. പ്രതിരോധ കുത്തിവയ്പുകൾ പൂർത്തിയാകും വരെ നായ്ക്കുട്ടികളെ പൊതു കെന്നലുകളിലും, ബോർഡിംഗ് കേന്ദ്രങ്ങളിലും പാർപ്പിക്കുന്നതും, മറ്റ് നായ്ക്കൾക്കൊപ്പം പരിശീലനം നൽകുന്നതും, പെറ്റ് ഷോപ്പുകളിലും മറ്റും കൊണ്ടുപോകുന്നതും ഒഴിവാക്കണം. പാർവോ രോഗം ബാധിച്ച നായയെ പാർപ്പിച്ചിരുന്ന കൂട്ടിലേക്ക് പുതിയ നായ്ക്കുട്ടികളെ കൊണ്ടുവരുന്നതിന് മുമ്പായി 5% ബ്ലീച്ചിംഗ് പൗഡർ ലായനിയിൽ കൂടും പരിസരവും കഴുകി വൃത്തിയാക്കണം. ബ്ലീച്ചിംഗ് പൗഡർ ലായനി കൂട്ടിൽ ഒഴിച്ച് 15 മിനിറ്റിന് ശേഷം വേണം കഴുകി കളയേണ്ടത്. നായ്ക്കളുടെ കളിപ്പാട്ടങ്ങൾ, ബെൽറ്റുകൾ, ലീഷുകൾ, കോളറുകൾ, തീറ്റ പാത്രങ്ങൾ, വെള്ള പാത്രങ്ങൾ ഇവയെല്ലാം ബ്ലീച്ചിംഗ് പൗഡർ ലായനിയിൽ കഴുകി വൃത്തിയാക്കണം.

**വാക്സിൻ നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. നിർദ്ദേശിച്ചിരിക്കുന്ന പ്രായത്തിൽ തന്നെ വാക്സിൻ നൽകുക
2. കഴിയുന്നതും രാവിലെയോ വൈകുന്നേരമോ വാക്സിൻ നൽകുക
3. ശരിയായി ശീതീകരിച്ച് സൂക്ഷിച്ച വാക്സിൻ വിശ്വാസയോഗ്യമായ കേന്ദ്രങ്ങളിൽ നിന്ന് മാത്രം വാങ്ങുക.
4. ശരിയായ യോഗ്യതയും പരിശീലനവും ലഭിച്ചിട്ടുള്ള വ്യക്തികൾ മാത്രം പ്രതിരോധ കുത്തിവെപ്പ് നൽകുക.
5. പ്രതിരോധകുത്തിവയ്പ്പുകൾ നൽകിയിട്ടുള്ള നായ്കുട്ടികളെ പെറ്റ്ഷോപ്പുകളിൽ നിന്നും വാങ്ങാൻ ശ്രദ്ധിക്കുക.
6. വാക്സിനേഷനെ പറ്റി പ്രത്യേകം ചോദിച്ചറിയുകയും വാക്സിനേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമായും വാങ്ങുവാനും മറക്കരുത്.

# ഓമനപ്പക്ഷികളിലെ തൂവൽ സ്വയം നശീകരണ സ്വഭാവം

നമ്മുടെ വീടുകളിൽ കൂട്ടിലിട്ട് വളർത്തുന്ന ഓമനപ്പക്ഷികളിൽ പ്രത്യേകിച്ച് തത്തകളെ പോലെ ബുദ്ധി വളർച്ച കൂടിയ പക്ഷികളിൽ പലപ്പോഴും കാണ പ്പെടുന്ന ഒരു ദുശ്ശീലമാണ് തൂവൽ സ്വയം നശീകരണ സ്വഭാവം. പ്രത്യക്ഷത്തിൽ ഇത് ഒരു രോഗമായി കണക്കാക്കാൻ പറ്റില്ലെങ്കിലും ഈ സ്വഭാവ വൈകൃതത്തിന്റെ വ്യാപ്തി അനുസരിച്ച് അമിതമായ തൂവൽ പരിചരണത്തിൽ തുടങ്ങി തൂവൽ ചവച്ച് കേടു വരുത്തൽ, പൊട്ടിച്ചെടുക്കൽ, തൂവൽപിഴുതെടുക്കൽ മാത്രമല്ല ചർമ്മം മുറിപ്പെടുത്തുന്നത് വരെയുള്ള സ്വഭാവലക്ഷണങ്ങളിൽ ചെന്നെത്തി നിൽക്കാറുണ്ട്. അരുമയായി വളർത്തപ്പെടുന്ന 10 ശതമാനം തത്തകളിൽ ഈ സ്വഭാവ വൈകല്യങ്ങൾ കണ്ടുവരുന്നുണ്ട്.



**ഡോ. രാജ് ആർ**
വെറ്ററിനറി സർജൻ
വെറ്ററിനറി പോളിക്ലിനിക്ക്, കൊടുങ്ങല്ലൂർ
Ph : 7558820116

മനുഷ്യരിൽ അപൂർവമായി കാണപ്പെടുന്ന Trichotillomania (മുടി പറിച്ചെടുക്കൽ) എന്ന അസുഖവുമായി അസാധാരണ സാദൃശ്യമുള്ള ഈ സ്വഭാവ വൈകല്യത്തിന്റെ ശാസ്ത്രീയവശം ഇനിയും പൂർണ്ണമായി മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ മാനസികവും സാമൂഹികവും ജനിതകവും ശാരീരികവുമായ അവസ്ഥാന്തരങ്ങൾ ഇതിലേക്ക് നയിക്കുന്നതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ 30% മാത്രമാണ് വൈദ്യശാസ്ത്രസംബന്ധിയായ കാരണങ്ങളാൽ ഉണ്ടാകുന്നത്. ബാക്കി 70% കേസുകളിലും ഇതൊരു (മാനസിക) സ്വഭാവ വൈകല്യമായാണ് നിർണ്ണയിക്കപ്പെടാറുള്ളത്. എന്നാൽ ചില ഓമനപ്പക്ഷികളിൽ ഇത് ഒരു വൈദ്യശാസ്ത്ര സംബന്ധിയായ കാരണത്തിൽ തുടങ്ങി പിന്നീട് ഒരു സ്വഭാവ വൈകല്യമായി മാറാറുമുണ്ട്.





കൊക്ക് കൊണ്ട് എത്തിപ്പെടാനാകാത്ത തലയുടെ മുകൾ ഭാഗം ഒഴിച്ച് ബാക്കി എല്ലായിടത്തേയും തൂവലുകൾ നശിപ്പിക്കപ്പെടാമെങ്കിലും സാധാരണയായി നെഞ്ച്, തുടകൾ, ചിറകുകൾ, വാൽ എന്നിവിടങ്ങളിലെ തൂവലുകളാണ് ഈ വിധത്തിൽ നശിപ്പിക്കപ്പെടാറുള്ളത്. ചില പക്ഷികൾ മറ്റു പക്ഷികളുടെ തലയിലേയും മറ്റു ശരീരഭാഗങ്ങളിലേയും തൂവലുകൾ ഈവിധം കേടുവരുത്താറുണ്ട്. ഈ സ്വഭാവ വൈകല്യം എല്ലാത്തരം തത്തകളിലും കാണാറുണ്ടെങ്കിലും ആഫ്രിക്കൻ ഗ്രേ തത്തകളിലും (Psittacus erithacus) കോക്കറ്റൂ തത്തകളിലും (Cacatua spp.) ആണ് സർവ്വസാധാരണയായി കാണപ്പെടാറുള്ളത്.

## എങ്ങനെയാണ് ഈ സ്വഭാവ വൈകല്യം രൂപപ്പെടുന്നത്?

ഈ സ്വഭാവ വൈകല്യം രൂപപ്പെടുന്നതിന് അനുബന്ധമായി തത്തകളുടെ ശരീരത്തിൽ മിക്കപ്പോഴും ഹോർമോൺ വ്യതിയാനങ്ങൾ കാണപ്പെടുന്നു. ആവാസവ്യവസ്ഥയിൽ സമ്മർദ്ദമുണ്ടാക്കുന്ന മാറ്റങ്ങളും ഇതിന് കാരണമാകാറുണ്ട്.

സ്വതന്ത്രമായി പറന്ന് നടക്കേണ്ട ഒരുകൂട്ടം പക്ഷികൾ അതിനു വിപരീതമായി ഒറ്റപ്പെട്ട കൂടുകളിൽ കഴിയേണ്ടിവരുമ്പോൾ അവയ്ക്കുണ്ടാവേണ്ടിയിരുന്ന സാമൂഹിക ബന്ധങ്ങൾ ശാരീരിക വ്യായാമം എന്നിവ കിട്ടാതെ വരുന്നു. ഇതിൽ നിന്ന് ഉടലെടുക്കുന്ന മടുപ്പ്, വിരസത, ബുദ്ധി ഉപയോഗിക്കേണ്ടി വരാതെ എളുപ്പത്തിൽ ലഭിക്കുന്ന ഭക്ഷണം എന്നിവ സ്വഭാവ വൈകല്യങ്ങളിലേക്ക് നയിക്കുന്നു. അതുപോലെ തന്നെ അടുത്തിടപെടുന്ന ഉടമയെ പിരിഞ്ഞിരിക്കേണ്ടതായ സന്ദർഭങ്ങൾ, കൂടിനുള്ളിലും മറ്റും അനുഭവിക്കുന്ന സമ്മർദ്ദം, ഉടമയുടെ വീട്ടിൽ പെട്ടെന്നുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ ഈ സ്വഭാവ വൈകല്യത്തിലേക്ക് നയിക്കാം എന്നാണ് കരുതപ്പെടുന്നത്.

ഇതൊന്നും കൂടാതെ പലവിധ വൈദ്യശാസ്ത്രസംബന്ധിയായ കാരണങ്ങളും ഈ അവസ്ഥയ്ക്ക് കാരണമായേക്കാം. പ്രത്യേക പോഷകങ്ങളുടെ കുറവ്, അലർജി, ശരീരത്തിനകത്തും പുറത്തുമുള്ള പരാദ ജീവികൾ, വൃക്കയ്ക്കും പ്രത്യുൽപാദന അവയവങ്ങൾക്കും പിടിപെടുന്ന അസുഖങ്ങൾ കരൾ രോഗങ്ങൾ, വിഷാംശങ്ങൾ, വേദന, ബാക്ടീരിയ, ഫംഗസ്, വൈറസ് എന്നിവ മൂലമുണ്ടാകുന്ന രോഗങ്ങൾ തുടങ്ങി കാൻസർ വരെയുള്ള രോഗങ്ങൾ മൂലമുണ്ടാകുന്ന സമ്മർദ്ദങ്ങൾ മൂലവും ഈ സ്വഭാവ വൈകല്യം രൂപപ്പെടുന്നു.

അതുകൊണ്ട് തന്നെ സ്ഥിരമായി തൂവൽ കേട് വരുത്തുന്ന ഒരു തത്തയെ വെറ്ററിനറി ഡോക്ടർ പരിശോധിക്കുമ്പോൾ ആദ്യം ചെയ്യുന്നത് ശാരീരികമായ അസുഖങ്ങൾ ഒന്നുമില്ല എന്ന് ഉറപ്പ് വരുത്തലാണ്. അതിനുശേഷമാണ് മാനസിക സ്വഭാവ വൈകല്യത്തിന്റെ സാധ്യത തേടുന്നത്.


## എന്താണ് ഇതിന് ചികിത്സ?

ചികിത്സ ആരംഭിക്കുന്നതിന് മുമ്പ് വളരെ വിശദമായി ഈ സ്വഭാവ വൈകല്യം ആരംഭിച്ചതിന്റെ വിവരങ്ങൾ ആരായേണ്ടതാണ്. വൈദ്യപരിശോധനയിൽ മറ്റു അസുഖങ്ങൾ ശ്രദ്ധയിൽ പെട്ടാൽ അവയുടെ ചികിത്സക്കാണ് ആദ്യം ഊന്നൽ നൽകുന്നത്. ഇതിനായി രക്തവും കാഷ്ഠവും പരിശോധിക്കേണ്ടി വന്നേക്കാം. മറ്റു അസുഖങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്തിയാൽ പെരുമാറ്റ ചികിത്സ (Behaviour Therapy) തുടങ്ങുന്നതിന് മുന്നോടിയായി ഇതിലേക്ക് നയിക്കുന്ന മറ്റു സംഭവങ്ങൾ (Triggering Behaviours) എന്നിവയൊക്കെ വിശദമായി മനസ്സിലാക്കേണ്ടതുണ്ട്. അതിനനുസരിച്ചായിരിക്കും പെരുമാറ്റ ചികിത്സ ആരംഭിക്കുന്നത്

പലപ്പോഴും ഈ സ്വഭാവത്തിന് താൽക്കാലികമായി കടിഞ്ഞാണിടാൻ തൂവലിൽ ഉപയോഗിക്കാവുന്ന കയ്പുള്ള ലേപനങ്ങൾ, കഴുത്തിൽ ഇട്ട് കൊടുക്കാവുന്ന കോളർ (Elizabethan collar) എന്നിവ ഉപയോഗിക്കാറുണ്ട്. എന്നാൽ ഇതോടൊപ്പം ഈ സ്വഭാവത്തിന്റെ മൂലകാരണങ്ങൾ മനസ്സിലാക്കി പരിഹരിക്കേണ്ടത് അത്യാവശ്യമാണ്.

ഓമനപ്പക്ഷികളുടെ കൂട് വയ്ക്കുന്ന സ്ഥലം ഇടയ്ക്കിടെ മാറ്റുക, പുറം കാഴ്ചകൾ കാണുവാനായി ജനലിനോട് ചേർത്ത് വയ്ക്കുക, ടി.വിയും മറ്റും കാണുന്നതിനുള്ള അവസരം നൽകുക, പുതിയതും വൈവിദ്ധ്യമാർന്നതുമായ കളിപ്പാട്ടങ്ങൾ മാറ്റിമാറ്റി നൽകുക (പ്രത്യേകിച്ച് മരംകൊണ്ട് നിർമ്മിച്ച എളുപ്പത്തിൽ കൊക്ക് ഉപയോഗിച്ച് നശിപ്പിക്കാൻ പറ്റുന്ന കളിപ്പാട്ടങ്ങൾ), തീറ്റ സാധനങ്ങൾ ഒളിപ്പിച്ച് വെച്ച് ഉണ്ടാക്കുന്ന വിനോദോപാധികൾ (ചിരട്ട പോലുള്ള വസ്തുക്കൾ ഉപയോഗിച്ച് എളുപ്പത്തിൽ ഉണ്ടാക്കിയെടുക്കാം) എന്നിവയെല്ലാം ഈ സ്വഭാവ വൈകല്യത്തിൽ നിന്നും ശ്രദ്ധ തിരിക്കുവാനും ക്രമേണ അത് മാറ്റിയെടുക്കുവാനും സഹായിക്കും.








വിഷാദരോഗത്തിന് ഉപയോഗിക്കുന്ന ചില മരുന്നുകൾ അടിയന്തിര സാഹചര്യങ്ങളിൽ ഡോക്ടർമാർ ഈ രോഗലക്ഷണങ്ങൾക്ക് ഉപയോഗിക്കാറുണ്ട്. എന്നാൽ ഇവയും താൽക്കാലിക ആശ്വാസം മാത്രമാണ് നൽകുന്നത്.

### സ്വഭാവ വൈകല്യം ഉണ്ടാകുന്നത് എങ്ങനെ തടയാം?

കൂട്ടിൽ ഒറ്റക്ക് വളർത്തുന്ന ഓമനപ്പക്ഷികളെ ദിവസവും കുറച്ച് സമയമെങ്കിലും കൂടിന് പുറത്തേക്ക് ഇറക്കുന്നത് അഭികാമ്യമാണ്. ഈ സമയം അവയുമായി ചെറിയ കളികളിൽ ഏർപ്പെടുന്നതും അവയ്ക്ക് പുതിയ വാക്കുകളും മറ്റും ആവർത്തിക്കുന്നതിനുള്ള പരിശീലനം നൽകുന്നതുമെല്ലാം അവയുടെ വിരസത മാറ്റുന്നതിനും ഈ സ്വഭാവ വൈകല്യം തടയുന്നതിനും സഹായിക്കും.

പോഷകങ്ങൾ ക്രമീകരിച്ച തീറ്റനൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് ഇതിൽ പ്രധാനം സൂപ്പർമാർക്കറ്റുകളിൽ ലഭിക്കുന്ന പെല്ലറ്റ് തീറ്റയാണ്. ഒരു ദിവസത്തെ ആഹാരത്തിന്റെ 80% ഇത് മാത്രം നൽകുന്നതാണ് ഉത്തമം. ബാക്കി 20% പച്ചക്കറികൾ, പഴങ്ങൾ, വിത്തുകൾ എന്നിവ നൽകാവുന്നതാണ്. സൂര്യകാന്തി വിത്തുകൾ മാത്രം ധാരാളമായി നൽകുന്നത് പല പോഷകങ്ങളുടേയും കുറവിന് കാരണമാകും. എന്നാൽ സൂര്യകാന്തി വിത്തുകൾ പല തത്തകൾക്കും പ്രിയങ്കരമായതിനാൽ പരിശീലനം നൽകുമ്പോൾ പ്രതിഫലം ആയി നൽകുവാൻ അനുയോജ്യമാണ്.

ഓമനപ്പക്ഷികളിലെ തൂവൽ നശീകരണ സ്വഭാവവൈകൃതം ഒരു രോഗത്തേക്കാളുപരി രോഗലക്ഷണമാണ്. ശാരീരിക വളർച്ച സംബന്ധമായതും പരിസ്ഥിതി സംബന്ധമായതും, സാമൂഹികമായതും, ജനിതകമായതും, ഹോർമോൺ സംബന്ധമായതും ഉൾപ്പെടെ പല ഘടകങ്ങൾ ആണ് ഇതിലേക്ക് നയിക്കുന്നത്. മറ്റു അസുഖങ്ങൾ ഇല്ല എന്ന് ഒരു വെറ്ററിനറി ഡോക്ടറെ കാണിച്ച് ഉറപ്പ് വരുത്തുന്ന



തിനോടൊപ്പം പക്ഷിയുടെ ശ്രദ്ധ തിരിക്കാനും ഈ സ്വഭാവത്തിൽ മാറ്റം വരുത്താനുമായി മേൽ പറഞ്ഞ വിധം പരിശ്രമിക്കേണ്ടതാണ്.



# ഓമനകളുടെ മനഃശ്ശാസ്ത്ര മൂല്യം

**ശ്രീ. ദീപാലയം ധനപാലൻ**
ഫീൽഡ് ഓഫീസർ
റിൻഡർപെസ്റ്റ് ചെക്ക്പോസ്റ്റ്
കോഴിപ്പാറ
പാലക്കാട് 678557

ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ' എന്ന് കുഞ്ഞ് ക്ലാസ്സിലെങ്ങോ സിലബസ്സിന്റെ ഭാഗമായി ഉരുവിട്ടു പഠിച്ച വരികളാണ് കെട്ടിയിട്ടും കൂട്ടിലിട്ടു പൂട്ടിയിട്ടും ഓമനിച്ചു വളർത്തപ്പെടുന്ന ജീവികളെക്കാണുമ്പോൾ മനസ്സിലേക്ക് ഓർമ്മകളായി ഓടിയെത്തുന്നത്. സർവ്വ സ്വാതന്ത്ര്യത്തോടെ ജീവിക്കേണ്ട പക്ഷി മൃഗാദികളെ അവയുടെ എല്ലാ സ്വാതന്ത്ര്യങ്ങളും ഹനിച്ച് നമ്മുടെ ആനന്ദത്തിനായി പരിപാലിക്കുമ്പോഴും പലതും ശീലിപ്പിക്കു മ്പോഴും ***'കുയിലപ്പുടിച്ച് കൂട്ടിലടച്ച് പാടച്ചൊല്ലു കിറ ഉലകം, മയിലപ്പുടിച്ച് കാലെയുടച്ച് ആട ച്ചൊല്ലുകിറ ഉലകം'*** എന്ന ഗാനശകലവും ഒരു ചെവിയിൽ കേട്ട് ആസ്വദിച്ച് മറുചെവിയിൽക്കൂടി കളയുമ്പോഴും  വിചാരം കൊണ്ടും, വികാരം കൊണ്ടും നാം ചിന്തിക്കാറില്ല. ശീലവും പരിശീലനവും പാരതന്ത്ര്യത്തിന്റെ കുടക്കീഴിൽ ആസ്വദിച്ചുവളരുന്ന അവയും അവയുടേതായ ലോകത്തെപ്പറ്റി ചിന്തിക്കുന്നുണ്ടോ ആവോ?

കടപ്പാട് : ഡോ.ദിലീപ് ഫൽഗുനൻ

മിണ്ടാപ്രാണികൾ എന്ന് നാം വിവക്ഷിക്കുന്ന അവ യഥാർത്ഥത്തിൽ മിണ്ടാപ്രാണികളല്ല. അവയ്ക്ക് അവയുടേതായ ഭാഷയും ശബ്ദവും ആശയവിനിമയവും ഒക്കെയുണ്ട്. അത് മനസിലാക്കാനുള്ള, അവയുടെ എല്ലാ ശബ്ദവ്യതിയാനങ്ങളും വേർതിരിച്ചറിയാനുള്ള ശേഷിയില്ലായ്ക മനുഷ്യരുടെ പരിമിതിയാണ്. എന്നാൽ നമ്മുടെ ശബ്ദവും ഭാഷയും ആംഗ്യങ്ങളും മാത്രമല്ല, മനോവികാരങ്ങളും വ്യക്തിവ്യതിയാനങ്ങളും വരെ തിരിച്ചറിയാൻ ശേഷിയുള്ള അവ എന്തുകൊണ്ടോ സ്വന്തം പാരതന്ത്ര്യത്തോടു മാത്രം ഒരു പരിമിതപരിധിയിലപ്പുറം പ്രതികരിക്കാറില്ല. മാത്രമല്ല, നിരുപാധികം, അതെ, അക്ഷരാർത്ഥത്തിൽ യാതൊരു ഉപാധിയുമില്ലാതെ, നമ്മെ അവ സ്നേഹിക്കുകയും ചെയ്യുന്നു. ഒരു കാലത്ത് ഇടയൻമാരോടൊപ്പം ആടുകളെ സംരക്ഷിക്കുന്ന കാവൽക്കാരായും മിഷനറി പ്രവർത്തകരുടെ സഹചാരിയായും നായാട്ടുകാരുടെ സഹായികളായും ഒക്കെ വർത്തിച്ചുവരികയും നാട്ടിൻപുറത്തെ വീടുകളുടെ വിശ്വസ്ത കാവലാളുകളായും വർത്തിച്ചു വരികയും ചെയ്തിരുന്ന നായവർഗ്ഗം കുറ്റാന്വേഷണരംഗത്ത് ഇന്ന് കാഴ്ചവെക്കുന്ന വൈദഗ്ദ്ധ്യം നമ്മെ അത്ഭുതപ്പെടുത്തുന്നു. കാര്യങ്ങൾ ഗ്രഹിക്കാനുള്ള ശേഷി പല കാര്യങ്ങളിലും നമ്മെക്കാൾ നായകൾക്ക് ഒരുപടി മുന്നിലാണെന്നുസമ്മതിക്കാൻ ഒരുപക്ഷെ നമ്മുടെ അഹന്ത സമ്മതിച്ചുതരില്ല എങ്കിലും അതൊരു സത്യം തന്നെയാണ്.

മാനസികോല്ലാസം എന്നതിലുപരി സാമ്പത്തിക ലക്ഷ്യത്തിനായി ഓമനപ്പക്ഷികളെയും ഓമന മൃഗങ്ങളെയും വളർത്തി വിറ്റ് വൻ ലാഭം കൊയ്യുന്ന 'പെറ്റ് ഫാമുകൾ' ഇന്ന് ഒരു പുതിയ കാഴ്ചയല്ല. എന്നാൽ ഇവയുടെ പരമമായ ഉപയോഗം മാനസികോല്ലാസം തന്നെയാണ്. അപ്പോൾ കാവലിനു വളർത്തപ്പെടുന്ന നായകളോ എന്ന ചോദ്യമുയരാം. ശരിയാണ്. അവ കാവലിനുണ്ട് എന്ന സമാധാനത്തിലാണ് അവിടെയുള്ളവർക്ക് (ഉടമകൾക്ക്) അവരവരുടെ മറ്റു കാര്യങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാനും തദ്വാരാ സന്തോഷിക്കാനും സാധിക്കുന്നത്.

വിദ്യാസമ്പന്നതയും വിവിധോൻമുഖ തൊഴിൽ മേഖലയും വികസിതമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഉപരിപഠനത്തിനായി മാത്രമല്ല, തൊഴിലും ജീവിതോപാധികളും തേടി മറുനാട്ടിലെത്തുന്ന യുവത്വത്തിന്റെ മാതാപിതാക്കൾക്ക് മക്കൾ നല്കുന്ന സമ്പത്തിനേക്കാൾ വലുതാണ് വീട്ടിലെ പട്ടിയും പൂച്ചയും ഒക്കെ നല്കുന്ന സന്തോഷം എന്നു പറഞ്ഞാൽ അത് അതിശയോക്തിയല്ല. കടയിൽപ്പോയി പത്രവും പാലും കൊണ്ടുവരാൻ മാത്രമല്ല, കിടപ്പിലായിപ്പോയ രോഗികൾക്ക് കൂട്ടായിരിക്കാനും നിരുപാധിക സ്നേഹത്തിന്റെ പ്രതീകങ്ങളായ ഓമന മൃഗങ്ങളും പക്ഷികളും ഇന്നുണ്ട്. മനുഷ്യമനസ്സിനും ശരീരത്തിനും ആരോഗ്യം പ്രദാനം ചെയ്യുന്നതിലും ആരോഗ്യപരിപാലനത്തിലും ഓമനപ്പക്ഷിമൃഗാദികൾക്കാവും എന്നതും നിസ്സംശയം തെളിയിക്കപ്പെട്ടുകഴിഞ്ഞതാണ്.

മനസ്സ് എന്നത് യാഥാർത്ഥ്യമോ സങ്കൽപ്പമോ എന്തുമാവട്ടെ, സന്തോഷം സങ്കടം എന്നീ വികാരങ്ങൾ അനുഭവിക്കുകയും പ്രകടിപ്പിക്കാത്തവരുമായി ആരുമില്ല. ഈ രണ്ടു വികാരങ്ങൾ മാത്രമാണ് എല്ലാ മനുഷ്യർക്കും മാത്രമല്ല, എല്ലാ പക്ഷിമൃഗാദികൾക്കും ഉള്ളത്. ദേഷ്യം എന്നത് സങ്കടം എന്ന വികാരം ഒരു പരിധി (ഈ പരിധി ഓരോ വ്യക്തികൾക്കും വ്യത്യസ്തമാണ്) കവിയുമ്പോൾ പ്രകടിപ്പിക്കപ്പെടുന്ന വികാരമാണ്. സന്തോഷം സങ്കടം എന്നീ വികാരങ്ങൾക്കു മദ്ധ്യേയുള്ള അവസ്ഥയാണ് മ്ളാനത. ഈ വികാരങ്ങൾക്കു കാരണം ചില പ്രത്യേക ഹോർമോണുകളാണ്. ഈ ഹോർമോണുകൾ ഉല്പാപാദിപ്പിക്കപ്പെടാൻ കാരണം സംവേദനങ്ങളോടുള്ള നമ്മുടെ പ്രതികരണങ്ങളും മനോവികാരങ്ങളുടെ നിമ്നോന്നതികളുമാണ്.

ഇഷ്ടമുള്ള ആളുകളുടെ സാമീപ്യം, ഇഷ്ട ഭക്ഷണം, ഇഷ്ട പാനീയം, ഇഷ്ട സംഗീതം ... അങ്ങിനെ നമുക്ക് ഇഷ്ടപ്പെട്ടവയുടെ ആസ്വാദനം മാത്രമല്ല സാമീപ്യം പോലും നമ്മുടെ കേന്ദ്ര നാഡീവ്യവസ്ഥയിൽ എത്തിക്കുന്ന സംവേദനങ്ങളുടെ പ്രത്യുപകാരമായി കേന്ദ്രനാഡീ വ്യവസ്ഥ ഹാപ്പിഹോർമോണുകൾ ഉല്പാദിപ്പിച്ച് ആനന്ദം എന്ന അനുഭൂതി നമുക്കു പ്രദാനം ചെയ്യുന്നു. ഏകാന്തതയിൽ നിന്നും ഉണ്ടാകാവുന്ന ഇത്തരം സാഹചര്യങ്ങളെ തരണം ചെയ്യാൻ നാം ഇഷ്ടപ്പെടുകയും നിരുപാധികം നമ്മെ ഇഷ്ടപ്പെടുകയും സ്നേഹിക്കുകയും ചെയ്യുന്ന ഓമനപ്പക്ഷികളുടെയും ഓമനമൃഗങ്ങളുടെയും സാന്നിധ്യവും ലാളനയും സഹായകമാണ്. അതെ, നമ്മുടെ ഹോർമോൺ സംതുലനത്തിലും തദ്വാരാ മാനസികവും ശാരീരികവുമായ ആരോഗ്യപരിപാലനത്തിലും ഓമനപ്പക്ഷിമൃഗാദികളുടെ പങ്ക് നിസ്തുലമാണ്.




# കേരളത്തിന്റെ സ്വന്തം ലൂയി പാസ്ച്ചർ

**ഡോ.റോയി മാത്യൂ**
അസിസ്റ്റന്റ് റിസർച്ച് ഓഫീസർ
ഐ എ എച്ച് & വി ബി, പാലോട്.
Ph : 9447035570




ആരോഗ്യ വകുപ്പിലെ തിരുവനന്തപുരത്തുള്ള സംസ്ഥാന പൊതുജനാരോഗ്യ ലബോറട്ടറിയി (SPHL) ലെ സയന്റിഫിക് ഓഫീസർ അവരുടെ ഡെങ്കിപ്പനിയുടെ ടെസ്റ്റിനാവശ്യമായ, കുരങ്ങിൽ നിന്നുള്ള, വീരോ -കോശങ്ങൾ വാങ്ങുന്നതിനായിട്ടാണ് പാലോട്ടെ വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിയത്. കോശങ്ങൾ നൽകിയതോടൊപ്പം നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന SPHL സന്ദർശിക്കുന്നതിന് പദ്ധതിയിട്ടു.

ഒക്ടോബർ മാസം 31 -ാം തീയതി IAHDVB യിലെ 5 ഓഫീസർമാർ SPHL ൽ എത്തി. വിശാലമായ ക്യാമ്പസിൽ മറ്റ് ലാബുകളിൽ നിന്ന് വേറിട്ട് നിൽക്കുന്ന പഴയ ചില ചെറു കെട്ടിടങ്ങളും ഭൂഗർഭ അറകളും അവിടെ കാണുവാനായി. കൂടുതൽ അന്വേഷണത്തിൽ ഇവയെല്ലാം തന്നെ മുമ്പ് ഇവിടെ നിന്നും വിതരണം ചെയ്തിരുന്ന വാക്സിനുകളുടെ നിർമ്മിതിക്കാവശ്യമായ മൃഗങ്ങളെ വസിപ്പിച്ചിരുന്ന ഷെഡ്ഡുകളായിരുന്നു എന്ന് മനസ്സിലാക്കുവാനും സാധിച്ചു. വാക്സിൻ സൂക്ഷിച്ചു വയ്ക്കുന്നതിനുള്ള കൂറ്റൻ ഫ്രീസറുകൾ ഭൂമിക്കടിയിലെ നിലവറകൾക്കുള്ളിലാണ് സ്ഥാപിച്ചിരുന്നത്. ഒരു പ്രതാപകാലത്തിന്റെ ശേഷിപ്പുകൾ.

കാളക്കുട്ടികൾ, ചെമ്മരിയാടുകൾ കോലാടുകൾ, മുയലുകൾ എന്നിവയെ വളർത്തി, അവയിലാണ് വാക്സിൻ ഉൽപാദിപ്പിച്ചിരുന്നത്. വാക്സിനേഷൻ പദ്ധതി വഴി ഈ ഭൂമുഖത്തു നിന്ന് ഉൻമൂലനം ചെയ്ത വസൂരി വ്യാധിക്കെതിരായ പ്രതിരോധ മരുന്ന് ഇവിടെയാണ് തയ്യാറാക്കിയിരുന്നത്.



രോഗകാരികളായ വൈറസുകളെ മൃഗങ്ങളിൽ കുത്തിവച്ച് പിന്നീട് അവയുടെ ശരീരാവയവങ്ങൾ ശേഖരിച്ച് രോഗാണുക്കളെ നിർജ്ജീവമാക്കി വാക്സിൻ ഉൽപാദിപ്പിക്കുക എന്നതായിരുന്നു രീതി. മൃഗങ്ങളായിരുന്നു വാക്സിൻ സ്രോതസ്സ് എന്നുള്ളതുകൊണ്ട് തന്നെ അവിടെ ഒരു വെറ്ററിനറി ഡോക്ടറുടെ സാന്നിധ്യം അത്യന്താപേക്ഷിതമാണ്.

അങ്ങിനെയാണ് SPHL ലെ പുരാതന ലൈബ്രറി തുറന്നു പരിശോധിക്കുവാൻ തുനിഞ്ഞത്. ഇവിടെ 1950 – 60 കാലത്തെ നേച്ചർ, ലാൻസറ്റ് എന്നീ പ്രസിദ്ധ ശാസ്ത്രജേർണലുകളുടെ വലിയ ശേഖരം തന്നെയുണ്ട്. സൂക്ഷ്മപരിശോധനയിൽ അവിടെ നിന്നും പാതി ചിതലരിച്ച 1962–63 ലെ വാർഷിക ഭരണ റിപ്പോർട്ട് കണ്ണിൽ പെട്ടു. വിചാരിച്ചതു പോലെ അതാ, മറ്റ് ഡോക്ടർമാരുടെ പേരിനോടൊപ്പം ഒരു ഡോ: എഡ്വേർഡ് സാമുവൽ – വെറ്ററിനറി ഓഫീസർ. സ്വാഭാവികമായി ഇപ്പോൾ ലാബിലുള്ളവർക്ക് ഇങ്ങനെയൊരാളെ പറ്റി ഒരറിവുമില്ല.

അറുപത് സംവത്സരങ്ങൾക്കിപ്പുറം അജ്ഞാതനായ ഒരാളെ തേടി കണ്ടുപിടിക്കുക എന്ന ഏതാണ്ട് അസാധ്യമായിരുന്നു. എങ്കിലും കൗതുകത്തിന് ഒന്ന് ശ്രമിക്കുവാൻ തീരുമാനിച്ചു. ഏതാനും ദിവസങ്ങളിലെ തിരച്ചിലിനൊടുവിൽ തിരുവനന്തപുരം മറ്റീർ മെമ്മോറിയൽ (LMS) പള്ളിയുടെ ഡയറക്ടറിയിലെ ഇതേ പേരിലുള്ള മറ്റ് മൂന്ന് അംഗങ്ങളിൽ നിന്ന് നമ്മുടെ കഥാനായകനെ കണ്ടെത്തി.

### വർഷം 1955

പഴയ തിരുവിതാംകൂറിന്റെ ഭാഗമായ മാർത്താണ്ഡത്തു നിന്നുള്ള സ്റ്റേറ്റ് സർവ്വീസിലെ ഒരദ്ധ്യാപകന്റെ മകൻ അങ്ങു ദൂരെ തൃശൂരിലെ കോളേജിൽ എത്തുന്നു.

### കോളേജിന്റെ ആദ്യ ബാച്ച്

അവിടെ മണ്ണുത്തിയിൽ പുതിയതായി സ്ഥാപിക്കപ്പെട്ട വെറ്ററിനറി കോളേജിൽ സതീർത്ഥ്യരായി മറ്റ് 71 പേർ. രണ്ടേ രണ്ടു വനിതകൾ മാത്രം. മൃഗരോഗചികിൽസയും സംരക്ഷണവും വിഷയങ്ങളാകയാൽ കായികക്ഷമതയ്ക്ക് അന്നാളുകളിൽ ഈ സാങ്കേതിക വിദ്യാഭ്യാസത്തിൽ മുൻഗണന നൽകിയിരുന്നു.

നാലു വർഷത്തെ കോഴ്സ് വിജയകരമായി പൂർത്തീകരിച്ച ഈ യുവാക്കൾ എല്ലാവരും തന്നെ സർക്കാർ മൃഗസംരക്ഷണവകുപ്പിൽ വെറ്ററിനറി സർജന്മാരായി സേവനം ആരംഭിച്ചു. ഡോക്ടർ എഡ്വേർഡ് കുടപ്പനക്കുന്നിലെ കന്നുകാലി ഫാമിലാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. അഭിരുചി പരീക്ഷയിൽ വിജയിയായതിനെ തുടർന്ന് ആരോഗ്യ വകുപ്പിലേയ്ക്ക് ഡെപ്യൂട്ടേഷൻ. അവിടെ അദ്ദേഹത്തെ കാത്തിരുന്നത് ഭാരിച്ച ഒരു ചരിത്ര നിയോഗമായിരുന്നു.

രണ്ടു പ്രതിരോധ മരുന്നുകളുടെ നിർമ്മിതി – ഒന്ന് ലക്ഷക്കണക്കിന് മനുഷ്യരുടെ കൂട്ടമരണത്തിന് കാരണമായ വസൂരിക്ക്; മറ്റേത് ബാധയേറ്റാൽ മരണം ഉറപ്പായ ജന്തുജന്യരോഗമായ റേബീസിന്. അന്നത്തെ സാഹചര്യത്തിൽ ലാബിൽ കൈകാര്യം ചെയ്യുന്നവർക്ക് പിടിപെടുവാൻ ഏറെ സാദ്ധ്യതയുള്ള മാരകരോഗങ്ങൾ. പുസ്തകങ്ങളിൽ നിന്ന് വായിച്ച് സ്വായത്തമാക്കിയ അറിവും, ചങ്കുറപ്പും മാത്രമായിരുന്നു എഡ്വേർഡ് ഡോക്ടറുടെ കൈമുതൽ. വാക്സിനേഷൻ സാങ്കേതിക വിദ്യയുടെ ഉപജ്ഞാതാവായ ജന്നറുടെ പേരുകാരനായത് രസമുള്ള യാദൃച്ഛികത. ഒരേയിടത്തുനിന്ന് മനുഷ്യർക്കും മൃഗങ്ങൾക്കും ആവശ്യമായ പ്രതിരോധ മരുന്നുൽപാദനത്തിനും രോഗനിർണ്ണയത്തിനും സാഹചര്യമൊരുക്കിയ ഏകാരോഗ്യ മാതൃകയായിരുന്നു അന്നത്തേത് എന്ന് നിസ്സംശയം പറയുവാൻ സാധിക്കും

മുപ്പതു വർഷത്തെ സേവന കാലത്തിനൊടുവിൽ 1987 ൽ അമേരിക്കൻ ഐക്യനാടുകളിലേയ്ക്ക് ചുവടു മാറ്റിയ എഡ്വേർഡ് ഡോക്ടർ തിരിച്ചെത്തുന്നത് 2004 ൽ. കൂടെ സർവ്വീസിലുണ്ടായിരുന്ന എല്ലാവരും കാലയവനികയുടെ പുറകിലേയ്ക്ക് നടന്നു മറയുമ്പോഴും തിരുവനന്തപുരത്ത് പ്ലാമൂടിനടുത്ത് തന്റെ കൊച്ചു ഭവനത്തിൽ നവതിയുടെ നിറവിൽ തികഞ്ഞ ആരോഗ്യത്തോടെ ഇതാ കേരളത്തിന്റെ സ്വന്തം ലൂയി പാസ്ച്ചർ.



# പക്ഷി മൃഗാദികളിലെ വാക്സിനേഷനുകളുടെ കാലിക പ്രസക്തി

കടപ്പാട് : ഡോ. ദിലീപ് ഫൽഗുനൻ

**ശ്രീ. സജീവ് ദിവാകരൻ**
മുൻ. ഫീൽഡ് ഓഫീസർ
LMTC, കുടപ്പനക്കുന്ന്
Ph : 9495594375

ജന്തു ജന്യ രോഗങ്ങളെക്കുറിച്ചു (zoo-notic diseases) സാധാരണ ജനങ്ങൾക്കുപോലും അറിയാൻ പറ്റുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം ജീവിക്കുന്നത്. ഈ സാഹചര്യത്തിൽ ഉയർന്നു വരേണ്ടുന്ന ഒരാശയമാണ് ഏകാരോഗ്യം. മനുഷ്യരുടെ നല്ല ആരോഗ്യത്തിനു ജന്തുക്കളുടെയും പക്ഷികളുടെയും ആരോഗ്യം കാത്തുസൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ജന്തുക്കളുടെയും പക്ഷികളുടെയും സമ്പർക്കം ഒഴിവാക്കിക്കൊണ്ട് മനുഷ്യന് ഈ ഭൂമിയിൽ ജീവിക്കാനാകില്ല.

ലോകാരോഗ്യ സംഘടനയുടെ ഏറ്റവും പുതിയ കണക്കനുസരിച്ചു ലോകത്ത് പുതുതായി കടന്നു കൂടുന്ന രോഗങ്ങളിൽ 60 ശതമാനവും ജന്തുജന്യ രോഗങ്ങൾ ആണെന്നുള്ളതാണ് വസ്തുത.

റാബീസ് ആന്ത്രാക്സ്, നിപ്പ, എബോള, പ്ളേഗ്, കുരങ്ങുപനി, പക്ഷിപ്പനി, ബ്രൂസല്ലോസിസ്, ക്ഷയം, സിക്ക തുടങ്ങിയവ പ്രധാനപ്പെട്ട ജന്തു-ജന്യ രോഗങ്ങൾ ആണ്. എടുത്തു പറയേണ്ട സംഗതി വൈറസ് മൂലമുണ്ടാകുന്ന ജന്തു-ജന്യ രോഗങ്ങൾക്ക് ചികിത്സയില്ല എന്നുള്ളതാണ്. കുറച്ചെങ്കിലും ഇത്തരം രോഗങ്ങളെ ചെറുക്കാനുള്ള ഏറ്റവും പ്രധാന മാർഗ്ഗം മനുഷ്യർക്കും വളർത്തു പക്ഷി മൃഗാദികൾക്കും നിലവിലുള്ള വാക്സിനുകൾ സമയ ബന്ധിതമായി എടുക്കുക എന്നുള്ളതാണ്.

ജന്തുക്കൾക്കും പക്ഷികൾക്കും ഉള്ള വാക്സിനുകളുടെ പ്രസക്തി വളരെ വലുതാണ്.അതിനെ ആരോഗ്യപരം, സാമ്പത്തികപരം, സാമൂഹ്യപരം വൈകാരികപരം എന്നിവ വഴി വിവരിക്കാവുന്നതാണ്.

### ആരോഗ്യപരം

നേരത്തേ സൂചിപ്പിച്ചതുപോലെ മിക്കവാറും ജന്തുജന്യ രോഗങ്ങൾക്കും മതിയായ ചികിത്സ ലഭ്യമല്ല. ജന്തുക്കളിലും പക്ഷികളിലും ഇത്തരം



കടപ്പാട് : ഡോ. ദിലീപ് ഫൽഗുനൻ

രോഗങ്ങൾ വരുന്നതുമൂലം ആരോഗ്യമുള്ള ജന്തുക്കളിലേക്കും പക്ഷികളിലേക്കും രോഗങ്ങൾ പകരാം. ചില രോഗങ്ങൾ മനുഷ്യരിലേക്കും പകരാം. സമയബന്ധിതമായി പക്ഷിമൃഗാതികൾക്ക് വാക്സിനേഷനുകൾഎടുക്കുകയാണെങ്കിൽ ഇത്തരം രോഗങ്ങൾ ഒരു പരിധിവരെ വരാതെ നോക്കാം. ചില രോഗാവസ്ഥയ്ക്ക് നൽകുന്ന മരുന്നുകൾ ഫലപ്രദമാവാതെ ഇരിക്കുകയും പാൽ, മുട്ട, മാംസം തുടങ്ങിയവ വഴി ഇത്തരം രാസവസ്തുക്കളുടെ സാന്നിധ്യം മനുഷ്യ ശരീരത്തിലെത്തുന്നതിനും മനുഷ്യന്റെ രോഗപ്രതിരോധ ശേഷിക്കുറവിനും 'സൂപ്പർബഗ്ഗ്' പ്രതിഭാസത്തിനും കാരണമാകാം.

### സാമ്പത്തികം

രോഗം ബാധിച്ച ശേഷം ഇത്തരം രോഗാവസ്ഥയ്ക്ക് ഫലപ്രദമായി ചികിത്സയില്ലാത്തതിനാൽ കർഷകന്റെ സാമ്പത്തിക സ്ഥിതിയെത്തന്നെ ദോഷകരമായി ബാധിക്കുന്നു.

### സാമൂഹികം

കാലാകാലങ്ങളിൽ വാക്സിനേഷൻ ക്യാമ്പയിനുകളിൽ എല്ലാ കർഷകരും അവരുടെ വളർത്തു ജന്തുക്കളെയും പക്ഷികളെയും പ്രധിരോധ കുത്തിവയ്പ്പിനു വിധേയമാക്കിയാൽ ജന്തുജന്യരോഗങ്ങളെ ഈ നാട്ടിൽ നിന്നും തുടച്ചു മാറ്റാൻ സാധിക്കും. പല കർഷകരും അജ്ഞത കൊണ്ടോ, താത്കാലിക ലാഭം നോക്കിയോ പലവിധ തെറ്റിദ്ധാരണകൾ മൂലമോ പ്രതിരോധ കുത്തിവയ്പ്പുകൾ, എടുപ്പിക്കാൻ വിമുഖത കാട്ടുന്നതായി കണ്ടിട്ടുണ്ട്. ഇത്തരം സമീപനങ്ങൾ മാറേണ്ടിയിരിക്കുന്നു.

### വൈകാരികം

ഓമനപ്പക്ഷികളെയും ജന്തുക്കളെയും പരിപാലിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ന് ഇവയുടെ ഉൽപ്പാദനവും വിപണനവും വളരെ നല്ല രീതിയിലാണ് നടക്കുന്നത്. ഇത്തരം അരുമമൃഗങ്ങൾക്കും പക്ഷികൾക്കും സമയബന്ധിതമായും കൃത്യമായും വാക്സിനുകൾ എടുക്കേണ്ടതാണ്. അങ്ങനെ ചെയ്യാത്തതുമൂലം പലപ്പോഴും ഇവയ്ക്കു ചികിത്സ ലഭ്യമല്ലാത്ത പല രോഗങ്ങൾ വരാനും അവ മരണപ്പെടാനും കാരണമാകുന്നു. കുടുംബത്തിലെ ഒരംഗത്തെപ്പോലെ വളർത്തപ്പെടുന്ന ഇവയുടെ അപ്രതീക്ഷിതമായ വേർപാട് കുടുംബാംഗങ്ങളെ മാനസിക സമ്മർദ്ദത്തിലേക്കു തള്ളി വിടുന്നു.

ചുരുക്കിപ്പറഞ്ഞാൽ വളർത്തു ജന്തുക്കളിലും പക്ഷികളിലും സമയബന്ധിതമായ രോഗപ്രതിരോധവൽക്കരണം നടത്തുകയെന്നത് ഈ മേഖലയിൽ വ്യാപരിക്കുന്ന ഓരോരുത്തരുടെയും കടമയാണ്. അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെട്ടാൽ വാക്സിനേഷനുകളെ കുറിച്ചുള്ള മാർഗ നിർദേശങ്ങൾ ലഭിക്കും.

# വേനൽക്കാല പരിചരണം




ഡോ.ഗോപകുമാർ. റ്റി
വെറ്ററിനറി സർജൻ (പബ്ലിക് റിലേഷൻസ്)
മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടറേറ്റ്
Ph : 9447892849




## കന്നുകാലികളുടെ വേനൽക്കാല പരിചരണം

കടപ്പാട് : ഡോ. ദിലീപ് ഫൽഗുനൻ

- തൊഴുത്തിൽ വായുസഞ്ചാരം ഉറപ്പാക്കണം. ഫാൻ സജ്ജീകരിക്കുന്നതു തൊഴുത്തിലെ ചൂട് കുറയ്ക്കാൻ സഹായകരമാവും.
- മേൽക്കൂരയ്ക്ക് മുകളിൽ പച്ചക്കറി പന്തൽ / തുള്ളി നന/ സ്പ്രിങ്ക്ളർ / നനച്ച ചാക്കിടുന്നത് ഉത്തമം.
- സൂര്യാഘാതം ഏറ്റവും കൂടുതൽ സംഭവിക്കാൻ സാധ്യതയുള്ള രാവിലെ 11 മണി മുതൽ വൈകിട്ട് 4 മണി വരെ പൊള്ളുന്ന വെയിലിൽ തുറസ്സായ സ്ഥലത്ത് മേയാൻ വിടുന്നത് ഒഴിവാക്കുക. ആയതിനാൽ 11 മണിക്ക് മുൻപും 4 മണിക്ക് ശേഷവും മാത്രം പശുക്കളെ മേയാൻ വിടുക.
- ശുദ്ധമായ തണുത്ത കുടിവെള്ളം ദിവസത്തിൽ എല്ലാ സമയവും ലഭ്യമായിരിക്കണം (കറവപശുക്കൾക്ക് 80-100 ലിറ്റർ വെള്ളം / ദിവസം)
- ധാരാളം പച്ചപ്പുല്ല് തീറ്റയായി ലഭ്യമാക്കണം.
- മികച്ച ഖരാഹാരം അഥവാ കാലിത്തീറ്റ രാവിലെയും വൈകിട്ടുമായും വൈക്കോൽ രാത്രിയിലുമായി പരിമിതപ്പെടുത്തുക.
- ചൂടും ഈർപ്പവും (ഹ്യുമിഡിറ്റി) കൂടിയ പകൽ സമയങ്ങളിൽ നനയ്ക്കുന്നത് മൂലം കന്നുകാലികളുടെ ശരീരം പെട്ടെന്ന് തണുക്കുകയും തുടർന്ന് ശരീരോഷ്മാവ് സ്വയം നിയന്ത്രിക്കുന്നതിലേക്കായി കുറച്ചു സമയത്തിന് ശേഷം ശരീരോഷ്മാവ് സ്വയം വർദ്ധിക്കുന്നതിനും മറ്റു അസ്വസ്ഥതകൾക്കും കാരണമാവും. ആയതിനാൽ താരതമ്യേന ചൂട് കുറഞ്ഞ രാവിലെയും വൈകീട്ടും മാത്രം കന്നുകാലികളെ നനയ്ക്കാൻ ശ്രദ്ധിക്കുക.
- കനത്ത ചൂട് മൂലം കന്നുകാലികളിൽ കൂടുതൽ ഉമിനീർ നഷ്ടപ്പെടുന്നത് കാരണം ദഹനക്കേടും വയറിളക്കവും ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ ധാതുലവണമിശ്രിതം, അപ്പക്കാരം, വിറ്റാമിൻ എ, ഉപ്പ്, പ്രോബയോട്ടിക്സ് എന്നിവ ഒരു ഡോക്ടറുടെ നിർദ്ദേശപ്രകാരം കറവപ്പശുക്കളുടെ തീറ്റയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- വേനൽ ചൂട് മൃഗങ്ങളുടെ ശരീര സമ്മർദ്ദം കൂട്ടുകയും പ്രതിരോധശേഷി കുറയ്ക്കുകയും ചെയ്യുന്നു. ചൂടുകാലത്തു ബാഹ്യ പരാദങ്ങളായ പട്ടുണ്ണി, ചെള്ള്, പേൻ, ഈച്ച തുടങ്ങിയവ പെറ്റുപെരുകുന്ന സമയമായതിനാൽ അവ പരത്തുന്ന മാരകരോഗങ്ങളായ തൈലേറിയാസിസ്, അനാപ്ലാസ്മോസിസ്, ബബീസിയോസിസ് എന്നിവ കൂടുതലായി കണ്ടു വരുന്നു. ആയതിനാൽ ചൂട് കാലത്തു ഇത്തരം ബാഹ്യപരാദങ്ങളെ നിയന്ത്രിക്കുന്നതിനുള്ള മുൻകരുതൽ കൂടി കർഷകർ സ്വീകരിക്കേണ്ടതാണ്.

- ബാക്ടീരിയ പരത്തുന്ന അകിടുവീക്കം വേനൽക്കാലത്തു സാധാരണ കണ്ടുവരുന്ന അസുഖമാണ്. ആയതു നിയന്ത്രിക്കുന്നതിന് കറവയുള്ള മൃഗങ്ങളുടെ അകിടിൽ നിന്നും പാൽ പൂർണമായി കറന്ന് ഒഴിവാക്കേണ്ടതും ചൂട് കുറഞ്ഞ രാവിലെയും വൈകീട്ടുമായി കറവ ക്രമീകരിക്കേണ്ടതുമാണ്.
- കൃഷിപ്പണിക്കുപയോഗിക്കുന്ന കന്നുകാലികളെ രാവിലെ 11 മണി മുതൽ വൈകീട്ട് 4 മണി വരെയുള്ള ചൂട് കൂടിയ സമയങ്ങളിൽ കൃഷിപ്പണിക്കായി നിയോഗിക്കരുത്.
- പ്രാദേശികമായി പുറപ്പെടുവിക്കുന്ന കാലാവസ്ഥ മുന്നറിയിപ്പുകൾ പാലിക്കുകയും മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണ്.

### സൂര്യാഘാതം ലക്ഷണങ്ങൾ

തളർച്ച, ഭക്ഷണം വേണ്ടായ്ക, പനി, വായിൽ നിന്നും നുരയും പതയും വരിക, വായ തുറന്ന ശ്വസനം , പൊള്ളിയ പാടുകൾ എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ തന്നെ വിദഗ്ദ്ധ ചികിത്സ തേടേണ്ടതാണ്.

### സൂര്യാഘാതമേറ്റാൽ ആദ്യം ചെയ്യേണ്ടത്

1. തണുത്ത വെള്ളം തുണിയിൽ മുക്കി ശരീരം നന്നായി തുടയ്ക്കുക.
2. കുടിക്കാൻ ധാരാളം വെള്ളം നൽകുക

### വേനൽക്കാലത്തു അരുമ മൃഗങ്ങളുടെ പരിപാലനം

- വളർത്തു മൃഗങ്ങൾക്ക് എല്ലായ്പ്പോഴും ശുദ്ധമായ തണുത്ത ജലം കുടിയ്ക്കാൻ പാകത്തിന് എല്ലാസമയത്തും ലഭ്യമാണെന്ന് ഉറപ്പാക്കുക.
- പകൽ സമയത്തു അടച്ചിട്ടതും വായു സഞ്ചാരമില്ലാത്തതുമായ മുറികളിൽ അരുമമൃഗങ്ങളെ പാർപ്പിക്കരുത്.



- ഫാനുകളോ എയർ കൂളറുകളോ ഉള്ള മുറികളിൽ പകൽ സമയങ്ങളിൽ അരുമ മൃഗങ്ങളെ പാർപ്പിക്കുന്നതു അഭികാമ്യം ആയിരിക്കും.
- രോമം കൂടിയ ഇനത്തിൽ പെട്ട അരുമ മൃഗങ്ങളെ വേനൽക്കാലത്തു ഗ്രൂമിംഗിന് വിധേയമാക്കി അവയുടെ രോമക്കെട്ടുകളുടെ അളവു കുറയ്ക്കുന്നത് ചൂട് കുറയ്ക്കുന്നതിന് സഹായകരമാകും.
- കോൺക്രീറ്റ്/ ടിൻ ഷീറ്റുകൊണ്ടുള്ള കൂടുകളുടെ മേൽക്കൂരകളിൽ നനഞ്ഞ ചണം ചാക്ക് വിരിക്കുന്നതും ഇടയ്ക്കിടയ്ക്ക് ചാക്കിൽ വെള്ളം തളിക്കുന്നതും കൂടുകളിൽ ചൂട് കുറയ്ക്കുന്നതിന് സഹായകരമായിരിക്കും.
- രാവിലെ ഒൻപതു മണി മുതൽ വൈകീട്ട് നാല് മണി വരെയുള്ള സൂര്യപ്രകാശത്തിനു ചൂട് വളരെ കൂടുതലായതിനാൽ അവയെ പാർപ്പിച്ചിരിക്കുന്ന കൂടുകളിൽ നേരിട്ട് സൂര്യപ്രകാശം പതിയ്ക്കാതിരിക്കാൻ ശ്രദ്ധിക്കുക.
- ശുദ്ധമായ കുടിവെള്ളത്തോടൊപ്പം വിറ്റാമിൻ തുള്ളിമരുന്നുകൾ നൽകുന്നത് ചൂടുകാലത്തു ഓമന മൃഗങ്ങൾക്കുണ്ടാകുന്ന അസുഖങ്ങൾക്ക് പ്രതിരോധം തീർക്കാൻ സഹായകരമായിരിക്കും
- ചൂടുകാലത്തു ബാഹ്യ പരാദങ്ങൾ പെറ്റു പെരുകുന്ന സമയമായതിനാൽ ബാഹ്യ പരാദങ്ങളെ നിയന്ത്രിക്കുന്നതിനുള്ള മുൻകരുതൽ കൂടി അരുമ മൃഗങ്ങളുടെ ഉടമസ്ഥർ സ്വീകരിക്കേണ്ടതാണ്.
- ചൂട് കൂടിയ ഉച്ച സമയങ്ങളിൽ ആഹാരം നൽകാതെ ചൂട്കുറവുള്ള സമയങ്ങളിൽ പ്രത്യേകിച്ച് രാവിലെയും വൈകീട്ടും പല നേരങ്ങളിലായി എളുപ്പം ദഹിക്കുന്ന ആഹാരം നൽകുന്നതാണ് നല്ലത്.
- അടച്ചിട്ട കാറുകളിൽ അരുമ മൃഗങ്ങളെ ഒറ്റക്കാക്കി ഉടമസ്ഥർ പുറത്തുപോകരുത് .
- വളർത്തു മൃഗങ്ങളുമായുള്ള വാഹനത്തിലെ യാത്രകൾ കഴിവതും രാവിലെയും വൈകിട്ടുമായി ക്രമീകരിക്കേണ്ടതാണ്.
- യാത്രകളുടെ ഇടവേളകളിൽ ശുദ്ധമായ കുടിവെള്ളം നൽകേണ്ടതാണ്.
- ചൂട് കൂടിയ പകൽ സമയങ്ങളിൽ റോഡിലോ കോൺക്രീറ്റ് നടപ്പാതയിലോ അരുമ മൃഗങ്ങളെ നടത്തരുത്.
- ചൂട് കുറഞ്ഞ രാവിലെയും വൈകീട്ടും മാത്രം അരുമ മൃഗങ്ങളെ നടത്താനും വ്യായാമത്തിനും കൊണ്ട് പോകാൻ ശ്രദ്ധിക്കേണ്ടതാണ്.

### സൂര്യാഘാതത്തിന്റെ ലക്ഷണങ്ങൾ

- ശരീരോഷ്മാവ് വർധിക്കുക
- അമിതമായ ശ്വാസോച്ഛ്വാസം
- സാധാരണ ഗതിയിലും കൂടുതലായി ഉമിനീർ കാണുക
- വിറയൽ
- തളർന്നു വീഴുക
- ആഹാരം കഴിയ്ക്കാതിരിക്കുക
- ക്ഷീണം
- ഛർദി

### സൂര്യാഘാതമേറ്റാൽ ആദ്യം ചെയ്യേണ്ടത്

1. സൂര്യാഘാതമേറ്റാൽ ഉടൻ തന്നെ തണലുള്ള സ്ഥലത്തേക്ക് മാറ്റുക .
2. തണുത്ത വെള്ളം തുണിയിൽ മുക്കി ശരീരം നന്നായി തുടയ്ക്കുക.
3. കുടിക്കാൻ തണുത്ത വെള്ളം നൽകുക.
4. ഉടൻ തന്നെ വിദഗ്ദ്ധ ചികിത്സ തേടുക.

### ഓമന പക്ഷികളുടെ പരിപാലനം വേനൽക്കാലത്ത്

- വളർത്തു മൃഗങ്ങൾക്കും/പക്ഷികൾക്കും എല്ലായ്പ്പോഴും ശുദ്ധമായ തണുത്ത ജലം അവയ്ക്ക് കുടിക്കാൻ പാകത്തിന് എല്ലാസമയത്തും ലഭ്യമാണെന്ന് ഉറപ്പാക്കുക.
- ഓമന പക്ഷികൾക്ക് കൂടിനകത്ത് പല സ്ഥലങ്ങളിലായി പരന്നതും ആഴമില്ലാത്തതുമായ പാത്രങ്ങളിൽ ശുദ്ധ ജലം നൽകുക വഴി അവയ്ക്കു തല മുങ്ങി കുളിക്കുന്നതിനും വെള്ളം കുടിക്കുന്നതിനും സൗകര്യപ്രദമായിരിക്കും. ചൂടുള്ള സമയങ്ങളിൽ അവയുടെ ശരീരം തണുപ്പിക്കുവാൻ ഇത് സഹായകരമായിരിക്കും.
- രാവിലെ ഒൻപതു മണി മുതൽ വൈകീട്ട് നാല് മണി വരെയുള്ള സൂര്യപ്രകാശത്തിനു ചൂട് വളരെ കൂടുതലായതിനാൽ അവയെ പാർപ്പിച്ചിരിക്കുന്ന കൂടുകളിൽ നേരിട്ട് സൂര്യപ്രകാശം പതിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക.



- സൂര്യപ്രകാശം വീഴാതെ തണൽ ഒരുക്കുമ്പോൾ കൂട്ടിനകത്തുള്ള വായുസഞ്ചാരം തടസ്സപെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
- കൂടുകൾ നേരിട്ട് സൂര്യപ്രകാശം നേരിട്ട് ഏൽക്കാത്ത സ്ഥലങ്ങളിലും നല്ല വായു സഞ്ചാരമുള്ള സ്ഥലങ്ങളിലും സജ്ജീകരിക്കേണ്ടതാണ്.
- ശുദ്ധമായ കുടിവെള്ളത്തോടൊപ്പം വിറ്റാമിൻ തുള്ളിമരുന്നുകൾ ആഴ്ചയിൽ രണ്ടു തവണയെങ്കിലും നൽകുന്നത് ചൂടുകാലത്തു ഓമനപക്ഷികൾക്കുണ്ടാകുന്ന അസുഖങ്ങൾക്ക് പ്രതിരോധം തീർക്കാൻ സഹായകരമായിരിക്കും.
- വീടിനുചുറ്റും ഉള്ള തണൽ മരങ്ങൾക്കു സമീപം ഓമനപക്ഷികളുടെ കൂടുകൾ സജ്ജീകരിക്കാവുന്നതാണ്.
- ഫ്ളാറ്റുകളിൽ ബാൽക്കണിക്ക് സമീപം കൂടുകൾ സജ്ജീകരിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നല്ലതുപോലെ വായുസഞ്ചാരം ഉള്ള മുറികളിൽ കൂടുകൾ ക്രമീകരിക്കുക.
- അടയിരിക്കുന്നതോ മുട്ട വിരിഞ്ഞിറങ്ങിയ പക്ഷിക്കുഞ്ഞുങ്ങൾ ഉള്ളതോ ആയ കൂടുകൾ ഒരു കാരണവശാലും ചൂട് കൂടിയ സ്ഥലങ്ങളിൽ ക്രമീകരിക്കരുത്.
- ശുദ്ധമായ കുടിവെള്ളത്തോടൊപ്പം തുളസിയില പോലെ ഔഷധ ഗുണമുള്ള ഇലകൾ വേനൽക്കാലത്തു നൽകുന്നത് ദഹനസംബന്ധിയായ അസുഖങ്ങൾ കുറയ്ക്കുന്നതിന് നല്ലതാണ്.
- തുറന്നു വിട്ടു വളർത്തുന്ന ഓമനപക്ഷികളുടെ കുടിവെള്ള/തീറ്റ പാത്രങ്ങൾ നല്ല തണലുള്ള ഭാഗങ്ങളിൽ മാത്രം സജീകരിക്കുക.
- ഈർപ്പം/ആർദ്രത കൂടിയ കേരളത്തിലെ കാലാവസ്ഥയിൽ എയർ കൂളർ പോലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നത് പക്ഷികളിൽ പൂപ്പൽ രോഗബാധയ്ക്ക് കാരണമാകും.
- ചൂട് കൂടിയ ഉച്ച സമയങ്ങളിൽ ആഹാരം നൽകാതെ ചൂട്കുറവുള്ള സമയങ്ങളിൽ പ്രത്യേകിച്ച് രാവിലെയും വൈകീട്ടും പല നേരങ്ങളിലായി എളുപ്പം ദഹിക്കുന്ന ആഹാരം നൽകുന്നതാണ് നല്ലത്.

- ഭക്ഷണ അവശിഷ്ടങ്ങൾ ഉടൻ തന്നെ കൂട്ടിനകത്തു നിന്നും നീക്കം ചെയ്യുക. ചൂട് സമയത്ത് ഇവ പെട്ടെന്ന് കേടാവുകയും അവ വീണ്ടും ഭക്ഷിച്ചാൽ അണുബാധയേൽക്കാനുള്ള സാധ്യത വളരെയധികം ആണ്.
- ടിൻ ഷീറ്റുകൊണ്ടു മേഞ്ഞ കൂടുകളിൽ ഷീറ്റിനു മുകളിൽ നനഞ്ഞ ചണം ചാക്ക് വിരിക്കുന്നത് ചൂട് കുറയ്ക്കുന്നതിന് സഹായിക്കും.
- ഓമന പക്ഷികളുടെ ആഹാരത്തിൽ ജലാംശം കൂടുതലടങ്ങിയ പഴവർഗ്ഗങ്ങളും പച്ചക്കറികളും ഉൾപ്പെടുത്തണം.
- ചൂട് കാലത്തു അണുക്കൾ പെറ്റുപെരുകാൻ സാധ്യതയുള്ളതിനാൽ ഇടയ്ക്കിടയ്ക്ക് കൂടുകൾ വൃത്തിയാക്കേണ്ടതാണ്.
- അരുമകളായ പക്ഷികളെ കാറിൽ അടച്ചിട്ട് ഉടമസ്ഥർ പോകുന്നത് സൂര്യാഘാതത്തിനിടയാക്കും.
- വളർത്തു പക്ഷികളുമായുള്ള വാഹനത്തിലെ യാത്രകൾ രാവിലെയും വൈകിട്ടുമായി ക്രമീകരിക്കേണ്ടതാണ്.

### അടുക്കള മുറ്റത്തെ കോഴികളുടെ പരിപാലനം വേനൽക്കാലത്ത്

- രാവിലെ ഒൻപതു മണി മുതൽ വൈകീട്ട് നാല് മണി വരെയുള്ള സൂര്യപ്രകാശത്തിനു ചൂട് വളരെ കൂടുതലായതിനാൽ അവയെ പാർപ്പിച്ചിരിക്കുന്ന കൂടുകളിൽ നേരിട്ട് സൂര്യപ്രകാശം പതിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക.
- കൂടുകൾ നേരിട്ട് സൂര്യപ്രകാശം നേരിട്ട് ഏൽക്കാത്ത സ്ഥലങ്ങളിലും നല്ല വായു സഞ്ചാരമുള്ള സ്ഥലങ്ങളിലും സജ്ജീകരിക്കേണ്ടതാണ്.
- വീടിനുചുറ്റും ഉള്ള തണൽ മരങ്ങൾക്കു സമീപം പക്ഷികളുടെ കൂടുകൾ സജ്ജീകരിക്കാവുന്നതാണ്.
- അനുവദനീയമായ വളരെ ചെറിയ കൂടുകളിൽ കൂടുതൽ കോഴികളെ ഒരുമിച്ചു വളർത്തുന്നത് കൂടിനുള്ളിൽ ചൂട് വർധിക്കാൻ കാരണമാകും.
- കൂട് മൊത്തം ചുവരുകൾകൊണ്ട് കെട്ടി അടയ്ക്കാതെ കൂടിന്റെ നാല് വശവും നല്ല ബലമുള്ള കമ്പി അഴികൾ ഉറപ്പിച്ചു കൂടിനുള്ളിൽ വായുസഞ്ചാരം ഉറപ്പാക്കേണ്ടതാണ്.
- കൂടിന്റെ മേൽക്കൂരയിൽ നനഞ്ഞ ചണം ചാക്ക് വിരിക്കുന്നത് ചൂട് കുറയ്ക്കുന്നതിന് സഹായിക്കും.
- ശുദ്ധമായ തണുത്ത ജലം പക്ഷികൾക്ക് കുടിക്കാൻ പാകത്തിന് എല്ലാസമയത്തും ലഭ്യമാണെന്ന് ഉറപ്പാക്കുക.
- തുറന്നു വിട്ടു വളർത്തുന്ന പക്ഷികളുടെ കുടിവെള്ള/തീറ്റ പാത്രങ്ങൾ നല്ല തണലുള്ള ഭാഗങ്ങളിൽ മാത്രം സജീകരിക്കുക.
- ഒത്തിരിയധികം പക്ഷികൾ ഉള്ള സാഹചര്യത്തിൽ കൂടുതൽ കുടിവെള്ള/തീറ്റ പാത്രങ്ങൾ പല സ്ഥലങ്ങളിലായി സജ്ജീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- ബേസിൻ പോലുള്ള പാത്രങ്ങളിൽ പല സ്ഥലങ്ങളിലായി ശുദ്ധ ജലം നൽകുക വഴി അവയ്ക്കു തല മുങ്ങി കുളിക്കുന്നതിനും വെള്ളം കുടിക്കുന്നതിനും സൗകര്യപ്രദമായിരിക്കും. ചൂടുള്ള സമയങ്ങളിൽ അവയുടെ ശരീരം തണുപ്പിക്കുവാൻ ഇത് സഹായകരമായിരിക്കും.
- ചൂട് കൂടിയ പകൽ സമയങ്ങളിൽ ആഹാരം നൽകാതെ ചൂട്കുറവുള്ള സമയങ്ങളിൽ പ്രത്യേകിച്ച് രാവിലെയും വൈകീട്ടും ആയി ക്രമീകരിക്കേണ്ടതാണ്.
- ധാതുലവണ മിശ്രിതങ്ങളും വിറ്റാമിൻ തുള്ളിമരുന്നുകളും അപ്പക്കാരവും വെള്ളത്തിലൂടെയോ തീറ്റയിലൂടെയോ നൽകുന്നത് ശരീരത്തിലെ നിർജ്ജലീകരണം കുറയ്ക്കുന്നതിനും രോഗപ്രതിരോധ ശക്തി വർധിപ്പിക്കുന്നതിനും മുട്ടയുൽപ്പാദനം കുറയുന്നത് തടയാനും സഹായിക്കും.
- വേനൽക്കാലത്തു കോഴിത്തീറ്റയോടൊപ്പം പാമോയിൽ/തവിടെണ്ണ ചേർത്ത് നൽകുന്നത് മുട്ടയുൽപ്പാദനം കുറയുന്നത് തടയാൻ സഹായിക്കും.
- ഉച്ചകഴിഞ്ഞുള്ള സമയങ്ങളിൽ (12 മണിമുതൽ 4 മണി വരെ) ആണ് ചൂട് കൂടുന്നതുമൂലമുള്ള ലക്ഷണങ്ങൾ കാണുന്നത്. അമിതമായി അണയ്ക്കുക , തളർച്ച, കുഴഞ്ഞുവീഴുക, ക്ഷീണം, തീറ്റയെടുക്കാതിരിക്കുക തുടങ്ങിയവയാണ് പ്രധാന ലക്ഷണങ്ങൾ. കുഴഞ്ഞു വീഴുന്ന അവസരങ്ങളിൽ തണുത്ത വെള്ളം ശരീരത്തിൽ തളിക്കുന്നത് മരണത്തിൽ നിന്നും രക്ഷപ്പെടുത്തുവാൻ സഹായിക്കും.
- മുഴുവൻ സമയവും കൂടുകളിൽ ഇട്ടു വളർത്തുന്ന കോഴികളുടെ എണ്ണം പരിമിതപ്പെടുത്തുകയോ കൂടുതൽ ഉള്ളവയെ മറ്റു കൂടുകളിലേക്ക് മാറ്റിയോ ചൂടിന്റെ കാഠിന്യം കുറയ്ക്കാൻ സാധിക്കും.

# സുനന്ദിനി ചരിത്രം നാൾവഴിയിലൂടെ



> കേരളത്തിലെ കാലാവസ്ഥയ്ക്ക് ചേരുന്ന കേരളത്തിന്റെ സ്വന്തം സങ്കരയിനം പശുക്കളെ സുനന്ദിനി എന്ന് വിളിക്കുന്നതിൽ തെറ്റില്ല ഇതിൽ ബ്രൗൺസ്വിസ്സ് ജേഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ എന്നീ വിദേശിയിനങ്ങളുടെയും, നാടൻ പശുക്കളുടേയും നല്ല ഗുണങ്ങൾ ഉണ്ടായിരിക്കും.

**ഡോ. സി.കെ. ഷാജു**
മുൻ. ഡെപ്യൂട്ടി ഡയറക്ടർ
അനിമൽ ഹസ്ബെന്ററി ഡിപ്പാർട്ടുമെന്റ്
എറണാകുളം, കേരളം

ലോകത്തിലെ കാലിസമ്പത്തിന്റെ അഞ്ചിൽ ഒന്ന് ഇന്ത്യയിലാണ് അവയിൽ ഭൂരിഭാഗവും പാലുൽപ്പാദനത്തിൽ പിന്നിലായിരുന്നു ഇന്ത്യയിലെ നല്ല പാലുൽപ്പാദന ശേഷിയുള്ള ഗവ്യ ഇനങ്ങൾ സിന്ധി, സഹിവാൾ, ഗിർ, റാത്തി ഓംഗോൾ, താർപാർക്കർ, കാങ്ക്റേജ് എന്നിവയാണ്. കേരളത്തിന് പാൽ കൂടുതൽ തരുന്ന ഒരു ഗവ്യ ജനുസ്സ് ഇല്ലായിരുന്നു. കേരളത്തിലെ നാടൻ പശുക്കൾ പാലുൽപ്പാദന ശേഷിയിൽ തീരെ പിന്നിലാണ്. നല്ല സംരക്ഷണം നൽകിയാൽ തന്നെ ഒരു കറവ കാലമായ 305 ദിവസം നൽകുന്നത് ശരാശരി 500 ലിറ്റർ പാലാണ് ( ദിവസം 2 ലിറ്ററിൽ താഴെ മാത്രം). പാലുൽപ്പാദനം കുറവാണെങ്കിലും ചൂട് സഹിക്കാനുള്ള കഴിവ്, രോഗ പ്രതിരോധശേഷി, അത്യുഷ്ണവും അതിശൈത്യവും, അതിവർഷവും സഹിക്കാനുള്ള  കഴിവ് എന്നിവ നാടൻ പശുക്കളുടെ പ്രത്യേകതകളാണ്. യൂറോപ്പിലെ കർഷകർ ഉപയോഗിക്കുന്ന ജേഴ്സി, ബ്രൗൺസ്വിസ്സ്, ഹോൾസ്റ്റീൻ ഫ്രീഷ്യൻ എന്നിവ പാലുൽപ്പാദന ശേഷി കൂടിയ വർഗ്ഗങ്ങളാണ്. പാലുൽപ്പാദനം കൂടിയ വിദേശ ഇനം കാളകളുടെ ബീജം നാടൻ പശുക്കളുടെ ഗർഭപാത്രത്തിൽ നിക്ഷേപിച്ച് ഉണ്ടാക്കിയ കന്നുകാലികളാണ് സങ്കരയിനം പശുക്കൾ. ഇന്ത്യയിലെ മികച്ച ഗവ്യ ജനുസ്സായ സിന്ധി കാളകളുടെ ബീജം ഉപയോഗിച്ച് നാടൻ പശുക്കളുടെ വർഗ്ഗത്തെ മെച്ചപ്പെടുത്തുന്ന രീതി 1950 കളിൽ നടന്നു ഇതാണ് കീ വില്ലേജ് പരിപാടി ദേശീയ വികസന ബ്ലോക്കുകളിൽ സിന്ധി



കാളകളെ കൊണ്ടുവന്നത് അന്നൊരു വിശേഷ കാഴ്ച്ചയായിരുന്നു ഈ സിന്ധി കാളകളെ നാടൻ പശുക്കളുമായി ഇണചേർപ്പിച്ച് പുതിയ ഒരു ശ്രേഷ്ഠ ജാതി പശുക്കളെ ഉണ്ടാക്കിയെടുക്കുന്നതിൽ കന്നുകാലി വളർത്തുന്ന കർഷകർ അങ്ങേയറ്റം സഹകരിച്ചു. ഇളം ചുവപ്പ് നിറമുള്ള സിന്ധി പശുക്കൾ അങ്ങനെ സ്വാതന്ത്ര്യലബ്ധിക്കു ശേഷം കേരളത്തിൽ വന്നെത്തി. സിന്ധി പശുക്കൾക്ക് ഒരു ദോഷമുണ്ടായിരുന്നു. നല്ല വലിപ്പമുണ്ട്, നന്നായി തീറ്റ തിന്നും, പക്ഷെ അതിനനുസരിച്ച് പാൽ ഉല്പാദിപ്പിക്കുന്നില്ല. ഭൂപരിഷ്ക്കരണ നിയമങ്ങളിൽ പെട്ട് മേച്ചിൽ സ്ഥലങ്ങൾ ചുരുങ്ങി സിന്ധി പശുക്കൾ കർഷകർക്ക് ഭാരമായി.

### കുരിശുമലയിൽ നിന്നുള്ള ദർശനം

ഇക്കാലത്താണ് യൂറോപ്പിലെ പ്രസിദ്ധമായ ജേഴ്സി പശുക്കളെ വാഗമണ്ണിലെ കുരിശുമല ആശ്രമത്തിൽ വളർത്തിയിരുന്നത് ഫാദർ ഫ്രാൻസിസ് ആചാര്യ വാഗമണ്ണിലെ മലമുകളിൽ സ്ഥാപിച്ച കുരിശുമല ആശ്രമത്തിന്റെ പരിസരത്തുള്ള സാധാരണക്കാരുടെ ഉപജീവനത്തിനും ആശ്രമത്തിലെ ദൈനംദിന പ്രവർത്തനങ്ങൾക്കുമായി ജേഴ്സി ഇനത്തിൽപ്പെടുന്ന പശുക്കളെയും, വിത്തു കാളകളെയും വിദേശത്തു നിന്നും ഇറക്കുമതി ചെയ്ത് ഒരു ഡെയറി ഫാം തുടങ്ങി. നാടൻ പശുക്കളുടെ വർഗ്ഗോദ്ധാരണം ലക്ഷ്യമിട്ടു തുടങ്ങിയ ഡയറി ഫാം അക്കാലത്തെ ഇന്ത്യയിലെ സ്വിസ് അംബാസിഡർ കാണുവാനിടയായി. പിന്നീട് ഇന്ത്യയും സ്വിറ്റ്സർലാന്റ് സർക്കാരുമായി ഒരു സംയുക്ത പ്രോജക്ട് ഇടുക്കിയിൽ മൂന്നാറിനടുത്ത് മാട്ടുപ്പെട്ടിയിൽ 1963 ൽ ആരംഭിച്ചു. ഈ ഇൻഡോ സ്വിസ്സ് ഡയറി പ്രോജക്ടാണ് കേരളത്തിൽ ക്ഷീര വികസന പരിപാടിക്ക് തുടക്കം കുറിച്ചത്. വിത്തു കാളകളെ വളർത്തിയ അനുഭവത്തിൽ നിന്നും കൃത്രിമ ബീജാധാന പരിപാടിയെ കുറിച്ച് ചിന്തിച്ചു മാട്ടുപ്പെട്ടിയിലെ പ്രകൃതി രമണീയമായ അഞ്ഞൂറു ഏക്കർ വരുന്ന മലമടക്കിൽ സുന്ദരമായ മേച്ചിൽപുറവും പൈക്കളെ പാർപ്പിക്കാനുള്ള മേൽത്തരം തൊഴുത്തും രൂപകൽപ്പന ചെയ്തു.

പശുക്കൾക്ക് കഴിക്കാനുള്ള തീറ്റപ്പുൽ കൃഷി, വിത്തു മൂരികളിൽ നിന്നും ബീജം ശേഖരിക്കാനുള്ള സൗകര്യം, ബീജത്തിന്റെ ഗുണനിലവാരം നോക്കാനുള്ള ലാബുകൾ, ബീജം സൂക്ഷിക്കുന്നതിനുള്ള ദ്രവ നൈട്രജൻ (Liquid Nitrogen) ഉണ്ടാക്കുന്ന പ്ലാന്റ് എന്നിവ തുടങ്ങി. വിത്തു മൂരികളിൽ നിന്നും ശേഖരിക്കുന്ന ബീജ മാത്രകൾ ദീർഘകാലം ദ്രവ നൈട്രജനിൽ സൂക്ഷിച്ചു വെയ്ക്കാം. ഇതിന്റെ ഊഷ്മാവ് (-196) ഡിഗ്രി സെന്റിഗ്രേഡാണ്. വെള്ളം ഐസാകുന്നത് പൂജ്യം ഡിഗ്രിയിലാണ്. (-196) ഡിഗ്രി സെന്റിഗ്രേഡ് തണുപ്പിൽ ബീജ മാത്രകൾ എത്ര വർഷം വേണമെങ്കിലും സൂക്ഷിച്ചു വെയ്ക്കാം. ഇതാണ് ഗാഢ ശീതീകരണ പ്രക്രിയ. ദ്രവ നൈട്രജൻ സൂക്ഷിച്ചു വെയ്ക്കുന്നത് പ്രത്യേകതരം ഫ്ളാസ്ക്കുകളിലാണ്. ഇവയെ ക്രയോകാൻ (Cryocan) എന്നാണ് വിളിക്കുന്നത്. ***വിത്തു കാളകളുടെ ബീജം ശേഖരിച്ച് അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തി അവയെ ഗാഢ ശീതീകരണത്തിലൂടെ സൂക്ഷിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയെടുത്ത ഇന്ത്യയിലെ ആദ്യത്തെ കേന്ദ്രം മാട്ടുപ്പെട്ടിയിലാണത്രെ!*** മാട്ടുപ്പെട്ടിയിലെ ഫാമിലേയ്ക്ക് വേണ്ടി നല്ല രോഗപ്രതിരോധശേഷിയുള്ള 143 നാടൻ പശുക്കളെ കൊണ്ടുവന്നു. കേരളത്തിലെ മിതോഷ്ണ കാലാവസ്ഥക്ക് അനുകൂലവും രോഗപ്ര



തിരോധശേഷിയും പാലുൽപ്പാദന ശേഷിയും ഉള്ള ഒരു പുതിയ പശു വർഗ്ഗത്തെ ഉണ്ടാക്കിയെടുക്കുന്നതിനുള്ള ഒരു ശാസ്ത്രീയ മാർഗ്ഗത്തിന് തുടക്കം കുറിച്ചത് ഇൻഡോ സ്വിസ്സ് പ്രോജക്ടാണ്. ഇതിലേക്ക് പാലുൽപാദന ശേഷിയുള്ള വിദേശ വർഗ്ഗമായി അന്നു തിരഞ്ഞെടുത്തത് ബ്രൗൺസ്വിസ് പശുക്കളെയായിരുന്നു. സ്വിറ്റ്സർലാന്റിന്റെ സ്വന്തം ഗവ്യ ജനുസ്സാണ് (milch breed) ബ്രൗൺ സ്വിസ്സ് (Brown Swiss). കേരളത്തിലെ പ്രത്യേകിച്ച് മലയോര മേഖലയ്ക്ക് പറ്റിയതും, കാളക്കിടാങ്ങളെ മാംസ ഉപയോഗത്തിന് ഉപയോഗപ്പെടുത്താനും കഴിയുന്നതിനാലാകും ബ്രൗൺ സ്വിസ്സിനെ അന്ന് തിരഞ്ഞെടുത്തത്. പ്രാരംഭമായി 22 ബ്രൗൺസ്വിസ്സ് കാളകളും 46 പശുക്കളെയും പ്രോജക്ടിനാവശ്യമായ എണ്ണം ബ്രൗൺസ്വിസ്സ് ഗാഢ ശീതീകരിച്ച ബീജ മാത്രകളും സ്വിറ്റ്സർലാന്റിൽ നിന്നും മാട്ടുപ്പെട്ടിയിലേക്ക് ഇറക്കുമതി ചെയ്തു. കേരളത്തിലെ സാധാരണ കർഷകന്റെ വീട്ടുവളപ്പിൽ നിറുത്തി പോറ്റുവാൻ തരത്തിലുള്ളതും, സൗകര്യപ്രദമായി കൈകാര്യം ചെയ്യുവാൻ സാധിക്കുന്നതുമായ ഒരു പശു വർഗ്ഗത്തെ ഉണ്ടാക്കിയെടുക്കുക എന്നതായിരുന്നു ഉദ്ദേശം.



ഇതിനായി 1963 മുതൽ മാട്ടുപ്പെട്ടിയിൽ നടത്തിയ ഗവേഷണങ്ങളിൽ മൃഗ ശാസ്ത്രജ്ഞന്മാർ വ്യാപൃതരായി. 'മാട്ടുപ്പെട്ടിയിലെ നാടൻ പശുക്കളെ ബ്രൗൺസ്വിസ് വിത്തുകാളകളുടെ ബീജം ഉപയോഗിച്ച് ഉണ്ടാക്കിയ ആദ്യ തലമുറയിൽപ്പെടുന്ന സങ്കരയിനം പശുക്കൾക്ക് അമ്പരപ്പിക്കുന്ന പാലുൽപ്പാ



ദനം ലഭിച്ചു. ഇതിനു കാരണം സങ്കര വീര്യമാണ്. (Hybrid Vigour) മലയോര മേഖലയിൽ പ്രാരംഭ ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ കൃത്രിമ ബീജാധാന സൗകര്യങ്ങൾ ലഭ്യമാക്കുകയും, പുത്തൻ ആശയങ്ങളെ പറ്റി കർഷകരിൽ ബോധവൽക്കരണം നടത്തി. വർഗ്ഗ സങ്കലനം വഴി (cross Breeding) പാലുൽപ്പാദനം കൂട്ടുക, തീറ്റപ്പുല്ല് ലഭ്യത കൂട്ടാനുള്ള പുൽ കൃഷി വ്യാപിപ്പിക്കുക എന്നീ രണ്ടു ലക്ഷ്യങ്ങൾ മുൻനിർത്തി കർഷകരുടെ ഇടയിൽ ബോധവൽക്കരണം നടത്തി സങ്കരയിനം പൈക്കിടാങ്ങളുടെ പശുക്കൾ പാലുൽപ്പാദനത്തിൽ ആയപ്പോൾ കർഷകർ കൃത്രിമ ബീജാധാന പരിപാടിയെ രണ്ടു കയ്യും നീട്ടി സ്വീകരിച്ചു. കേരളത്തിലെ ക്ഷീരോൽപ്പാദന രംഗത്തെ വിപ്ലവകരമായ മാറ്റത്തിനു തുടക്കമിട്ടത് മാട്ടുപ്പെട്ടിയിലെ ഇൻഡോ സ്വിസ് പ്രോജക്ടാണ്. നാടൻ പശുക്കളെ വിദേശയിനം (ബ്രൗൺസ്വിസ്സ്/ജേഴ്സി/ഹോൾ സ്റ്റീൻ ഫ്രീഷ്യൻ) വിത്തു കാളകളുടെ ബീജം ഉപയോഗിച്ച് ഉണ്ടാക്കിയ സങ്കരയിനത്തിന് വിദേശി പാരമ്പര്യം 50 ശതമാനവും നാടൻ സ്വഭാവം 50 ശതമാനവും ആയിരിക്കും. ഈ സങ്കരയിനത്തെ വീണ്ടും വിദേശയിനവുമായി ചേർത്ത് അടുത്ത തലമുറ ഉണ്ടാക്കിയാൽ വിദേശ സ്വഭാവം കൂടും ഒപ്പം നാടൻ സ്വഭാവം കുറയും. അതായത് മിതോഷ്ണ കാലാവസ്ഥയിൽ കഴിയാനുള്ള കഴിവും രോഗപ്രതിരോധ ശേഷിയും കുറയും. അതിനാൽ കന്നുകാലി പ്രജനനം (cattle breeding) സംബന്ധിച്ച് ഒരു നയം ഉണ്ടാക്കി. ഇന്ത്യയിൽ തന്നെ ഇത്തരം ഒരു നയം ആദ്യമായി ഉണ്ടാക്കിയ സംസ്ഥാനം കേരളമാണ്. ഈ നയം അനുസരിച്ച് പാലുൽപ്പാദന വർദ്ധനവിനായി ഹോൾ സ്റ്റീൻ ഫ്രീഷ്യൻ ഇനത്തേയും കൊണ്ടുവന്നു. ജേഴ്സി ഇനത്തെ വളരെ മുമ്പ് മുതൽ പ്രയോജനപ്പെടുത്തിയിരുന്നു. അങ്ങനെ ബ്രൗൺസ്വിസ്സ്, ഹോൾ സ്റ്റീൻ, ജേഴ്സി എന്നീ വിദേശ ജനുസ്സുകളുടെ അംശവും നാടൻ പശുക്കളുടെ ഗുണവും (50:50) പപ്പാതിവന്ന വിധം കേരളത്തിൽ സങ്കരയിനം പശുക്കൾ ഉണ്ടായി. കേരളത്തിലെ പശുക്കൾ ഇന്ന് 95 ശതമാനവും സങ്കരയിനം പശുക്കൾ ആയി തീർന്നിട്ടുണ്ട്. സങ്കരയിനം പശുക്കളെ വിളിക്കുന്ന ഓമനപ്പേരാണ് സുനന്ദിനി. നന്ദിനി എന്നാൽ പശു എന്നാണല്ലോ അർത്ഥം. സു എന്നാൽ ശരിയായ എന്നർത്ഥം ഒരർത്ഥത്തിൽ കേരളത്തിലെ കാലാവസ്ഥയ്ക്ക് ചേരുന്ന കേരളത്തിന്റെ സ്വന്തം സങ്കരയിനം പശുക്കളെ സുനന്ദിനി എന്ന് വിളിക്കുന്നതിൽ തെറ്റില്ല ഇതിൽ ബ്രൗൺസ്വിസ്സ് ജേഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ എന്നീ വിദേശയിനങ്ങളുടെയും, നാടൻ പശുക്കളുടേയും നല്ല ഗുണങ്ങൾ ഉണ്ടായിരിക്കും. പ്രജനന നയം കാലാകാലങ്ങളിൽ പരിശോധിച്ച് ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്താറുണ്ട്. സുനന്ദിനി ഒരു കറവയിൽ 3000 ലിറ്ററിൽ കുറയാതെ പാൽ തരാൻ കഴിവുള്ളവയാണ്. സുനന്ദിനി പശുക്കളുടെ പാലുല്പാദന ശേഷി പടിപടിയായി ഉയർത്തി കൊണ്ടുവരുന്നതിനു സാധിച്ചിട്ടുണ്ട്.

### പ്രോജനി ടെസ്റ്റിംഗ്

ഇതിനു സഹായിച്ചത് ബീജാധാനത്തിനുള്ള ബീജം ശേഖരിക്കുന്ന വിത്തു കാള





കളുടെ തിരഞ്ഞെടുപ്പിനു വേണ്ടി നടപ്പാക്കിയ പ്രോജനി ടെസ്റ്റിംഗ് പരിപാടിയിലൂടെയാണ് (സന്തതി പരിശോധന മാർഗ്ഗം) സുനന്ദിനിയുടെ പന്ത്രണ്ടാമത്തെ തലമുറയിലുള്ള ഇപ്പോഴത്തെ ശരാശരി പാലുല്പാദനശേഷി ഇന്നിപ്പോൾ 10 ലിറ്ററിലധികമാണ്. പഞ്ചാബിലിത് ഏതാണ്ട് 14 ലിറ്ററും ഗുജറാത്തിലെ സങ്കരയിനം പശുക്കളിലിത് 9 ലിറ്ററുമാണെന്നുമാണ് കേരളത്തിലെ കന്നുകാലി വർഗ്ഗോദ്ധാരണ പരിപാടിയുടെ ചുക്കാൻ പിടിച്ച പ്രമുഖ ശാസ്ത്രജ്ഞനും അന്താരാഷ്ട്ര കൺസൾട്ടന്റുമായ ഡോ.സി.ടി ചാക്കോ അഭിപ്രായപ്പെടുന്നത്. കേരളത്തിലെ ബീജാധാന കേന്ദ്രങ്ങളിലേക്ക് ആവശ്യമായ ബീജമാത്രകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നത് കേരള സംസ്ഥാന കന്നുകാലി വികസന ബോർഡാണ്. പഴയ ഇൻഡോ സ്വിസ്സ് പ്രോജക്ട് ഇന്ന് KLDബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന മാട്ടുപ്പെട്ടി (ഇടുക്കി) ധോണി (പാലക്കാട്), കുളത്തൂപ്പുഴ (കൊല്ലം) എന്നിവിടങ്ങളിൽ വിത്തുമൂരികളെ വളർത്തി ബീജശേഖരണം നടത്തി വരുന്നു. ഓരോ വിത്തു കാളകളിൽ നിന്നും ശേഖരിക്കുന്ന ബീജം പ്രാഥമിക പരിശോധന നടത്തും. ബീജം സൂക്ഷിച്ചു വെയ്ക്കുന്നതിനുള്ള മരുന്നു ലായകങ്ങൾ ചേർത്ത് അവയെ കാൽമില്ലി (0.25 ml) ശേഷിയുള്ള സ്ട്രോയിലാക്കി 196°C തണുപ്പുള്ള ദ്രവ നൈട്രജനിൽ ഗാഢ ശീതീകരിച്ച് സൂക്ഷിച്ചു വെക്കുന്നു. ഓരോ ബീജ മാത്ര അടങ്ങിയ സ്ട്രോയിലും, വിത്തു കാളയുടെ നമ്പർ, പേര്, വിത്തുകാള ഫാമിന്റെ പേര്, ബീജം ശേഖരിച്ച വർഷം എന്നിവ രേഖപ്പെടുത്തിവെച്ചിരിക്കും വിത്തുകാള കേന്ദ്രങ്ങളിൽ ഉണ്ടാക്കുന്ന ബീജ മാത്രകൾ ദ്രവ നൈട്രജൻ ശേഖരണിയിൽ സൂക്ഷിച്ചുവെയ്ക്കുന്നത്. പ്രാദേശിക ബീജ ബാങ്കുകളിലേക്ക് (Regional semen Bank) ലേക്ക് മാറ്റുന്നു. രണ്ടു ജില്ലകൾക്ക് ഒന്ന് എന്ന തോതിൽ കേരളത്തിൽ 7 പ്രാദേശിക സെമൻ ബാങ്കുകൾ പ്രവർത്തിക്കുന്നു. അവ കുളത്തൂപ്പുഴ, മാവേലിക്കര, മൂവാറ്റുപുഴ, ചാലക്കുടി, ധോണി, പുതുപ്പാടി കണ്ണൂർ എന്നിവിടങ്ങളിലാണ്. ഇവിടെ നിന്നുമാണ് ബീജ മാത്രകൾ സംസ്ഥാനത്തിന്റെ വിവിധ ബീജാധാന കേന്ദ്രങ്ങളിലേക്ക് അയയ്ക്കുന്നത്.







### കൃത്രിമബീജസങ്കലന കേന്ദ്രങ്ങൾ

ഇവ പ്രധാനമായും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി കളും, വെറ്ററിനറി സബ് സെൻററുകളുമാണ് (85%). ശേഷിക്കുന്നവ മിൽമ, ക്ഷീര വികസന വകുപ്പ്, സ്വകാര്യ ഏജൻസികൾ തുടങ്ങിയ വയുടെ കീഴിലും ഓരോ സെൻററിനും ആവ ശ്യമായ ബീജമാത്രകളും (semen straws) അത് സൂക്ഷിക്കാനുള്ള നൈട്രജൻ ദ്രാവക വും (liquid Nitrogen) മുന്നാഴ്ച്ച ഇടവിട്ട് കൃത്യമായി എത്തിക്കുന്നത് 7 പ്രാദേശിക ബീജ ബാങ്കിൽ നിന്നാണ്. ഇന്ത്യയിൽ ഏറ്റ വും കൂടുതൽ കൃത്രിമ ബീജാധാന സൗകര്യം ഉള്ള സംസ്ഥാനം കേരളമാണ്. ഏതാണ്ട് ***മൂവാ യിരത്തോളം കൃത്രിമ ബീജാധാന കേന്ദ്രങ്ങ ളാണ് കേരളത്തിലുള്ളത്.*** ആയിരത്തോളം പ്രജനന യോഗ്യമായ പശുക്കൾക്ക് ഒരു ബീജാധാന സൗകര്യ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ***എല്ലാ പഞ്ചായത്തിലും മൃഗചികിത്സയ്ക്കായി മൃഗാശുപത്രിയും, ഒന്നിലധികം ബീജാധാന കേന്ദ്രവും കേരളത്തിന്റെ മാത്രം പ്രത്യേകത യാണ്.*** നാടൻ പശുക്കളുടെ ബീജവും വെച്ചൂർ, കാസർഗോഡ് കുള്ളൻ, ഗിർ സാഹിവാൾ എന്നിങ്ങനെ ഇന്ത്യൻ ജനുസ്സുകളുടെ ബീജ വും ആവശ്യമുള്ള കർഷകർക്ക് ലഭ്യമാക്കുന്നു. നാടൻ കന്നുകാലികളുടെ സംരക്ഷണം ലക്ഷ്യമിട്ട് തൃശൂർ പുത്തൂരിൽ ഒരു ഫാം പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ നാടൻ പശുക്കളെ വളർത്തുകയും സംരക്ഷിക്കു കയും ചെയ്യുന്ന നിരവധി കർഷകരുണ്ട്. അവ രുടെ ആവശ്യങ്ങൾ നിറവേറുന്നതിന് വേണ്ടി ഇന്ത്യൻ ജനുസ്സുകളുടെ വ്യാപനത്തിനും സം രക്ഷണത്തിനുമായി കെ.എൽ.ഡി ബോർഡ് ശ്രദ്ധ ചെലുത്തുന്നു.

വിവരങ്ങൾക്ക് കടപ്പാട്

**Dr.സി.ടി ചാക്കോ ചാത്തനാട്ട് കളമ്പൂർ**
പിറവം

സുനന്ദിനി കന്നുകാലി വർഗ്ഗത്തെ ഉണ്ടാക്കുന്ന തിൽ പ്രമുഖ പങ്കുവഹിച്ച ഇന്ത്യൻ ശാസ്ത്രജ്ഞൻ ദേശീയ അന്തർദേശീയ തലത്തിൽ കന്നു കാലി പ്രജനന രംഗത്തെ മുഖ്യ ഉപദേഷ്ടാവും കേരള കന്നുകാലി വികസന ബോർഡ് മുൻ മാനേജിംഗ് ഡയറക്ടറുമാണ്.



*2023ലെ ദേശീയ സിവിൽ സർവീസ് സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പിലും 19 മത് ദേശീയ നീന്തൽ മത്സരത്തിലും അംഗീകാരം ലഭിച്ച ഡോ. കീർത്തി എ ജെ  വെറ്ററിനറി സർജൻ ഡിസ്പെൻസറി ആനാട് തിരുവനന്തപുരം*

## കേരളാ സർക്കാർ
## മൃഗസംരക്ഷണ വകുപ്പ്
## മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ

1. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   കുടപ്പനക്കുന്ന്, തിരുവനന്തപുരം
   ഫോൺ: 0471 2732918
2. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   കൊട്ടിയം, കൊല്ലം
   ഫോൺ: 0474 2537300
3. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   തലയോലപ്പറമ്പ്, കോട്ടയം
   ഫോൺ: 0482 9234323
4. സെൻട്രൽ ഹാച്ചറി
   ചെങ്ങന്നൂർ, ആലപ്പുഴ
   ഫോൺ: 0479 2452277/ 2457778
5. ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
   മഞ്ചാടി, തിരുവല്ല
   ഫോൺ: 0469 2965535
6. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   ആലുവ, എറണാകുളം
   ഫോൺ: 0484 2631355
7. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   വാഗമൺ, ഇടുക്കി
   ഫോൺ: 04869 2960528
8. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   മലമ്പുഴ
   പാലക്കാട്
   ഫോൺ: 0491 2815454
9. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
   മുണ്ടയാട്, കണ്ണൂർ
   ഫോൺ: 0497 2763473
10. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
    സുൽത്താൻബത്തേരി
    വയനാട്
    ഫോൺ: 0493 6220399
11. മൃഗസംരക്ഷണ പരിശീലന കേന്ദ്രം
    ആതവനാട്
    മലപ്പുറം
    ഫോൺ: 0494 2962296

# കർഷകരുടെ സംശയങ്ങൾക്കും അടിയന്തിര സാഹചര്യങ്ങളിലെ സേവനങ്ങൾക്കുമായി

## 1962 എന്ന ടോൾ ഫ്രീ നമ്പർ വിളിക്കുക



Jeevajalakam is Printed and published by Dr. A. Kowsigan, owned by Department of Animal Husbandry
and Printed at C-apt Vattiyoorkavu, Kerala
Published at Livestock Management Training Centre, Kudappanakunnu, Thiruvananthapuram - 695 043
Editor Dr. Rayne Joseph